# സത്യദൂതൻ

2016 ജൂലൈ | ലക്കം 7

വില ₹ 30




## യോനാ പ്രവാചകനും വലിയ മത്സ്യവും

## ബ്രെക്സിറ്റ്: ആശങ്ക ഉയർത്തുന്ന അടിയൊഴുക്കുകൾ

# പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു.



























പ്രസിദ്ധീകരണ വിഭാഗം, അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത്, ജി.എച്ച്.റോഡ്, കോഴിക്കോട്



The Sathyadoothan Monthly


لا اله الا الله محمد رسول الله

# സത്യദൂതൻ

2016 ജൂലൈ
ഹി.ശ.1396 - വഫാ
1437 റംസാൻ - ശവ്വാൽ
പുസ്തകം 88 ലക്കം 7
വില 30 രൂപ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം



**5** എഡിറ്റോറിയൽ

**6** യുഗശബ്ദം



**7**
ഖുത്ബ
**ശാശ്വത ജീവിതപരിശുദ്ധിയാണ് വ്രതലക്ഷ്യം**
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..)
അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽമസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു...) 2016 മെയ് 10ന് ബൈത്തുൽ ഫുതൂഹ് ലനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം

**11**
**വിചിത്രമായ ഒരു സ്വപ്നവും അത്ഭുതകരമായ വ്യാഖ്യാന പൂർത്തിയും**
ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്)

**13**
**യോനാ പ്രവാചകനും വലിയ മത്സ്യവും**
ഫസൽ അഹ്മദ്

**19**
**കവിത - മഹച്ഛക്തി**
എച്ച്.എസ്. കാവശ്ശേരി



**20**
**ആത്മാവും ശരീരവും**
ബശീർ അഹ്മദ് ഓർച്ചാർഡ്

**25**
**ഖുത്ബാ ഇൽഹാമിയ്യ**
എൻ. അബ്ദുർറഹീം

**28**
**ആമിന്റെ ഏദൻ തോട്ടം**
മുഹമ്മദ് നജീബ് ഖാൻ വാഴക്കാല

**33**
**നമസ്ക്കാരത്തിന്റെ ശാരീരിക നേട്ടങ്ങൾ**
സക്കരിയാ വിർക്ക്. യു. എസ്സ്

**34**
**അമേരിക്കയിലെ നേഷൻ ഓഫ് ഇസ്‌ലാം**
ഫരീദ് അഹ്മദ്

**39**
കുറിപ്പുകൾ
**സ്പോർട്സ് ഇതിഹാസം മുഹമ്മദലി ക്ലേ**
**ബ്രെക്സിറ്റ്: ആശങ്ക ഉയർത്തുന്ന അടിയൊഴുക്കുകൾ**
മുസാഫിർ



**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി-682018
email-sathyadoothan1@gmail.com

ചീഫ് എഡിറ്റർ
**സുൽത്താൻ നസീർ**
**ഫോൺ:** 9544274240

എഡിറ്റർ
**എ. എം. മുഹമ്മദ് സലീം**
**ഫോൺ:** 8907182933
Email-salimqld@gmail.com

മാനേജർ
**എച്ച്. അഹ്മദ് ഷാഫി**
**ഫോൺ:** 8089574250




Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Mubarak Ahmed

## വിശുദ്ധ ഖുർആനിൽ നിന്ന്

അവരിൽ നിന്ന് പല വിഭാഗക്കാർക്കും നാം ഐഹിക ജീവിതത്തിന്റെ അലങ്കാരങ്ങൾ നൽകി സുഖസൗകര്യങ്ങൾ അനുഭവപ്പെടുത്തിക്കൊടുത്തതിന് നേരെ നീ കണ്ണുകളുയർത്തരുത്.(20:131) ഏതൊന്ന് കൊണ്ട് അല്ലാഹു നിങ്ങളിൽ ചിലരെ മറ്റു ചിലരേക്കാൾ ശ്രേഷ്ഠരാക്കിയിരിക്കുന്നുവോ അത് നിങ്ങൾ കൊതിക്കരുത് (4:33)





## നബിവചനം

അബുദർദാഅ് (റ)ൽ നിന്ന് നിവേദനം: റസൂൽ തിരുമേനി (സ) ഇങ്ങനെ പറയുന്നത് ഞാൻ കേട്ടു: നിങ്ങൾ എന്നെ ദുർബലരുടെയും ദരിദ്രരുടെയും ഇടയിൽ അന്വേഷിക്കുക. തീർച്ചയായും നിങ്ങൾക്ക് ഭക്ഷണം നൽകപ്പെടുന്നതും നിങ്ങൾക്ക് സഹായം നൽകപ്പെടുന്നതും നിങ്ങളുടെ ഇടയിലുള്ള ബലഹീനർ നിമിത്തമാണ്. (തിർമിദി)

## വാഗ്ദത്ത മസീഹിന്റെ വചനം

സുകൃതവാന്മാരായ ദാസരെയല്ലാതെ അല്ലാഹു ആരെയും ഗണ്യമാക്കാറില്ല. നിങ്ങൾ പരസ്പരം സൗഭ്രാത്രവും സ്നേഹവും പുലർത്തുവീൻ. എല്ലാതരത്തിലുള്ള കളിയാക്കലുകളിൽ നിന്നും പരിഹാസോക്തികളിൽ നിന്നും നിങ്ങൾ പൂർണമായും അകന്നുകൊള്ളുവീൻ. പരിഹാസം മനുഷ്യന്റെ ഹൃദയത്തെ സത്യത്തിൽ നിന്ന് അകറ്റിക്കളയുകയും എങ്ങോ കൊണ്ടെത്തിക്കുകയും ചെയ്യും. നിങ്ങൾ പരസ്പരം ആദരവോടെ പെരുമാറുവിൻ. ഒരോരുത്തരും തന്റെ സുഖാശ്വാസത്തേക്കാൾ തന്റെ സഹോദരന്റെ സുഖാശ്വാസത്തെ മുന്തിക്കട്ടെ. അല്ലാഹുവുമായി സത്യസന്ധമായ സന്ധിയുണ്ടാക്കുക. അവന്റെ അനുസരണത്തിലേക്ക് മടങ്ങു വിൻ. അല്ലാഹുവിന്റെ ക്രോധം ഭൂമിയിൽ ഇറങ്ങിക്കൊണ്ടിരിക്കുന്നു. പൂർണ നിലയിൽ തന്റെ കുറ്റങ്ങളിൽ നിന്ന് പശ്ചാത്തപിച്ചു അവന്റെ സവിധത്തിൽ ഹാജരാവുന്നവൻ മാത്രമേ അതിൽ നിന്ന് രക്ഷപ്പെടുകയുള്ളൂ. (മൽഫൂസാത്ത്)



എഡിറ്റോറിയൽ

# ഈദുൽ ഫിത്വ്ർ കാരുണ്യത്തിന്റെ സുദിനം

വാനപ്പരപ്പിൽ ശവ്വാൽ ചന്ദ്രക്കലയുടെ അടയാളവുമായി ഈദുഫിത്വ്ർ സമാഗതമായി. ഒരു മാസത്തെ വിശുദ്ധി വിശ്വാസികളുടെ ആത്മാവിലും ശരീരത്തിലും സൃഷ്ടിച്ച് ആത്മീയ തേജസ്സിന്റെ ആഘോഷമാണ് ഈദുൽഫിത്വ്ർ.

സ്രഷ്ടാവായ ദൈവത്തിന്റെ ഏകത്വവും ഔന്നത്യവും ആവർത്തിച്ചുകൊണ്ട് തക്ബീർ ധ്വനികളോടെ ആരംഭിക്കുന്ന ഈദു സുദിനം മതപരമായ ആഘോഷങ്ങളുടെ ഉത്തമ മാതൃകയാണ്. സന്തോഷത്തിന്റേയും ആഹ്ലാദത്തിന്റേയും ആ ദിനത്തിൽ ഒരു മനുഷ്യനും പട്ടിണിക്കാരനോ ദാരിദ്ര്യത്താൽ ദുഃഖിതനോ ആയിരിക്കാൻ പാടുള്ളതല്ല. റമദാനിൽ വിശപ്പിന്റെ വേദനയും പാരവശ്യവും അനുഭവിച്ചറിഞ്ഞ വിശ്വാസികളോട് പാവങ്ങൾക്ക് വേണ്ടി ഫിത്വ്ർ സക്കാത്ത് എന്ന നിർബന്ധ ദാനം നൽകാൻ ഇസ്ലാം നിഷ്ക്കർഷിച്ചത് അത് കൊണ്ടാണ്. ഇസ്ലാമിലെ നിർബന്ധ ദാനമായ സക്കാത്ത് വിതരണത്തിന് വിശുദ്ധ റമദാനെയാണ് വിശ്വാസികൾ തിരഞ്ഞെടുത്തിരിക്കുന്നത് കൂടാതെ നോമ്പെടുക്കാൻ കഴിയാത്തവർ പ്രായശ്ചിത്തമായി ഫിദിയ നൽകാനും മറ്റു ദാനധർമങ്ങൾ നിർവഹിക്കാനും ഇസ്ലാം ആഹ്വാനം ചെയ്യുന്നു. റമദാന്റെ അവസാനനാളുകളിൽ പ്രചണ്ഡ മാരുതനെപോലെ കാരുണ്യവാന്മാരിൽ കാരുണ്യവാനായ റസൂൽ തിരുമേനി(സ) ഉദാരനാവുമായിരുന്നു. പരിശുദ്ധ ഇസ്ലാമിന്റെ സഹജമായ മനുഷ്യ സ്നേഹത്തിന്റെ സന്ദേശം ഇദുൽ ഫിത്വ്റിനെ കാരുണ്യത്തിന്റെ ഒരു മഹാസുദിനമാക്കി മാറ്റുന്നു.

ആഘോഷ വേളകളിൽ മതിമറന്നുല്ലസിക്കുക എന്നത് മനുഷ്യന്റെ ദൗർബല്യമാണ്. വിവേചന ബോധത്തോടെയുള്ള വിനോദ പ്രദമായ ആസ്വാദനങ്ങളും സന്തോഷങ്ങളെയും ഇസ്ലാം അംഗീകരിക്കുന്നു. പക്ഷേ നന്മയും സൽപ്രവർത്തിയും ചെയ്യുമ്പോൾ മനുഷ്യാത്മാവ് അനുഭവിക്കുന്ന സന്തോഷവും സംതൃപ്തിയുമാണ് ഇസ്ലാം ആത്മാർഥമായും കാംക്ഷിക്കുന്നത്. റസൂൽ തിരുമേനി(സ) മദീനയിൽ ആഗതനായപ്പോൾ വിനോദത്തിനും ഉല്ലാസത്തിനും രണ്ട് ദിവസം മാറ്റിവെച്ച് മദീനാ നിവാസികൾ ഉത്സവമായി ആഘോഷിച്ചിരുന്നു. അവിടുന്ന് അവരോട് അരുളി: ***നിങ്ങളുടെ ഈ രണ്ട് ദിവസങ്ങൾക്ക് പകരം അല്ലാഹു നിങ്ങൾക്ക് മറ്റു രണ്ട് ദിവസം നിശ്ചയിച്ചു തന്നിരിക്കുന്നു. ഈദുൽ ഫിത്വ്ർ ദിനവും ഈദുൽ അദ്ഹാ ദിനവും (അബൂദാവൂദ്)***

മനുഷ്യന്റെ ആഘോഷങ്ങൾക്ക് ആത്മീയ ചൈതന്യം പകർന്ന്കൊണ്ട് വീണ്ടും വന്നെത്തുന്ന ഈദുൽ ഫിത്വ്ർ സുദിനത്തിൽ

***വായനക്കാർക്ക് സത്യദൂതന്റെ ഈദ് ആശംസകൾ***



ഹദ്റത്ത് അഹ്മദ് (അ)

# സകലതും ദുനിയാവ് തന്നെയെന്ന് കരുതരുത്.

ശ്രദ്ധിച്ചു കേൾക്കുക. നിങ്ങൾ അന്യസമുദായങ്ങളെ കണ്ട് അവർ ഭൗതികമായ പദ്ധതി കളിൽ അഭിവൃദ്ധിപ്പെട്ടിരിക്കുന്നുവെന്നും അതുകൊണ്ട് വരിക നമുക്കും അവരുടെ ചവിട്ടടി കളിലൂടെ നടക്കാമെന്നും ആശിച്ചുപോകരുത്. കേൾക്കുകയും മനസ്സിലാക്കുകയും ചെയ്യുവീൻ. നിങ്ങളെ തന്നിലേക്ക് വിളിക്കുന്ന ദൈവത്തിൽ നിന്നും അവർ അങ്ങേയറ്റം അപരിചിതരും അശ്രദ്ധരുമാണ്. അവരുടെ ദൈവം എന്ത് വസ്തുവാണ്? കേവലം ദുർബലനായ ഒരു മനുഷ്യൻ! ഇത്കൊണ്ട് അവർ അശ്രദ്ധയിൽ തള്ളപ്പെട്ടിരിക്കുന്നു. ഞാൻ നിങ്ങളെ ദുൻയാവിലെ സമ്പത്തിൽ നിന്നും തൊഴിലെടുക്കുന്നതിൽ നിന്നും തടയുന്നില്ല. എന്നാൽ നിങ്ങൾ സകലതും ദുനിയാവു തന്നെ എന്ന് കരുതുന്നവരുടെ അനുയായികളായി തീരരുത്. നിങ്ങൾ എല്ലാ ഒരോ പ്രവർത്തിയിലും അത് ഭൗതികമോ മതപരമോ ആയിക്കൊള്ളട്ടെ അല്ലാഹുവിനോട് കഴിവും കരുത്തും തേടികൊണ്ടിരിക്കേണ്ടതാണ്. എന്നാൽ വെറും വരണ്ടുണങ്ങിയ ചുണ്ടുകളാലല്ല മറിച്ച് എല്ലാ ഓരോ അനുഗ്രഹങ്ങളും ഉപരിലോകത്ത് നിന്ന് മാത്രമാണിറങ്ങുന്നതെന്ന യഥാർഥ വിശ്വാസം നിങ്ങൾക്കുണ്ടായിരിക്കേണ്ടതാണ്. ഒരോ പ്രവർത്തനവേളയിലും ഓരോ വിഷമ സന്ധിയിലും നിങ്ങൾ എന്തെങ്കിലും പ്രയത്നിക്കുന്നതിന് മുമ്പേ നിങ്ങൾ വാതിൽ അടക്കുകയും അല്ലാഹുവിന്റെ തിരുസന്നിധിയിൽ വീഴുകയും ഞങ്ങൾക്ക് ഈ പ്രയാസം നേരിട്ടിരിക്കുന്നു നിന്റെ അനുഗ്രഹം കൊണ്ട് അകറ്റിത്തരേണമേ എന്ന് അർഥിക്കുകയും ചെയ്യുന്നവരേപ്പോലെ ആകുമ്പോൾ മാത്രമെ നിങ്ങൾ സത്യാവാന്മാരാകുന്നുള്ളൂ. അപ്പോൾ പരിശുദ്ധാത്മാവ് നിങ്ങളെ സഹായിക്കുകയും അദൃശ്യത്തിൽ നിന്ന് എന്തെങ്കിലും വഴി നിങ്ങൾക്ക് തുറക്കുകയും ചെയ്യുന്നതായിരിക്കും. നിങ്ങളുടെ ജീവനോട് കരുണ കാണിക്കുക. അല്ലാഹുവുമായുള്ള ബന്ധം തികച്ചും വിഛേദിക്കുകയും പൂർണമായും ഭൗതികമായ വഴിയിൽ വീഴുകയും ശക്തി ചോദിച്ചു വാങ്ങുന്നതായി വായ കൊണ്ട് ഇൻശാ അല്ലാഹ് എന്ന് പോലും പറയാതിരിക്കുകയും ചെയ്യുന്നവരുടെ അനുയായികൾ ആകാതി രിക്കുക. ...... നിങ്ങൾ അവനോട് സഹായം ചോദിക്കാതിരിക്കുകയും പ്രവർത്തിക്കാനുള്ള ശക്തി അവനോട് ചോദിക്കുന്നത് ഒരു ശീലമാക്കാതിരിക്കുകയും ചെയ്യുകയാണെങ്കിൽ നിങ്ങൾക്കൊരു വിജയവും ലഭിക്കുകയില്ല. അവസാനം വലിയ നിരാശയോടെ മരിക്കുകയും ചെയ്യും.

ആത്മീയ കാര്യങ്ങളെ പറ്റി അറിവില്ലാത്ത മനുഷ്യാ! ഉണരുക, ഈ ജാലകം തുറന്നി ടുകയും ചെയ്യുക. അപ്പോൾ സൂര്യൻ തന്നത്താൻ നിന്റെയുള്ളിൽ പ്രവേശിക്കുന്നതാണ്. അല്ലാഹു ഇക്കാലത്ത് ഭൗതിക സമൃദ്ധിയുടെ വഴികൾ അടച്ചിടാതെ വർധിപ്പിച്ചുവെന്ന് വരുമ്പോൾ നിങ്ങൾക്കേറ്റവും ആവശ്യമായിട്ടുള്ള ആത്മീയ സമൃദ്ധികളുടെ വഴികൾ അടച്ചു കളഞ്ഞുവെന്ന് നിങ്ങൾ ധരിക്കുന്നുവോ? അങ്ങനെ ഒരിക്കലുമില്ല. പ്രത്യുത കൂടുതൽ തെളി മയാർന്ന രീതിയിൽ ആ വാതിൽ തുറക്കപ്പെടുകയാണ് ചെയ്തിട്ടുള്ളത്. ***(കശ്തിയെ നൂഹ്)***

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽമസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..) 2016 മെയ് 10ന് ബൈത്തുൽ ഫുതൂഹ് ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം.



# ശാശ്വത ജീവിതപരിശുദ്ധിയാണ് വ്രതലക്ഷ്യം

**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്** (അയ്യദഹു...)

**യാ അയ്യുഹല്ലദീന ആമനൂ കുതിബ അലയ്ക്കുമുസ്സ്വിയാമു കമാ കുതിബ അലല്ലദീന മിൻഖബ്‌ലിക്കും ലഅല്ലക്കും തത്ത ഖൂൻ**

വിശ്വാസികളേ! നിങ്ങൾക്ക് മുമ്പേയുള്ളവർക്ക് നിർബന്ധമാക്കപ്പെട്ടിരുന്നതുപോലെ നിങ്ങൾക്കും വ്രതാനുഷ്ഠാനം നിർബന്ധമാക്കപ്പെട്ടിരിക്കുന്നു; നിങ്ങൾ ദൈവഭക്തി അവലംബിക്കുന്നതിനുവേണ്ടി. (2:184)

അമീറുൽ മുഅ്മിനീൻ പറഞ്ഞു: നമ്മുടെ ഇഹലോകവും പരലോകവും പ്രകാശോന്മുഖമാക്കുന്നതിനുള്ള ഒരു കാര്യത്തിലേക്കാണ് അല്ലാഹു ഈ വചനത്തിൽ നമ്മുടെ ശ്രദ്ധ ക്ഷണിച്ചിരിക്കുന്നത്. ഈ വചനത്തിൽ ഇസ്‌ലാമിക പൂർവ മതങ്ങളിലും വ്രതം നിശ്ചയിക്കപ്പെട്ടിരുന്നു എന്നതിലല്ല നോമ്പിന്റെ പ്രാധാന്യം. പ്രത്യുത നിങ്ങൾ ദൈവഭക്തി അവലംബിക്കുകയും തിന്മകളിൽനിന്ന് രക്ഷപ്പെടുകയും ചെയ്യുക എന്നതിലാണ് പ്രാധാന്യമുള്ളത്. നബി (സ) പറഞ്ഞു: അല്ലാഹുവിന് നിങ്ങളുടെ വിശപ്പിന്റെ ആവശ്യമൊന്നുമില്ല. നോമ്പിന്റെ യഥാർഥമായ ലക്ഷ്യം നിങ്ങൾ ദൈവഭക്തിയിൽ അഭിവൃദ്ധിപ്പെടുകയെന്നതാണ്. ഒരു മാസം ആത്മസംസ്ക്കരണത്തിനായി സമാഗതമായിരുക്കുന്നു. ഇതിൽ നിങ്ങളുടെ തഖ്‌വയുടെ നിലവാരം ഉയർത്തുക. ഈ ദൈവഭക്തി നിങ്ങളുടെ നന്മകളുടെ നിലവാരവും ഉയർത്തുന്നതാണ്. ഇത് നിങ്ങളെ നന്മകളിൽ സ്ഥൈര്യമുള്ളവരാക്കുന്നതാണ്. അല്ലാഹുവിന്റെ സാമീപ്യവും പ്രദാനം ചെയ്യുന്നതാണ്. ഇപ്രകാരം തന്നെ ചെയ്തുപോയ പാപങ്ങളും മാപ്പാക്കപ്പെടുന്നതാണ്. നബി (സ)ഒരവസരത്തിൽ പറഞ്ഞു: ആരാണോ റമദാനിലെ നോമ്പ് തന്റെ ഈമാനിന്റെ അവസ്ഥയിലും ആത്മപരിശോധന നടത്തിക്കൊണ്ടും അനുഷ്ഠിക്കുന്നത് അവന്റെ കഴിഞ്ഞ പാപങ്ങളൊക്കെ മാപ്പാക്കപ്പെടുന്നതായിരിക്കും. അങ്ങനെ കഴിഞ്ഞ പാപങ്ങൾ മാപ്പാക്കപ്പെടുകയും അതിനുശേഷം തഖ്‌വാ അഥവാ ദൈവഭക്തി കൈക്കൊണ്ട് മനുഷ്യൻ അതിൽ നിലകൊള്ളുകയും ചെയ്യുമ്പോൾ അത്തരക്കാരൻ തീർച്ചയായും റമദാനിലൂടെ കടന്നുപോകുന്നതിന്റെ ഉദ്ദേശത്തിൽ വിജയം വരിക്കുന്നതാണ്. എന്നല്ല അവൻ തന്റെ ജീവിതോദ്ദേശ്യം പ്രാപിച്ചു. വിശുദ്ധഖുർആൻ വിവരിച്ചിട്ടുളള ദൈവഭക്തിയുടെ നേട്ടങ്ങളിൽ ഒരു നേട്ടം അല്ലാഹു തന്നെ ഇങ്ങനെ പറഞ്ഞിരിക്കുന്നു: **ഫത്തഖുല്ലാഹ യാ ഉലിൽ അൽബാബി ലഅല്ലക്കും തുഫ്‌ലിഹൂൻ** അല്ലയോ ബുദ്ധിമാന്മാരെ നിങ്ങൾ വിജയം വരിക്കുന്നതിന് ദൈവഭക്തി അവലംബിക്കുക. അങ്ങനെ ഉദ്ദേശ്യം സഫലമാകുന്നവരാകുക. വിജയം കരസ്ഥമാക്കാനാഗ്രഹിക്കാത്തവരാരുണ്ട്. ഭൗതികമായ വിജയങ്ങൾ ഇവിടെ കിടക്കാനുളളതാണ്. യഥാർഥ വിജയം എന്നത് ഈ ലോകത്തിന്റേയും പരലോകത്തിന്റേയും വിജയമാണ്. അല്ലാഹു പറഞ്ഞു: നിങ്ങളിൽ ബുദ്ധിയുണ്ടെങ്കിൽ കേട്ടുകൊള്ളുക, തഖ്‌വയിൽ നിലകൊള്ളുന്നതുകൊണ്ടു മാത്രമേ വിജയം ലഭിക്കുകയുള്ളൂ.

ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: തഖ്‌വ അഥവാ ദൈവഭക്തിയെന്നത് ചെറിയ

കര്യമല്ല. അതുമുഖേന മനുഷ്യന്റെ എല്ലാ ഓരോ ആന്തരിക ശക്തിയിലും കഴിവിലുംമേധാവിത്വം പുലർത്തുന്ന സകല ശയ്ത്വാന്മാരു മായുള്ള പോരാട്ടാണ്. ദോഷ പ്രവണമായ ആത്മാവിന്റെ അവസ്ഥയിൽ മനുഷ്യന്റെ ഉള്ളിൽ എല്ലാ ശക്തികളിലും ശയ്ത്വാൻ കുടികൊള്ളുന്നുണ്ട്. അദ്ദേഹം തുടരുന്നു: അറിവും ബുദ്ധിയും ചീത്തയായ നിലയിൽ ഉപയോഗി ക്കുകയാണെങ്കിൽ ശയ്ത്വാനായി ത്തീരും. മുത്തഖിയുടെ ജോലി അവയേയും അതുപോലെ തന്നെയുളള മറ്റു എല്ലാ കഴിവുകളേയും രൂപാന്തരപ്പെടു ത്തുകയാണ്. പിന്നീട് അവിടന്ന് പറയുന്നു: ദൈവഭക്തി അഥവാ തഖ്‌വയുടെ വിഷയം അതിസൂക്ഷ്മ മാണ്. അത് കരസ്ഥമാക്കുക. ദൈവത്തിന്റെ പ്രതാപം മനസ്സിൽ കുടിയിരുത്തുക. ഏതൊരുവന്റെ കർമങ്ങളിലാണോ അല്പം പോലും പ്രദർശനപരതയുള്ളത് അല്ലാഹു അവന്റെ കർമത്തെ അവന്റെ മുഖത്തേക്കുതന്നെ വലിച്ചെറി യുന്നതാണ്. മുത്തഖി-സൂക്ഷ്മ ജീവിതം നയിക്കുന്ന ദൈവഭക്തനാ കുക എന്നത് പ്രയാസമാണ്. ഉദാഹരണത്തിന് നീ പേന മോഷ്ടിച്ചു എന്ന് ആരെങ്കിലും പറഞ്ഞാൽ അവന്റെ നേരെ കോപിക്കുന്നതെന്തിനാണ്. നീ പ്രതി കരിക്കാതെ പിൻ മാറുന്നത് അല്ലാഹുവിനുവേണ്ടി മാത്രമാണ്. സത്യമാർഗത്തിലല്ലാത്തതു കൊണ്ടാണ് ആ കോപമുണ്ടായത്. യഥാർഥമായ നിലയിൽ മനുഷ്യനിൽ ഒരുപാട് മരണങ്ങൾ ഉണ്ടാകാത്തിടത്തോളം അവന് മുത്തഖിയാവാൻ കഴിയില്ല. അമാനു ഷിക പ്രവൃത്തികളും, വെളി പാടുകളും തഖ്‌വ അഥവാ ദൈവ ഭക്തിപോലെതന്നെയാണ്. യഥാർ ഥം തഖ്‌വയാണ്. അതുകൊണ്ട് നിങ്ങൾ വെളിപാടുകളുടേയും സ്വപ്നങ്ങളുടേയും പിന്നാലെ പോവാതിരിക്കുക. മറിച്ച് തഖ്‌വ സമ്പാദിക്കുന്നതിന്റെ പിന്തുടരുക. ആരാണോ മുത്തഖി അവന്റെ വെളിപാടുകളും ശരിയായിട്ടുള്ള താണ്. തഖ്‌വ ഇല്ലെങ്കിൽ വെളിപാടുകളും അംഗീകാരാർ ഹമാകുകയില്ല. അവയിൽ ശയ്ത്വാ ന്റെ ഓഹരി ഉണ്ടാകാവുന്നതാണ്. വിശുദ്ധ ഖുർആനിൽ തഖ്‌വയുടെ അതിസൂക്ഷ്മമായ വഴികൾ പഠിപ്പിക്കപ്പെട്ടിരിക്കുന്നു. സമ്പൂർണ മായ നബിയുടെ സമ്പൂർണത ഉമ്മത്തിനെ ആഗ്രഹിക്കുന്നു. കാരണം നബി(സ) ഖാത്തമുന്ന ബിയ്യീൻ ആയിരുന്നു. അതുകൊണ്ട് നബിതിരുമേനി(സ)യുടെ മേൽ നുബുവ്വത്തിന്റെ എല്ലാ പരിപൂർണ തകളും അവസാനിച്ചു. ആരാണോ അല്ലാഹുവിനെ തൃപ്തിപ്പെടുത്താ നാഗ്രഹിക്കുന്നത്, ദിവ്യാത്ഭുതങ്ങൾ കാണാനാഗ്രഹിക്കുന്നത്, മനുഷ്യ കരങ്ങൾക്ക് അതീതമായിട്ടുള്ള അത്ഭുതപ്രവർത്തികൾ ആഗ്രഹി ക്കുന്നത് അവൻ തന്റെ ജീവിത ത്തിലും അത്ഭുതകരമായ ശീല മുണ്ടാക്കേണ്ടതാണ്. അതുകൊണ്ട് ഈ വിപ്ലവം നമ്മൾ കൊണ്ടു വരേണ്ടത് നിർബന്ധമാകുന്നു. നബി (സ)നെ വിശ്വസിക്കുന്നവരും അവിടത്തെ ഉമ്മത്തിൽപ്പെട്ടവരുമാ കുമ്പോൾ ആ ദിവ്യാത്മാവിന്റെ ജീവിത മാതൃക നമുക്കുള്ളതാണ്. അതിനുവേണ്ടി ചെയ്യേണ്ടത് അല്ലാഹുമായിട്ടുള്ള ബന്ധം വർധിപ്പിക്കുകയും യഥാർഥമായ ദൈവഭക്തി ഉണ്ടാക്കുകയുമാണ്.

എല്ലാ ഓരോ നന്മയുടേയും വേര് തഖ്‌വയാണ്. അവിടന്ന് പറഞ്ഞു: തഖ്‌വ കൈക്കൊള്ളുക. തഖ്‌വ എല്ലാ കാര്യങ്ങളുടേയും വേരാകുന്നു. തഖ്‌വ എന്നതിന്റെ അർഥം അതിസൂക്ഷ്മമായ പാപ ങ്ങളുടെ സൂക്ഷ്മ തന്തുക്കളിൽ നിന്ന് പോലും രക്ഷപ്പെടുക യെന്നതാണ്. ഏതുകാര്യത്തി ലാണോ തിന്മയുണ്ടാകാം എന്ന സന്ദേഹമുണ്ടാകുന്നത് അതിൽ നിന്ന് പിന്മാറുകയാണ്. അല്ലാതെ പ്രത്യക്ഷമായ ബാഹ്യമായ തിന്മ യിൽ നിന്നും മാത്രമുള്ള മോചനമല്ല. എന്തെങ്കിലും തിന്മയു ണ്ടാകാം എന്ന സംശയമുണ്ടെ ങ്കിലും അതിൽ നിന്ന് രക്ഷപ്പെടുക. മനസ്സിന്റെ നദിയിൽ നിന്നും ചെറിയ ചെറിയ അരുവികളും നിർഗളി ക്കാറുണ്ട്. ഉദാഹരണത്തിന് നാവിൽ നിന്നും പുറപ്പെടുന്ന വാക്കുകൾ. ആരുടെയെങ്കിലും നാവ് ദുഷിച്ചതാണെങ്കിൽ നോമ്പുപിടിച്ചിട്ടും കലഹങ്ങളിൽ നിന്നും അടിപിടികളിൽ നിന്നും ചീത്തപറയുന്നതിൽ നിന്നും പിന്മാറുന്നില്ലെങ്കിൽ അവന്റെ കൈകളിലൂടെ തെറ്റായ പ്രവൃത്തി യാണ് ഉണ്ടായികൊണ്ടിരിക്കുന്ന തെങ്കിൽ അവന്റെ മനസ്സ് ശരിയല്ല എന്ന മനസ്സിലാക്കിക്കൊള്ളുക. അവൻ തഖ്‌വയിൽ നിന്ന് അകന്നു കിടക്കുന്നവനാണ്. ദരിദ്രനേ പോലെയും അഗതിയേ പോലെയും സ്വയം ജിവിക്കേണ്ടതാണെന്ന് ഉണർത്തി ക്കൊണ്ട് അവിടന്ന് പറയുന്നു: ദൈവ ഭക്തർക്കുള്ള നിബന്ധന അവർ തങ്ങളുടെ ജീവിതം ദരിദ്രഭാവത്തിൽ കഴിച്ചുകൂട്ടുകയെന്നതാണ്. ഇത് തഖ്‌വയുടെ ഒരു ശാഖയാണ്. ഇതുമുഖേന അനുവദനീയ മല്ലാത്ത കോപത്തെ നമുക്ക് നേരിടേണ്ടതാണ്. അകാരണമായി ട്ടുള്ള ദ്വേഷങ്ങളെ നേരിടേണ്ടതാണ്. ദ്വേഷം എന്നത് ശരിയായ അവസരത്തിലും സന്ദർഭത്തിലും കണക്കനുസ്സരിച്ചുമാണെങ്കിൽ അനുവദനീയമാണ്. പക്ഷേ, അനുവദനീയമല്ലാത്ത കോപം, ചെറിയ ചെറിയ കാര്യങ്ങളിൽ

അല്ലാഹുവിന്റെ ഗ്രന്ഥത്തിൽ പറയപ്പെട്ടിട്ടുള്ള മുത്തഖി വിനയത്തോടും ദരിദ്രഭാവത്തോടും കൂടി നടക്കുന്നവനാണ്. അവൻ അഹങ്കാരത്തോടെ സംസാരിക്കുകയില്ല. ചെറിയ കുട്ടികൾ വലിയവരോടു സംസാരിക്കുന്നതു പോലെ യായിരിക്കും അവന്റെ സംസാരം.

അടിപിടി കൂടുക തുടങ്ങിയവയിൽനിന്ന് രക്ഷപ്പെടുക. വലിയ വലിയ ആരിഫുമാർക്കും സിദ്ധീഖുമാർക്കും അവസാനത്തെ കണ്ണി എന്നത് കോപത്തിൽ നിന്ന് രക്ഷപ്പെടുകയെന്നതാണ്. എന്റ ജമാഅത്തിൽപ്പെട്ടവർ പരസ്പരം ചെറിയവരും വലിയവരുമായി മനസ്സിലാക്കുന്നതിനെ, അല്ലെങ്കിൽ പരസ്പരം പൊങ്ങച്ചം കാണിക്കുന്നതിനെ, അല്ലെങ്കിൽ നിന്ദാദൃഷ്ടിയോടെ നോക്കുന്നതിനെ ഞാൻ ഇഷ്ടപ്പെടുന്നില്ല. വലിയവനാരെന്നും ചെറിയവനാരെന്നും അറിയുന്നവൻ അല്ലാഹുവാണ്. ഇത് ഒരു തരത്തിലുള്ള അപഹസിക്കലാണ്. ആരുടെ ഉള്ളിലാണോ അപഹാസമുള്ളത് അവൻ ഭയപ്പെടണം. ഈ അപഹാസം വിത്തുപോലെ വളരാനും അവന്റെ നാശത്തിന് കാരണമാകാനുമിടയുണ്ട്. ചില ആളുകളുണ്ട്, അവർ വലിയ ആളുകളുമായി കണ്ടുമുട്ടുമ്പോൾ വളരെ മാന്യതയോടെ പെരുമാറുന്നു, പക്ഷേ വലിയവൻ മിസ്കീനുമായി സംസാരിക്കുമ്പോൾ ആ മിസ്ക്കീന്റെ സ്ഥാനത്തുനിന്നു കേൾക്കേണ്ടതാണ്. അവനെ സന്തോഷിപ്പിക്കേണ്ടതാണ്, അവൻ പറയുന്ന കാര്യങ്ങൾ ആദരിക്കേണ്ടതാണ്. അവനു ദുഃഖമുണ്ടാകുന്ന വിധത്തിൽ ദ്വേഷമുണ്ടാകുന്ന ഒരു കാര്യവും നാവിൽ നിന്നുണ്ടാവരുത്.

മുത്തഖിയാരാണ്? ഈ കാര്യം വിശദീകരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: അല്ലാഹുവിന്റെ ഗ്രന്ഥത്തിൽ പറയപ്പെട്ടിട്ടുള്ള മുത്തഖി വിനയത്തോടും ദരിദ്രഭാവത്തോടും കൂടി നടക്കുന്നവനാണ്. അവൻ അഹങ്കാരത്തോടെ സംസാരിക്കുകയില്ല. ചെറിയ കുട്ടികൾ വലിയവരോടു സംസാരിക്കുന്നതുപോലെയായിരിക്കും അവന്റെ സംസാരം. നമ്മൾ എല്ലാ അവസ്ഥയിലും നമുക്ക് വിജയമുണ്ടാകുന്ന കാര്യങ്ങളാണ് ചെയ്യേണ്ടത്. അല്ലാഹു ഏതെങ്കിലും രീതിയിലുള്ള പ്രതിഫലം പറ്റുന്നവനല്ല. അവൻ പ്രത്യേകമായ ദൈവഭക്തിയാണ് ആഗ്രഹിക്കുന്നത്. ആരാണോ ദൈവഭക്തി അവലംബിക്കുന്നത് അവൻ ഉന്നത സ്ഥാനത്തെത്തുന്നതാണ്. എങ്ങനെയാണ് സത്യമായ സൂക്ഷ്മബുദ്ധിയും സത്യമായ അറിവും കരസ്ഥമാക്കാൻ കഴിയുന്നത്? പറയുന്നു, സത്യമായ സൂക്ഷ്മബുദ്ധിയും സത്യമായ ബുദ്ധിസാമർത്ഥ്യം അല്ലെങ്കിൽ അറിവ് അല്ലാഹുവിലേക്ക് മടങ്ങാതെ ഒരിക്കലും ലഭിക്കുകയില്ല. അതുകൊണ്ടാണ് സത്യവിശ്വാസിയുടെ സൂക്ഷ്മബുദ്ധിയെതൊട്ട് ഭയപ്പെടുകയെന്ന് പറയപ്പെട്ടിരിക്കുന്നത്. കാരണം അവൻ ദൈവികമായ പ്രകാശം കൊണ്ടാണ് കാണുന്നത്. ദൈവഭക്തി ലഭിക്കാത്തിടത്തോളം ശരിയായ സൂക്ഷ്മബുദ്ധിയും യഥാർഥമായ അറിവും ഒരിക്കലും ലഭിക്കുകയില്ല. നിങ്ങൾ ജമാഅത്തിൽ പ്രവേശിച്ചിട്ടുണ്ടെങ്കിൽ, ഇസ്‌ലാമിന് സേവനം ചെയ്യണമെങ്കിൽ ആദ്യം സ്വയം തഖ്‌വയും പരിശുദ്ധിയും കൈവരിക്കുക. ഇസ്‌ലാമിക സേവനം കേവലം സംസാരം കൊണ്ട് നടക്കുകയില്ല. മറിച്ച് നമുക്ക് ദൈവഭക്തിയും പരിശുദ്ധിയും അവലംബമാക്കേണ്ടിവരും. അവിടന്ന് പറയുന്നു, ഇപ്പോൾ ഞാൻ വീണ്ടും പറയുകയാണ്; ആദ്യം പറഞ്ഞ ഉദ്ദേശ്യത്തിലേക്ക് മടങ്ങുകയാണ്. അതായത്, **സ്വാബിറു വ റാബിത്തൂ** എപ്രകാരം ശത്രു അതിർത്തിയിൽ നിന്ന് ഇങ്ങോട്ട് കടക്കാതിരിക്കാൻ അവനെതിരിൽ അതിർത്തിയിൽ കുതിര ഉണ്ടായിരിക്കേണ്ടത് നിർബന്ധമാണോ, അപ്രകാരം നിങ്ങളും തയ്യാറായിരിക്കുക. **സ്വാബിറു വ റാബിത്തൂ** എന്നതിനെ വിശദീകരിച്ചുകൊണ്ടു പറയുന്നു: രാജ്യാതിർത്തികളിൽ ശത്രുവിൽ നിന്ന് രക്ഷപ്പെടുന്നതിനുവേണ്ടി കുതിരകളെ കെട്ടുന്നു. ശത്രു നമ്മുടെ അതിരുകളിൽ കടക്കാതിരിക്കാൻ സൈന്യത്തെ നിറുത്തുന്നു. ഇപ്രകാരം ശത്രു അതിർത്തികൾ കടന്ന് ഇസ്‌ലാമിന് കഷ്ടതകൾ വരുത്താതിരിക്കാൻ നിങ്ങളും സൈന്യത്തെപോലെ തയ്യാറായിരിക്കുക. പറഞ്ഞു, ഞാനാദ്യവും വിശദീകരിച്ചു കഴിഞ്ഞിട്ടുള്ളതാണ്. നിങ്ങൾ ഇസ്‌ലാമിനെ സഹായിക്കാനും സേവനം ചെയ്യാനും ആഗ്രഹിക്കുന്നെങ്കിൽ ആദ്യം സ്വയം ദൈവഭക്തിയും പരിശുദ്ധിയും കൈക്കൊള്ളുക. ഇതുമുഖേന നിങ്ങൾ സ്വയം അല്ലാഹുവിന്റെ ശക്തമായ കോട്ടക്കുള്ളിൽ വന്നെത്തുന്നതാണ്. അല്ലാഹുവിന്റെ അഭയത്തിന്റെ കോട്ടയ്ക്കുളളിൽ കടക്കുന്നതാണ്. പിന്നീട് ആ സേവനം ചെയ്യാനുള്ള ഭാഗ്യവും അർഹതയും നിങ്ങൾ കരസ്ഥമാക്കുന്നതായിരിക്കും. പറഞ്ഞു, അല്ലാഹുവിന്റെ ഫള്ല് എപ്പോഴും ഭക്തരുടേയും നേർമാർഗികളുടേയും കൂടെയായിരിക്കും ഉണ്ടാകുക. നിങ്ങളുടെ സ്വഭാവങ്ങളും നടപടിക്രമങ്ങളും ഇസ്‌ലാമിന് കളങ്കം ചാർത്തുന്ന വിധത്തിൽ ആക്കാതിരിക്കുക. ദുഷ്ടന്മാരും ഇസ്‌ലാമികാധ്യാപനങ്ങൾ അനുസരിച്ച് പ്രവർത്തിക്കാത്തവരുമായ മുസ്‌ലിംകളിൽ നിന്ന് ഇസ്‌ലാമിന് കളങ്കമുണ്ടാകുന്നു. ചില മുസ്‌ലിംകൾ മദ്യപിക്കുന്നു, ചിലർ ഛർദിച്ചു നടക്കുന്നു, കഴുത്തിൽ തലേക്കെട്ടുണ്ടാകും, ഇടവഴികളിലും അഴുക്കുചാലുകളിലും വീണുകിടക്കുന്നു, പോലീസുകാരുടെ അടിയും ഇടിയും കിട്ടുന്നു. ഹിന്ദുക്കളും ക്രിസ്ത്യാനികളും അതുകണ്ട് ചിരിക്കുന്നു. അവന്റെ ശരീഅത്ത് വിരുദ്ധമായ പ്രവൃത്തി അവനെ മാത്രമല്ല പരിഹാസത്തിന് കാരണമാക്കുന്നത്. മറിച്ച് അതിന്റെ പിന്നിൽ അതിന്റെ സ്വാധീനം ഇസ്‌ലാമിന്റെ ആത്മാവിനാണേല്ക്കുന്നത്. അതുകൊണ്ട് നിങ്ങളുടെ നടപ്പും നടപടിക്രമങ്ങളും അവിശ്വാസികൾക്ക് നിങ്ങളുടെമേൽ-അത് യഥാർഥത്തിൽ ഇസ്‌ലാമിന്റെ മേലാണ്-വിമർശിക്കുന്നതിനുള്ള അവസരം

നല്കാതിരിക്കേണ്ടതാണ്.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: ദീൻ നശിക്കുകയും ഇസ്‌ലാമിന്റെ ശരിയായ അധ്യാപനങ്ങൾ ആരും പാലിക്കാതിരിക്കുകയും ചെയ്ത ഘട്ടത്തിലാണ് നാം ഹദ്റത്ത് മസീഹ് മൗഊദ്(അ)ൽ വിശ്വസിച്ചത്. ഇസ്‌ലാമിന്റെ ശരിയായ അധ്യാപനത്തിൽ നടക്കണമെങ്കിൽ നമ്മൾ മസീഹ് മൗഊദി(അ)നെ വിശ്വസിക്കണം. അതുകൊണ്ടാണ് നമ്മൾ വിശ്വസിച്ചത്. അതിനുശേഷം നമ്മൾ നമ്മുടെ തിന്മകൾ ഉപേക്ഷിച്ചിട്ടുണ്ടോ? കളവ് എന്നത് ബാഹ്യത്തിൽ നിസാരമായി തോന്നുന്ന ഒരു തിന്മയാണ്. പക്ഷേ അത് വളരെ വലുതാണ്. സംഭവങ്ങളുടെ നിലവാരത്തിൽ നമ്മൾ ഉരച്ചു നോക്കുകയാണെങ്കിൽ ബഹുഭൂരിഭാഗം ആളുകളും ഈ തിന്മയിൽ അകപ്പെട്ടവരാണ്. അതുകൊണ്ട് ബയ്അത്തും തഖ്‌വയും ആഗ്രഹിക്കുന്നത് നമ്മൾ ആ തിന്മയിൽ നിന്ന് രക്ഷപ്പെടണമെന്നാണ്. ഇവിടെ (പാശ്ചാത്യ നാടുകളിൽ) ധാരാളമാളുകൾ വന്നിരിക്കുന്നത് ദിനിന്റെ കാരണത്താലാണ്. സ്വന്തം നാട്ടിൽ അവരുടെ ദീനനുസരിച്ച് ജീവിക്കാൻ അനുവാദമില്ല. സ്വതന്ത്രമായി തങ്ങളുടെ ദീൻ പ്രകടിപ്പിക്കാൻ അനുവാദമില്ല. അതുകൊണ്ട് നമ്മൾ പ്രത്യേകിച്ചും പാശ്ചാത്യ രാജ്യങ്ങളിൽ കഴിയുന്നവർ ഒരുപാട് സൂക്ഷിക്കേണ്ടതാണ്. നമ്മുടെ ചെറുതായ ഒരു പ്രവൃത്തി പോലും ഇത് പ്രകടിപ്പിക്കുന്നതോ അല്ലെങ്കിൽ നമ്മുടെ നാവുകൊണ്ട് ഏതെങ്കിലും വാക്കുകൾ ഇത് കളവാണെന്ന് ധ്വനിപ്പിക്കുന്നതോ അല്ലെങ്കിൽ നമ്മൾ തെറ്റായ രീതിയിൽ ഫലമെടുക്കുന്നു എന്ന് തോന്നുന്നതോ ആകാതിരിക്കേണ്ടതാണ്. അതുകൊണ്ട് തഖ്‌വയുടെ നിലവാരം മുന്നിൽവെച്ചുകൊണ്ട് ഓരോരുത്തരും ആത്മപരിശോധന നടത്തേണ്ട ആവശ്യമുണ്ട്.

പിന്നീട് അല്ലാഹുവിനോടുള്ള ഭയത്തെ സംബന്ധിച്ച് അവിടന്നു പറയുന്നു: മനുഷ്യന്റെ വാക്കും പ്രവൃത്തിയും എത്രത്തോളം പരസ്പരം യോജിച്ചു വരുന്നുണ്ടെന്ന് നോക്കുന്നതിലാണ് അല്ലാഹുവിനോടുള്ള ഭയം. എന്താണ് സംസാരിക്കുന്നത്, എന്താണ് ചെയ്തുകൊണ്ടിരിക്കുന്നത്, അവ തമ്മിൽ പരസ്പരം യോജിക്കുന്നുണ്ടോ? ഒന്നു മറ്റൊന്നിനോടു ചേരുന്നുണ്ടോ? അതല്ല വിരുദ്ധമാണോ? പിന്നീട് അവന്റെ വാക്കും പ്രവൃത്തിയും തുല്യമല്ലെന്ന് കണ്ടാൽ അവൻ ദൈവകോപത്തിന് പാത്രമാണെന്ന് മനസ്സിലാക്കിക്കൊള്ളുക. വാക്ക് എത്രമാത്രം പരിശുദ്ധമാണെങ്കിലും അശുദ്ധമായിട്ടുള്ള ഹൃദയമാണെങ്കിൽ ആ ഹൃദയത്തിന് അല്ലാഹുവിന്റെ ദൃഷ്ടിയിൽ ഒരു വിലയുമില്ല. ഹൃദയം ചീത്തയാണെങ്കിൽ സ്വന്തം കർമം അതനുസരിച്ചല്ലെങ്കിൽ എത്ര നല്ല കാര്യങ്ങൾ പറഞ്ഞുകൊണ്ടിരുന്നാലും അല്ലാഹുവിന്റെ ദൃഷ്ടിയിൽ അതിനു ഒരു വിലയും ഇല്ല. എന്നല്ല ദൈവകോപം ജ്വലിക്കുന്നതാണ്. അല്ലാഹു എല്ലാവരേയും അതിൽ നിന്ന് രക്ഷിക്കുമാറാകട്ടെ. പറഞ്ഞു, അതുകൊണ്ട് എന്റെ ജമാഅത്ത് മനസ്സിലാക്കിക്കൊള്ളുക, അവർ എന്റെ അടുത്ത് വന്നിട്ടുള്ളത് ഒരു ബീജാവാപം ചെയ്യുന്നതിനാണ്. അതുമുഖേന അവർ വൻ വൃക്ഷമായി മാറണം. അതുകൊണ്ട് ഓരോരുത്തരും സ്വന്തമായി ചിന്തിക്കുക അവരുടെ ആന്തരിക അവസ്ഥ എങ്ങനെയാണെന്ന്, അവന്റെ ബാഹ്യ അവസ്ഥ എങ്ങനെയാണെന്ന്. നമ്മുടെ ജമാഅത്തും -ദൈവത്തിൽ ആഭയം-അവരുടെ നാവിൽ ഒന്നും ഹൃദയത്തിൽ മറ്റൊന്നുമാണെങ്കിൽ പര്യവസാനം നന്നായിരിക്കുകയില്ല. പിന്നീട് അവിടന്ന് പറയുന്നു: നമ്മുടെ ജമാത്തിനും പ്രത്യേകിച്ച് തഖ്‌വയുടെ ആവശ്യമുണ്ട്. പ്രത്യേകിച്ചും അവർ ഏതെല്ലാം തരത്തിലുള്ള പകകളിലും കുശുമ്പുകളിലും ബിംബാരാധനയിലും അകപ്പെട്ടിരുന്നുവോ, അവർ ആ അകപ്പെട്ടിരുന്ന എല്ലാ ആപത്തുകളിൽ നിന്നും രക്ഷപ്പെടാൻവേണ്ടി ദൈവനിയോഗിതനെന്ന് വാദിക്കുന്ന ഒരാളുമായി ബയ്അത്ത് ചെയ്ത് ജമാഅത്തിൽ ബന്ധം സ്ഥാപിക്കേണ്ടതാണ്. അവിടന്ന് പറയുന്നു, നിങ്ങൾക്കറിയാം ആരെങ്കിലും രോഗിയായാൽ ആ രോഗം എത്ര ചെറുതാണെങ്കിലും അല്ലെങ്കിൽ വലുതാണെങ്കിലും അതിനെ ശുശ്രൂഷിക്കുന്നില്ലെങ്കിൽ, ചികിത്സയ്ക്കായി വിഷമം സഹിക്കുന്നില്ലെങ്കിൽ രോഗം സുഖമാവുകയില്ല. ഒരു കറുത്ത പാട് മുഖത്ത് വന്ന് അതെങ്ങാനും വലുതായി മുഖം മുഴുവൻ കറുപ്പിച്ചു കളയുമോ എന്ന ആശങ്കയുണ്ടാക്കുന്നു. ഇപ്രകാരം പാപവും ഒരു കറുത്ത പെട്ടാണ്. ചെറിയ തീപൊരി ആളിക്കത്തുന്നതായി മാറും. ചെറിയ തീപൊരി ആ കറുത്ത പാടാണ്. അതുവലുതായി അവസാനം മുഖം മുഴുവനും കറുപ്പിച്ചു കളയും. ചെറിയ പാപങ്ങൾ തന്നെയാണ് വലിയ പാപങ്ങളായിത്തീരുന്നത്. പിന്നീട് മനുഷ്യനെ കറുപ്പിച്ചുകളയുന്നത്. അല്ലാഹുത്തആല നമുക്ക് റമദാനിന്റെ ഈ പ്രത്യേക ചുറ്റുപാടിൽ അല്ലാഹുവിന്റെ കല്പനകളനുസരിച്ച് തഖ്‌വ കൈക്കൊള്ളുവാൻ തൗഫീഖ് നല്കുമാറാകട്ടെ. നമ്മൾ എല്ലാ തരത്തിലുള്ള തിന്മകളിൽനിന്നും രക്ഷപ്പെടുന്നവരും അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിന് എല്ലാ കർമങ്ങളും വാർത്തെടുക്കുന്ന വരുമായ ജമാഅത്തംഗങ്ങളായിത്തീരട്ടെ. എല്ലാ നന്മകളിലും നിന്നുകൊണ്ട്, നമ്മൾ ഉപേക്ഷിച്ചിട്ടുള്ള തിന്മകൾ അല്ലെങ്കിൽ ഉണ്ടായിട്ടുള്ള ചെറിയ തിന്മകൾ വീണ്ടും തിരിച്ചുവരാതിരിക്കത്തവണ്ണം പരിശുദ്ധരായി ഈ മാസത്തിൽ നിന്ന് പുറത്ത് വരാൻ അല്ലാഹു നമുക്ക് തൗഫീഖ് നല്കുമാറാകട്ടെ. ●

*വിവ: മുഹമ്മദ് ഇസ്മായീൽ*

# വിചിത്രമായ ഒരു സ്വപ്നവും അത്ഭുതകരമായ വ്യാഖ്യാന പൂർത്തിയും

ഈജിപ്തിലെ രാജാവ് വിചിത്രമായ ഒരു സ്വപ്നം കണ്ടു. ജയിലിൽ ബന്ധനസ്ഥനായ യൂസുഫ് നബി (അ) രാജാവിനെ അസ്വസ്ഥനാക്കിയ ഈ വിചിത്ര സ്വപ്നം കുരുക്കഴിച്ച് വ്യാഖ്യാനിക്കുകയുണ്ടായി. അത്ഭുതകരമായ കണിശതയോടെ അത് പിന്നീട് പുലരുകയും ജനങ്ങൾ അത് അനുഭവിക്കുകയും ചെയ്തു. സുനിശ്ചിത സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന ഇത്തരം സ്വപ്നങ്ങൾ പലർക്കും ഉണ്ടാവുന്നു. അവയെല്ലാം സ്വപ്ന ദർശകന്റെ മാനസിക വിഭ്രമങ്ങളായി തള്ളാൻ പറ്റുമോ?

ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്)

ഈജിപ്തിലെ രാജാവ് ദർശിച്ചതും പിന്നീട് യുസുഫ് നബി(അ) വ്യാഖ്യാനിച്ചതുമായ സുപ്രസിദ്ധമായ ഒരു സ്വപ്നദർശനമാണ് നാം വിശദീകരിക്കാൻ വേണ്ടി തിരഞ്ഞെടുക്കുന്നത്. വിശുദ്ധ ഖുർആന്റെ വിവരണപ്രകാരം രാജാവ് കണ്ട ഈ സ്വപ്നം യൂസുഫ് നബി(അ) യോട് വിവരിക്കപ്പെടുകയുണ്ടായി. അദ്ദേഹമപ്പോൾ ഒരു വ്യജാരോപണത്തെത്തുടർന്ന് ജയിൽവാസമനുഭവിക്കുകയായിരുന്നു. രാജധാനിയിലെ മഹാജ്ഞാനികളെ കുഴക്കിയ ഒരു വിചിത്ര സ്വപ്നമായിരുന്നു അത്. പക്ഷേ ആ സ്വപ്നത്തിന്റെ ശരിയായ ആന്തരാർഥം ഗ്രഹിച്ച യൂസുഫിന്(അ) അത് ഒട്ടും പ്രയാസം സൃഷ്ടിച്ചില്ല. അദ്ദേഹത്തിന്റെ ജ്ഞാനപരവും സമർഥവുമായ സ്വപ്നവ്യാഖ്യാനം തുടർന്നു വന്ന വർഷങ്ങളിലെ സംഭവ പരമ്പരകൾ പൂർണമായും സത്യപ്പെടുത്തുന്നതായിരുന്നു. രാജാവ് തന്റെ സ്വപ്നത്തിൽ ഏഴ് ആരോഗ്യമുള്ള പച്ചക്കതിരുകളും ഏഴ് ഉണങ്ങിയ ധാന്യമണികളില്ലാത്ത കതിരുകളും കാണുന്നു. മാത്രമല്ല ഏഴ് മെലിഞ്ഞ പശുക്കൾ ഏഴ് തടിച്ച പശുക്കളെ വിഴുങ്ങുന്നതായും കണ്ടു.തന്റെ കൊട്ടാര സദസ്സിനോട് ഈ സ്വപ്നത്തിന്റെ വ്യാഖ്യാനം പറയുവാൻ രാജാവ് ആവശ്യപ്പെട്ടു. ഈ സ്വപ്നം യാതൊരു അർഥവുമില്ലാത്ത ഉപബോധമനസ്സിന്റെ പേക്കിനാവുകളാണെന്ന് പറഞ്ഞ് അവർ തള്ളി.

യൂസുഫ്(അ)ന്റെ കൂടെ കുറച്ചു നാൾ ജയിലിലുണ്ടായിരുന്ന ഒരു രാജസേവകൻ ഈ സന്ദർഭത്തിൽ രാജകൊട്ടാരത്തിലുണ്ടായിരുന്നു. അയാളും ഇതുപോലെ വിചിത്രമായൊരു സ്വപ്നം ജയിലിൽ വെച്ച് കണ്ടിരുന്നു. ആ സ്വപ്നത്തെ യൂസുഫ്(അ) ശരിയായി വ്യാഖ്യാനിക്കുകയുണ്ടായി. സ്വപ്ന ദർശകൻ ഉടൻതന്നെ ജയിൽ മോചിതനാകുമെന്നും വീണ്ടും തന്റെ യജമാനനായ രാജാവിന്റെ സേവകനാകുമെന്നും പറഞ്ഞിരുന്നു. രാജാവ് ഇപ്പോൾ കണ്ട ഈ സ്വപ്നത്തെ യൂസുഫ്(അ) ശരിയായ നിലയിൽ വ്യാഖ്യാനിക്കുമെന്ന പ്രതീക്ഷയിൽ അദ്ദേഹത്തെ കാണാൻ തന്നെ അനുവദിക്കണമെന്ന് രാജസേവകൻ രാജാവിനോട് അഭ്യർഥിച്ചു. രാജാവിന്റെ അനുമതി ലഭിച്ചപ്പോൾ അദ്ദേഹം യൂസുഫിനെ(അ) ജയിലിൽ ചെന്ന് സന്ദർശിച്ചു. രാജാവ് കണ്ട സ്വപ്നത്തെപ്പറ്റി പറഞ്ഞു. യൂസുഫ്(അ) ഉടൻ തന്നെ സ്വപ്നത്തിന്റെ അർഥം ഗ്രഹിക്കുകയും യാതൊരു സംശയവും അവശേഷിക്കാത്ത രീതിയിൽ അത് യുക്തിപരമായി വിവരിച്ചു കൊടുക്കുകയും ചെയ്തു.

രാജാവിന്റെയടുത്ത് മടങ്ങിച്ചെന്ന രാജസേവകൻ താഴെ പറയുന്ന വിധം യൂസുഫ്(അ)ന്റെ

സ്വപ്ന വ്യാഖ്യാനം കേൾപ്പിക്കുക യുണ്ടായി.

സ്വപ്നം കണ്ടത് മുതൽക്കുള്ള ഏഴ് വർഷക്കാലും ദൈവം തന്റെ അനുഗ്രഹം ഈജിപ്തിനു മേൽ മഴ യായി നൽകുകയും അതിന്റെ ഫല മായി ധാന്യങ്ങളും പഴങ്ങളും സമൃ ദ്ധമായി ഉണ്ടാവുകയും ചെയ്യും. ഏഴ് വർഷത്തെ സമൃദ്ധമായ കൊയ്ത്തിന് പിന്നാലെ വരൾച്ച യുടെ ഏഴ് വർഷം സമാഗത മാവുകയും വരൾച്ചയുടെ വർഷ ങ്ങളെ നേരിടാൻ സമൃദ്ധിയുടെ കാലഘട്ടത്തിലെ ധാന്യങ്ങൾ ശേഖ രിച്ചുവെച്ചില്ലെങ്കിൽ കടുത്ത ക്ഷാമം അനുഭവപ്പെടുന്നതായിരിക്കു മെന്നും പറഞ്ഞു.

ഈ സ്വപ്ന വ്യാഖ്യാനം രാജാ വിനെ അഗാധമായി സ്വാധീനിച്ചു. രാജാവ് ഉടൻ തന്നെ യൂസുഫ് നബി(അ)യെ മോചിപ്പിക്കാൻ ആജ്ഞ നൽകി. അദ്ദേഹത്തിനെതി രെയുണ്ടായിരുന്ന ദുരാരോപണ ത്തിന്റെ നിജസ്ഥിതിയറിയാൻ വേണ്ടി ന്യായമായ ഒരന്വേഷണം നടത്തുന്നത് വരെ യൂസുഫിനെ ജയിലിലടച്ചതായിരുന്നു. അദ്ദേഹ ത്തിനെതിരെയുള്ള ആരോപണം പിൻവലിക്കപ്പെട്ടു. അദ്ദേഹം പിന്നീട് ബഹുമാനിതനായിക്കൊണ്ട് കുറ്റവി മുക്തനാക്കപ്പെടുകയും യഥാർഥ കുറ്റവാളി പശ്ചാത്തപിക്കുകയും ചെയ്തു. അങ്ങനെ അദ്ദേഹം ജയിൽ വിമോചിതനായി. അദ്ദേഹം രാജാവിനാൽ അസാധാരണമാം വിധം ബഹുമാനിതനായി. രാജാവ് തന്റെ ഭരണസമിതിയിൽ അദ്ദേ ഹത്തെ ധനകാര്യ മന്ത്രിയായി നിയ മിക്കുകയും ചെയ്തു.

എല്ലാവരേയും അത്ഭുതപ്പെടു ത്തിക്കൊണ്ട് സ്വപ്നത്തിന്റെ വ്യാഖ്യാനം യൂസുഫ് നബി(അ) പറ ഞ്ഞത് പ്രകാരം കണിശമായും പുലർന്നു. അത് വലിയൊരു ദുരിത ത്തിൽ നിന്ന് ഈജിപ്തിലെ ജന തയെ മാത്രമല്ല രക്ഷിച്ചത്. നാടോടി കളായ ജനതകൾക്കും അയൽ പ്രദേശത്തെ ജനതകൾക്കും അത് ഗുണകരമായി തീർന്നു. അതേ സംഭവം തന്നെ യൂസുഫ് നബി (അ)ക്ക് നഷ്ടപ്പെട്ട തന്റെ കുടുംബ വുമായി വീണ്ടും കൂടിച്ചേരാനും സഹായകമായി.

ഇത് പോലെയുള്ള സ്വപ്ന ങ്ങളും തുടർന്നുള്ള അതിന്റെ പൂർത്തീകരണവും തികഞ്ഞ അസംബന്ധമെന്ന് പറഞ്ഞ് നമുക്ക് തള്ളുവാൻ കഴിയില്ല. പക്ഷേ, അത് വ്യാഖ്യാനിക്കാൻ യൂസുഫ് നബി (അ)വേണ്ടി വന്നു. ഈയൊരു സംഭവം മനുഷ്യനിൽ അന്തർലീന മായ ഈ മാനസിക സംവിധാനം ഒരു നിശ്ചിത ഉദ്ദേശ്യാർഥം ദൈവം എങ്ങനെ പ്രവർത്തിപ്പിക്കുന്നു എന്നതിന് മതിയായ ഉദാഹരണമാ ണ്. ഇങ്ങനെ അർത്ഥഗർഭിതമായ ഒരു സുനിശ്ചിത സന്ദേശം ദൈവ ത്താൽ നൽകപ്പെടുന്നു. അങ്ങനെ അദൃശ്യമായ മണ്ഡലത്തിൽ നിന്ന് ഒരു ഭാഗം ദൃശ്യ മണ്ഡലത്തിലേക്ക് മാറ്റപ്പെടുകയും ചെയ്യുന്നു. എന്താ യിരുന്നാലും നാം ചർച്ച ചെയ്തു കൊണ്ടിരിക്കുന്ന മനഃസംവിധാനം പൂർണമായും ദൈവത്താലോ അത ല്ലെങ്കിൽ പൂർണ്ണമായും ഉപബോധ മനസ്സിനാലോ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നില്ല എന്ന കാര്യം ഓർക്കേണ്ടതുണ്ട്.

മൂന്നാമത്തെ മറ്റൊരു സാധ്യത യിലേക്കും ഖുർആൻ വെളിച്ചം വീശുന്നു.

ആരുടെ മേലാണോ പിശാചു ക്കൾ ഇറങ്ങുന്നതെന്ന് ഞാൻ നിങ്ങൾക്ക് വിവരിച്ചു തരട്ടെയോ? പെരുങ്കള്ളം പറയുന്ന കൊടുംപാപി യായ എല്ലാ ഓരോരുത്തരുടേയും മേൽ (പിശാചുക്കൾ) ഇറങ്ങുന്നു. അവർ ചെവി കൊടുത്ത് കേൾക്കും. അവരിൽ അധികപേരും കള്ളം പറ യുന്നവരാണ്.

ഈ വചന പ്രകാരം വ്യാജ ന്മാർക്കും, കള്ളം പറയുന്നത് സ്വഭാ വമായി സ്വീകരിച്ചവർക്കും, അവ രുടെ പൈശാചികമായ സഹ ജാവബോധത്താലായിരിക്കാം ഈ മനഃസംവിധാനം പ്രവർത്തനക്ഷമ മാകുന്നത്. അവരുടെ വ്യാജത്വം വെളിപാടുകൾ എന്ന പോലെ അവ രേയും അവരെ പിന്തുടരുന്നവ രേയും വഴിതെറ്റിക്കുന്നു. ഇത് മൂന്നാ മത്തെ രീതിയിൽ പ്രവർത്തിക്കുന്ന മനഃസംവിധാനമാണ്. നിർണായക മായിട്ടുള്ള കാര്യം അത്തരം അനു ഭവങ്ങൾക്ക് വിധേയമാവുന്ന വ്യക്തിയുടെ സത്യസന്ധതയും വ്യാജത്വവുമാണ്. വ്യാജരായ വ്യക്തികൾക്ക് വ്യാജ വെളിപാടു കൾ ലഭിക്കുന്നു. അതുകൊണ്ട് അന്തിമ വിശകലനത്തിൽ വ്യാജവെ ളിപാടുകൾ അതിലടങ്ങിയിരിക്കുന്ന പൈശാചിക ഘടകങ്ങൾ കൊണ്ടും അത് നൽകുന്ന വ്യാജവാഗ്ദാന ങ്ങൾ കൊണ്ടും തിരിച്ചറിയപ്പെടുന്ന താണ്. ●


ഇത് പോലെയുള്ള സ്വപ്നങ്ങളും തുടർന്നുള്ള അതിന്റെ പൂർത്തീകരണവും തികഞ്ഞ അസംബന്ധ മെന്ന് പറഞ്ഞ് നമുക്ക് തള്ളുവാൻ കഴിയില്ല. പക്ഷേ, അത് വ്യാഖ്യാനിക്കാൻ യൂസുഫ് നബി (അ)വേണ്ടി വന്നു. ഈയൊരു സംഭവം മനുഷ്യനിൽ അന്തർലീന മായ ഈ മാനസിക സംവിധാനം ഒരു നിശ്ചിത ഉദ്ദേ ശ്യാർഥം ദൈവം എങ്ങനെ പ്രവർത്തിപ്പിക്കുന്നു എന്ന തിന് മതിയായ ഉദാഹരണമാണ്.

www.alislam.org

# യോനാ പ്രവാചകനും വലിയ മത്സ്യവും

നീനവേയിൽ അയക്കപ്പെട്ട പ്രവാചകനാണ് യോനാ അഥവാ യൂനുസ് നബി(അ). ആസന്നമായ ശിക്ഷ താക്കീത് ചെയ്യപ്പെട്ട ഒരു വലിയ ജനതയായിരുന്നു നീനവേക്കാർ. യോന(അ) അവരുടെ പാപത്തിൽ നിന്നുള്ള മോചനത്തിനായി പ്രവർത്തിക്കുകയും അങ്ങനെ അവർ ശിക്ഷയിൽ നിന്ന് ഒഴിവാക്കപ്പെടുകയും ചെയ്തു. മതചരിത്രത്തിൽ അപൂർവമായ ഈ സംഭവം യോന(അ) യുടെ അർപ്പണ മനോഭാവത്തേയും ദൈവത്തിലുള്ള അചഞ്ചല വിശ്വാസത്തെയുമാണ് വെളിപ്പെടുത്തുന്നത്.

**ഫസൽ അഹ്മദ്**



യോനാ പ്രവാചകന്റെ(അ) കഥ ബൈബിൾ പഴയ നിയമത്തിലും വിശുദ്ധ ഖുർആനിലും വിവരിക്കുന്നു. വിശുദ്ധ ഖുർആനിൽ യൂനുസ് എന്നും ദുൽനൂൻ എന്നുമാണ് അദ്ദേഹത്തെ നാമകരണം ചെയ്തിരിക്കുന്നത്. ഹിബ്രുവിൽ അദ്ദേഹം യോന എന്നും ഗ്രീക്കിൽ ഈയോനാസ് എന്നുമാണ് വിശേഷിപ്പിക്കപ്പെട്ടിരിക്കുന്നത്. യഹൂദ പ്രവാചകനായ യോന(അ) ക്രി. മു. 8 ാം നൂറ്റാണ്ടിൽ യഹൂദ രാജാവായ യഹോറബിൻ രണ്ടാമന്റെ കാലത്താണ് ജീവിച്ചത്. കൊടുങ്കാറ്റിൽ പെട്ട് ജലയാനത്തിൽ നിന്ന് ബഹിഷ്കൃതനായ യോനാ പ്രവാചകനെ മത്സ്യം വിഴുങ്ങി അവസാനം രക്ഷപ്പെട്ട കഥ ലോകത്താകമാനമുള്ള ജനകോടികൾക്കറിയാം. എന്നാൽ യോന (അ)യുടെ ദൗത്യത്തെക്കുറിച്ചോ ആ കൊടുങ്കാറ്റിന്റെ പശ്ചാത്തലത്തെകുറിച്ചോ ആളുകൾ അത്ര ഓർക്കാറില്ല. വാസ്തവത്തിൽ യോനായുടെ ഈ കഥ ഒരു വ്യക്തിയുടെയും സമൂഹത്തിന്റെയും നിർവ്യാജമായ പശ്ചാത്താപത്തിന്റെ ഉദാത്തമായ ഒരു ചരിത്രമാണ്. ഒരു ദൈവിക പ്രവാചകന്റെ യഥാർത്ഥമായ പശ്ചാത്താപം വെളിപ്പെടുത്തുന്ന ഒരു ചരിത്രവുമാണ്.

നൂറ്റാണ്ടുകളായി ചരിത്രവും യഹുദരെ പറ്റിയുള്ള പ്രതിപാദനങ്ങളും അസീറിയൻ ജനതയുടെ കഥയും രണ്ട് സമൂഹങ്ങളുടെ വിവരണങ്ങളുമെല്ലാം യോനയുടെ കഥയുമായി കെട്ടു പിണഞ്ഞു നിൽക്കുന്നു. അബ്രഹാം(അ) യഥാർത്ഥത്തിൽ മെസപെട്ടോമിയക്കാരനാണ് (ഇന്നത്തെ ഇറാഖ്, ഇറാൻ, തുർക്കി എന്നിവ ഉൾപ്പെട്ട പ്രദേശമാണ് പുരാതന മെസപെട്ടോമിയ). പിന്നീട് ബഹുദൈവത്തെ ആരാധിച്ചിരുന്ന തന്റെ സമുദായത്തെ വിട്ട് അദ്ദേഹം പടിഞ്ഞാറോട്ടേക്ക് ഫലസ്തീനിലേക്കും പിന്നീട് അറേബ്യയിലേക്കും പോയി. അതിന് ശേഷം യോനാ(അ)യുടെ ജനനത്തിന് മുമ്പ് ഫലസ്തീനിലേയും മെസപെട്ടോമിയയും തമ്മിൽ സൈനികമായി പലപ്പോഴും ഏറ്റുമുട്ടൽ ഉണ്ടായിരുന്നു. കിഴക്ക് ഭാഗത്തുള്ള നീനവാ പട്ടണത്തിലെ പാപികളായ ജനതക്ക് മോചനം വാഗ്ദാനം ചെയ്തുകൊണ്ടാണ് യോന(അ) ആഗതനായത്. യോന(അ)ക്ക് ശേഷം നെബുക്കദ്നസർ യഹൂദരെ ആക്രമിച്ച് അടിമകളാക്കി അബ്രഹാമിന്റെ ജന്മനാട്ടിലേക്ക് തന്നെ അവർ വന്ന വഴിയേ മെസപെട്ടോമിയയിലെ വിദൂരദിക്കിൽ തന്നെ തിരിച്ചെത്തിച്ചു. ഈ ചരിത്ര സംഭവങ്ങളുടെ പശ്ചാത്തലം പരിശോധിക്കുന്നതിന് മുമ്പായി യഹൂദ മതത്തിലേയും ഇസ്ലാം മതത്തിലേയും വേദ പുസ്തകങ്ങൾ പരിശോധിക്കാം.

**ബൈബിൾ പഴയ നിയമം.**

യഹൂദന്മാരുടെ ബൈബിൾ പഴയ നിയമത്തിൽ അദ്ദേഹത്തിന്റെ ദൗത്യത്തിന്റെ തുടക്കവും യോനാ പ്രവാചകന്റെ പലായനവും

വിവരിക്കുന്നുണ്ട്.

***അമിത്തായിയുടെ പുത്രനായ യോനാക്ക് കർത്താവിന്റെ അരുളപ്പാടുണ്ടായി. എഴുന്നേൽക്കൂ: മഹാനഗരമായ നീനവയിൽ ചെന്ന് അതിന് എതിരായി പ്രസംഗിക്കൂ. കാരണം, അവരുടെ ദുഷ്ടത ഞാൻ അറിഞ്ഞിരിക്കുന്നു. പക്ഷേ യോനാ തീരുമാനിച്ചത് കർത്താവിന്റെ സന്നിധിയിൽ നിന്ന് തർശീശിലേക്ക് പലായനം ചെയ്യാനാണ്. അയാൾ യഫോയിൽ എത്തി. അവിടെ തർശീശിലേക്ക് പോകുന്ന ഒരു കപ്പൽ കണ്ടു. അയാൾ അവരോടൊപ്പം തർശീശിലേക്ക് പോകാൻ കപ്പൽ കൂലി കൊടുത്തു അതിൽ കയറി കർത്താവിന്റെ സന്നിധിയിൽ നിന്ന് അകന്ന് പോകാനായിരുന്നു അത്. (യോന: 1:3,2,3)***

പഴയ നിയമം യോന (അ) മത്സ്യത്തിന്റെ വയറ്റിൽ കിടന്ന കാലമടക്കം വിശദമായ വിവരമാണ് നൽകുന്നത്. മിക്കവാറും എല്ലാ തിരുവെഴുത്തുകളും യോനായുടെ ദൗത്യവും നീനവാ പട്ടണത്തിലെ ജനങ്ങളോടുള്ള അദ്ദേഹത്തിന്റെ ഉദ്ബോധനങ്ങളും പശ്ചാത്തപിക്കാനും ദൈവത്തിൽ നിന്ന് മോക്ഷം നേടാനുമുള്ള ആഹ്വാനങ്ങളും വിവരിക്കുന്നുണ്ട്.

***അമിതായിയുടെ മകനായ യോനാക്ക് യഹോവയുടെ അരുളപ്പാട് ഉണ്ടായതെന്തെന്നാൽ, നീ പുറപ്പെട്ട് മഹാ നഗരമായ നീനവയിലേക്ക് ചെന്ന് അതിന് വിരോധമായി പ്രസംഗിക്ക. അവരുടെ ദുഷ്ടത എന്റെ സന്നിധിയിൽ എത്തിയിരിക്കുന്നു. എന്നാൽ യോന യഹോവയുടെ സന്നിധിയിൽ നിന്നും തർശീശിലേക്ക് ഓടിപ്പോവാനാണ് തീരുമാനിച്ചത്. (യോന 1: 1,2,3)***

ജഫ്ഫായിൽ നിന്നും ടുണീസിലേക്ക് പോകുകയായിരുന്ന കപ്പലിലായിരുന്നു യോന കയറിയത്. അപ്പോൾ ഒരു വൻകൊടുങ്കാറ്റുണ്ടായി. ആശങ്കാകുലരായ കപ്പൽ യാത്രക്കാർ യോനയെ മനസ്സിലാമനസ്സോടെ കടലിലെറിഞ്ഞു.

***കർത്താവേ, ഇത് നീ നിന്റെ ഇഷ്ടമനുസരിച്ച് ചെയ്തതാണ്. അങ്ങനെ അവർ യോനായെ എടുത്ത് കടലിലെറിഞ്ഞു. കടൽ ശാന്തമായി. അപ്പോൾ ആ മനുഷ്യർ കർത്താവിനെ അത്യധികം ഭയപ്പെട്ടു. അവർ കർത്താവിന് ഒരു യാഗം കഴിക്കുകയും നേർച്ചകൾ നേരുകയും ചെയ്തു. യോനായെ വിഴുങ്ങാൻ ഒരു മഹാ മത്സ്യത്തെ കർത്താവ് നിയോഗിച്ചു. യോന മൂന്ന് രാവും മൂന്ന് പകലും ആ മത്സ്യത്തിന്റെ ഉദരത്തിൽ കഴിഞ്ഞു (യോന 1: 15,16)***

അങ്ങനെ യോന ആ വലിയ മത്സ്യത്തിന്റെ വയറ്റിൽ വെച്ച് ദൈവത്തോട് അകമഴിഞ്ഞു പ്രാർഥിക്കുന്നതാണ് കാണുന്നത്. അദ്ദേഹം തന്റെ വാഗ്ദാനം പാലിക്കുകയും നീനവേയിലേക്ക് തിരിച്ചു പോകുകയും ചെയ്തു.

***യോന എഴുന്നേറ്റ് കർത്താവിന്റെ അരുളപ്പാട് അനുസരിച്ച് നീനവേയിലേക്ക് പോയി. നീനവേ ഒരു വലിയ നഗരമായിരുന്നു. അതിർത്തിയോടതിർത്തി മൂന്ന് ദിവസത്തെ വഴി ദൂരമുണ്ടായിരുന്നു. നഗരത്തിൽ പ്രവേശിച്ചു യോനാ ഒരു ദിവസത്തെ വഴി സഞ്ചരിച്ചു. അയാൾ വിളിച്ചു പറഞ്ഞു: ഇനി നാൽപ്പത് ദിവസം മാത്രം, അപ്പോൾ നീനവേ നശിപ്പിക്കപ്പെടും. നീനവേ നിവാസികൾ ദൈവത്തിൽ വിശ്വസിച്ചു. അവർ ഒരു ഉപവാസം പ്രഖ്യാപിച്ചു. വലിപ്പ ചെറുപ്പ ഭേദമന്യേ അവർ ചാക്കുടുത്തു. നീനവേയിലെ രാജാവ് ഈ വാർത്തകളറിഞ്ഞ് തന്റെ സിംഹാസനത്തിൽ നിന്ന് എഴുന്നേറ്റ് രാജകീയ വസ്ത്രങ്ങൾ അഴിച്ച് വെച്ച് ചാക്കുടുത്ത് ചാരത്തിൽ ഇരുന്നു. (യോന 3:37)***

നീനവേയിലെ ജനങ്ങളെല്ലാം ധനികരും ദരിദ്രരും എന്തിനധികം അവരുടെ രാജാവ് പോലും പശ്ചാത്തപിക്കാൻ തീരുമാനിച്ചു.

***നീനവേയിലെ രാജാവ് ഈ വാർത്തകളറിഞ്ഞ് തന്റെ സിംഹാസനത്തിൽ നിന്ന് എഴുന്നേറ്റ് രാജകീയ വസ്ത്രങ്ങൾ അഴിച്ചു മാറ്റി ചാക്കുടുത്തു. ചാരത്തിലിരുന്നു.. അയാൾ നീനവയിലുടനീളം വിളംബരം പ്രസിദ്ധപ്പെടുത്തി. ............... മനുഷ്യനും മൃഗവും ചാക്കു വസ്ത്രങ്ങളണിഞ്ഞ് ദൈവത്തോട് ഉറക്കെ നിലവിളിക്കട്ടെ, അതെ ഓരോ വ്യക്തിയും ദുർമാർഗത്തിൽ നിന്ന് തന്റെ കയ്യിലുള്ള അക്രമണത്തിൽ നിന്നും പിന്തിരിയട്ടെ. ആർക്കറിയാം, ദൈവം തന്റെ മനസ്സു മാറ്റി തന്റെ ഉഗ്രകോപത്തിൽ നിന്നും പിന്തിരിഞ്ഞ് നമ്മെ നശിപ്പിക്കാതിരുന്നേക്കാം. (3: 8)***

ഒന്നാമതയി നീനവേയിലേക്ക് ഒരു പ്രവാചകനെ അയക്കാൻ കാരണമായ അവരുടെ തിന്മയിലേക്ക് ഇത് വിരൽ ചൂണ്ടുന്നു. അവരുടെ രാജാവ് ഓരോ വ്യക്തിയും ദുർമാർഗത്തിൽ നിന്ന് തന്റെ കയ്യിലുള്ള അക്രമണത്തിൽ നിന്നും പിന്തിരിയട്ടെ എന്ന് പറഞ്ഞതിൽ നിന്ന് അവർ താക്കീത് ചെയ്യപ്പെട്ട പ്രകാരം കുറ്റക്കാരാണെന്ന് വ്യക്തമാവുന്നു. നീനവേയിലെ ജനങ്ങൾ പണക്കാരനാകട്ടെ പാവപ്പെട്ടവനാകട്ടെ രാജാവ് പോലും പശ്ചാത്തപിക്കാൻ തീരുമാനിച്ചു.

നമുക്ക് ആ സംഭവം വിശുദ്ധ ഖുർആനിലെ വചനങ്ങളുമായി താരതമ്യം ചെയ്യാം.

## വിശുദ്ധ ഖുർആൻ

വിശുദ്ധ ഖുർആൻ പറയുന്നു:

***തീർച്ചയായും യൂനുസും ദൈവദൂതന്മാരിൽ പെട്ട ഒരാളാണ്. ഭാരം നിറഞ്ഞ ഒരു കപ്പലിലദ്ദേഹം ഓടിച്ചെന്നപ്പോഴത്തെ (സംഭവം ഓർക്കുക) അങ്ങനെ അദ്ദേഹം മറ്റു യാത്രക്കാരോടൊപ്പം നറുക്കിൽ പങ്കെടുത്തു. അപ്പോൾ അദ്ദേഹം തള്ളപ്പെട്ടവരിൽ പെട്ട ആളായി തീർന്നു. അങ്ങനെ അദ്ദേഹം സ്വയം കുറ്റപ്പെടുത്തികൊണ്ടിരിക്കുമ്പോൾ ആ വലിയ മത്സ്യം അദ്ദേഹത്തെ പിടിച്ചു വിഴുങ്ങി. അപ്പോൾ അദ്ദേഹം അല്ലാഹുവിന്റെ പരിശുദ്ധിയെ വാഴ്ത്തുന്ന***

***ഒരാളായിരുന്നില്ലെങ്കിൽ, മനുഷ്യൻ പുനരുത്ഥാനം ചെയ്യപ്പെടുന്ന നാൾ വരെ അതിന്റെ (മത്സ്യത്തിന്റെ വയറ്റിൽ അദ്ദേഹം താമസിക്കേണ്ടി വരുമായിരുന്നു. എന്നിട്ട് അദ്ദേഹം രോഗിയായ അവസ്ഥയിൽ അദ്ദേഹത്തെ നാം (കടൽ തീരത്തുള്ള) മരുഭൂമിയിൽ തള്ളിവിട്ടു. നാം അദ്ദേഹത്തിന്റെ മീതെയായി ഒരു ചുരങ്ങ വള്ളി മുളപ്പിച്ചു. നാം അദ്ദേഹത്തെ ഒരു ലക്ഷത്തിൽ പരം ആളുകളുടെ അടുത്തേക്ക് പ്രവാചകനായി നിയോഗിച്ചു. (37: 140148)***

ഖുർആൻ നീനവേയിലെ ജനങ്ങളുടെ പശ്ചാത്താപത്തെ ക്കുറിച്ച് ഊന്നി ഊന്നി പറയുന്നുണ്ട്.

***എന്നാൽ വിശ്വസിക്കുകയും തങ്ങളുടെ വിശ്വാസം അവർക്ക് പ്രയോജനപ്പെടുമാറ് യൂനുസിന്റെ ജനമൊഴികെ മറ്റൊരു നാട്ടുകാരും എന്തുകൊണ്ടുണ്ടായില്ല. അവർ വിശ്വസിച്ചപ്പോൾ ഐഹിക ജീവിതത്തിലെ അപമാനകരമായ ശിക്ഷ നാം അവരിൽ നിന്നും അകറ്റി. നിശ്ചിത കാലം വരെ നാം അവർക്ക് സുഖസൗകര്യം നൽകുകയും ചെയ്തു. (വിശുദ്ധ ഖുർആൻ 10:99)***

വിശുദ്ധ ഖുർആൻ യൂനുസ് അഥവാ ദുൽനൂനിനെ ബനു ഇസ്റായേൽക്കാരനായ പ്രവാചകനായാണ് കാണുന്നത്. അമിത്തയായുടെ മകനായ ബിന്യാമീൻ (ബെഞ്ചമിൻ) ഗോത്രക്കാരനായിട്ടാണ് ഗണിക്കുന്നത്. ബൈബിളിലുള്ളത് പോലെ വിശുദ്ധ ഖുർആൻ യൂനുസ് (അ) അദ്ദേഹത്തിന്റെ ദിവ്യദൗത്യം ഉപേക്ഷിച്ചു ദൈവത്തിൽ നിന്നും ഓടിപ്പോയി എന്ന് പറയുന്നില്ല. നീനവേയിലെ ജനങ്ങളെ ദൈവം ശിക്ഷിക്കാതെ ദൈവം അവർക്ക് പൊറുത്തു കൊടുത്തപ്പോൾ അദ്ദേഹം ആശങ്കാകുലനായി എന്നും ഖുർആൻ പറയുന്നില്ല. ഖുർആൻ യോനാ പ്രവാചകനെ മറ്റൊരു പശ്ചാത്തലത്തിലാണ് അവതരിവപ്പിക്കുന്നത്. ഖുർആനിൽ ആദ്യം യോന(അ) നീനവേയിൽ വന്നു എന്നാണ് പറയുന്നത്. പക്ഷേ നീനവക്കാർ അദ്ദേഹത്തിന്റെ സന്ദേശങ്ങളോട് അനുകൂലമായി പ്രതികരിക്കാത്തതിനാൽ അദ്ദേഹം അവിടെ നിന്നും പോയി. എങ്ങനെയെന്നാൽ കൊടുങ്കാറ്റിൽ നിന്നും ദൈവം അയച്ച വലിയ മത്സ്യം വിഴുങ്ങി അതിന്റെ വയറിലൂടെ അദ്ദേഹം രക്ഷിക്കപ്പെട്ടതിന് ശേഷം യോന (അ) ദൈവത്തോട് മാപ്പ് തേടുകയും അദ്ദേഹത്തിന്റെ ദൗത്യം പൂർത്തിയാക്കാൻ വീണ്ടും നീനവേയിൽ വരുകയുമാണുണ്ടയത്. ഈ സമയത്ത് അദ്ദേഹത്തിന്റെ പ്രബോധനങ്ങൾ വളരെ ഫലപ്രഥമായിരുന്നു. അങ്ങനെ ഒരു ലക്ഷമോ അതിലധികമോ ജനങ്ങൾ പശ്ചാത്തപിക്കുകയും ആസന്നമായ ശിക്ഷയിൽ നിന്നും അവർ രക്ഷപ്പെടുകയുമുണ്ടായി. സൂറ: അംബിയ്യായിൽ യൂനുസ് നബി (അ) മാപ്പ് ലഭിക്കാൻ ചെയ്ത പ്രാർഥനകളും പ്രാർഥനക്ക് ശേഷം അദ്ദേഹത്തിന് ലഭിച്ച ശാന്തിയും ഇപ്രകാരം വിശുദ്ധ ഖുർആൻ രേഖപ്പെടുത്തിയിരിക്കുന്നു:

***എന്നാൽ വിശ്വസിക്കുകയും അങ്ങനെ വിശ്വാസം അവർക്ക് പ്രയോജന പ്പെടുകയും ചെയ്യുമാറ് യൂനുസി ന്റെ ജനമൊഴികെ മറ്റൊരു നാട്ടുകാരും എന്തുകൊണ്ടുണ്ടായില്ല. അവർ വിശ്വസിച്ചപ്പോൾ ഐഹിക ജീവിതത്തിലെ അപമാനകരമായ ശിക്ഷ നാം അവരിൽ നിന്നും അകറ്റി ഒരു നിശ്ചിത കാലം വരെ നാം അവർക്ക് സുഖസൗകര്യം നൽകുകയും ചെയ്തു. (10:9)***

***ദുന്നൂനിനേയും സ്മരിക്കുക. അദ്ദേഹം കോപിഷ്ഠനായി പോയ അവസരത്തിൽ നാമദ്ദേഹത്തെ ബുദ്ധിമുട്ടിക്കുകയില്ലെന്ന് അദ്ദേഹം മനസ്സിൽ ഉറപ്പിച്ചു. പിന്നീട് അന്ധകാരങ്ങളിൽ വെച്ച് അദ്ദേഹം വിളിച്ചു പ്രാർഥിച്ചു. നീയെല്ലാതെ ഒരാരാധകനില്ല. തീർച്ചയായും ഞാൻ അധർമികളിൽ പെട്ടവനാകുന്നു. (21: 88)***

വിശുദ്ധ ഖുർആൻ യൂനുസ് നബി (അ)യെ വളരെ സാത്വികനായ പ്രവാചകനായിട്ടാണ് വിവരിക്കുന്നത്. തന്റെ ജനതയെ പശ്ചാത്തപിപ്പിക്കുന്നതിൽ വിജയിച്ച പ്രവാചകനായാണ് വിശേഷിപ്പിക്കുന്നത്. വിശുദ്ധ ഖുർആനിലെയും ബൈബിൾ പഴയ നിയമത്തിലെയും വിവരങ്ങൾ നാം സുക്ഷ്മമായി പരിശോധിക്കുകയാണെങ്കിൽ കുറെകൂടി വിവരങ്ങൾ നമുക്ക് ലഭിക്കുന്നതാണ്.

## യോന(അ)

അമിത്തായിയുടെ മകനായ യോനാ പ്രവാചകൻ (അ) ക്രി മു. 9,10 നൂറ്റാണ്ടുകളിൽ ജീവിച്ചിരുന്നയാളാണെന്നാണ് വിശ്വസിക്കപ്പെടുന്നത്. ബൈബിൾ 2 രാജാക്കന്മാർ 14:25 ൽ വിവരിച്ച നസറേത്തിന് വടക്കുള്ള ഗത്ത്ഹേഫൻ പട്ടണവാസിയായിരുന്നു യോനയുടെ പിതാവ് അമിത്തായി. യഹൂദരുടെ ചെറിയ പ്രവാചകന്മാരിൽ (Minor Prophets) അഞ്ചാമനാണ് യോന (അ).

ക്രി. മു 300 വരെ തിരക്കുള്ള തുറമുഖമായിരുന്ന ടുണീസിലേക്കായിരുന്നു ഫലസ്തീനിലെ ഗഫ്ഫ യിൽ നിന്നും യോന(അ) പോയത്. ആ വലിയ മത്സ്യം യോന(അ) യെ അശ്ദോദി (Ashdod) ന്റെ തീരത്ത് കൊണ്ട് വന്നിട്ടു. ഇന്നും അശ്ദോദിലെ ഒരു മലയെ ഹിബ്രുവിൽ ഗിവത്ത് യോന (Givat-Yonah) എന്നാണ് വിളിക്കുന്നത്. അറബിയിൽ അതിന്നർഥം നബി യൂനുസ് എന്നാണ്. അതിനാൽ ആ നാമം നീനവേയിലെ ജനങ്ങളുമായി ബന്ധപ്പെട്ടതാണെന്ന് വ്യക്തമാണ്.

യോന(അ) യുടെ അന്ത്യ വിശ്രമ സ്ഥലത്തെ സംബന്ധിച്ച് അവ്യക്തതകളുണ്ട്. ഫലസ്തീനികൾ പറയുന്നത് അദ്ദേഹത്തിന്റെ അന്ത്യവിശ്രമ സ്ഥാനം ഹെബ്രോണിന് അൽപ്പം വടക്കായി സ്ഥിതി ചെയ്യുന്ന ഹൽഹുൽ (Halhul) ആണെന്നാണ്. ലബനാനികൾ



Map of Ancient Near East

പറയുന്നത് അദ്ദേഹത്തിന്റെ ദൗത്യത്തിന്റെ രംഗഭൂമിയായ ഇറാഖിലെ മൊസൂളിനടുത്ത് സറാഫാന്തി (Sarafand) ലാണ് അദ്ദേഹത്തിന്റെ അന്ത്യ വിശ്രമ സ്ഥലം എന്നാണ്.

അദ്ദേഹം അയക്കപ്പെട്ട നീനവേ പട്ടണം എവിടെയാണെന്ന് നമുക്ക് നോക്കാം.

### നീനവേ

നീനവേ മെസപ്പൊട്ടോമിയയിലെ ടൈഗ്രീസ് നദിക്കരികെയുള്ള പുരാതന അസീറിയൻ പട്ടണമാണ്. (ആധുനിക ഇറാഖിലെ മൊസൂളി നരികെയാണിത്)

ആ കാലത്ത് പുരാതനമായ ഈ പട്ടണം വളരെ അഭിവൃദ്ധി പ്രാപിച്ചിരുന്നു. യാദൃച്ഛികമെന്ന് പറയട്ടെ നീനവേ എന്ന പേരിന്റെ അർഥവും മത്സ്യത്തിന്റെ സ്ഥലം എന്നാണ്. ആ നഗരം ക്രി. മു 5000 വർഷം വരെ പഴക്കമുള്ളതാണ്. (La Moine F. DeVries, *Cities of the Biblical World* (Peabody, MA: Hendrickson, 1997),

ആ നഗരം പഴയ കാലത്ത് തന്നെ വളരെ പുരോഗമിച്ച ഒരു രാജ്യമാണ്. ഖോഷർ നദിക്ക് (Khosr River) ഇരു വശങ്ങളിലുമായി രണ്ട് മണൽ കുന്നുകളുണ്ട്. വടക്ക് ഭാഗത്തുള്ള കുന്നിനെ കുയുഞ്ചിക്ക് (Kuyunjik) എന്നും തെക്ക് ഭാഗത്തുള്ള ചെറിയ മണൽ കുന്നിനെ തെൽ നബി യൂനുസ് (Tell Nebi Yunus) എന്നും വിളിക്കുന്നു. അതിന്നർഥം യൂനുസ് നബി യുടെ മണൽ കുന്ന് എന്നാണ്. ആ നഗരം ക്രി മു 700 മുതൽ 8 മൈലോളം കനത്ത പ്രതിരോധ മതിനിലിനാൽ ചുറ്റപ്പെട്ടു കിടക്കുന്ന ഒരു നഗരമാണ്. ആ മതിലിന് 16 മീറ്റർ നീളവും 15 മീറ്റർ വീതിയുമുണ്ട്. (LaMoine F. DeVries, *Cities of the Biblical World* (Peabody, MA: Hendrickson, 1997), 31.

നിമ്രൂദ്, കറാംലെസ് (Nimrud and Karamles) മുതലായ അയൽ പട്ടണങ്ങളുടെ മേലും നീനവേക്ക് സ്വാധീനമുണ്ടായിരുന്നു. കുയുഞ്ചിക്ക് (Kuyunjik) ഭിത്തിയുടെ നിർമ്മാണത്തിന്ന് നൂറ്റാണ്ടുകൾക്ക് മുമ്പ് തന്നെ ഇഷ്ത്താർ ആരാധനാലയം അവിടെ നിർമിക്കപ്പെടുകയുണ്ടായി. യൂനുസ് മണൽ കുന്ന് നീനവേ നഗരത്തിന് ഒരു രക്ഷാകവചമായിരുന്നു.

യോനാ (അ) യുടെ സന്ദർശനത്തിന് ശേഷം നീനവ നഗരത്തിന് വമ്പിച്ച പ്രാധാന്യം കൈവരികയും സെന്നചെരിബ് (Sennacherib) എന്ന അസീറിയൻ രാജാവ് ആ നഗരത്തെ തലസ്ഥാനമാക്കുകയും ചെയ്തു. (LaMoine F. DeVries, *Cities of the Biblical World* (Peabody, MA: Hendrickson, 1997), 31.

പിന്നീട് വൻ ഭിത്തിയും പ്രവേശന കവാടവുമടക്കം വലിയ തോതിലുള്ള നിർമാണ പ്രവർത്തനങ്ങൾ നടക്കുകയുണ്ടായി. കുയൂഞ്ചിക്കിൽ പുതിയ ഒരു കൊട്ടാരവും പൊതുജനങ്ങൾക്കായുള്ള പൂന്തോട്ടങ്ങളും നിർമിച്ചു. നഗരത്തിന്റെ കിഴക്ക് ഭാഗത്തുള്ള മലമുകളിൽ നിന്നും 30 മൈൽ നീളത്തിൽ ജലവാഹിനികളിലൂടെയുള്ള ജലസേചന സംവിധാനം ഏർപ്പെടുത്തി. ഇത് ജെറുസലെമിനെയും ജൂഡിയയേയും ആക്രമിക്കാൻ തക്കവണ്ണം നീനവേയെ പ്രബലപ്പെടുത്തി. വിദ്യക്കും വിവേകത്തിനുമായുള്ള ദേവതകൾക്ക് സെനെചേറിബ് രാജാവ് നാബുവിൽ ഒരു ക്ഷേത്രം പണിയുകയുമുണ്ടായി. (LaMoine F. DeVries, *Cities of the Biblical World* (Peabody, MA: Hendrickson, 1997,P.33). പിന്നീട് വടക്കൻ കുന്നിൽ അശൂർ ബാനിപാൽ (Ashurbanipal) ഒരു കൊട്ടാരവും ഒരു ഗ്രന്ഥാലയവും പണിയുകയുണ്ടായി. ഗ്രന്ഥാലയത്തിൽ നിരവധി വിഷയങ്ങളെ സംബന്ധിച്ച കളിമൺ പലകയിലെഴുതിയ രേഖകളുണ്ടായിരുന്നു. ഈ ലൈബ്രറിയിൽ നിന്നാണ് ഗിൽഗമേശിന്റെ ഇതിഹാസവും എനുമാഎലിശും കണ്ടെടുത്തത്. വാസ്തവത്തിൽ ഈ ഗ്രന്ഥങ്ങളിൽ നിന്നാണ് അവരുടെ വിശ്വാസത്തെ സംബന്ധിച്ചും സൃഷ്ടിയെ കുറിച്ചും പ്രളയത്തെ കുറിച്ചുമുള്ള വിവരണങ്ങൾ ലഭിച്ചത്.

യോനാ(അ) യുടെ കാലത്ത് നീനവേ ഈ മേഖലയിലെ ഏറ്റവും പ്രബലമായ സാംസ്കാരികവും രാഷ്ട്രീയവും വാണിജ്യപരവുമായ കേന്ദ്രമായിരുന്നു. നീനവേ പ്രണയത്തിന്റെയും യുദ്ധത്തിന്റേയും ദേവതയായ ഇസ്താർ ദേവിയുടെ ആരാധനാ കേന്ദ്രവും കൂടിയായിരുന്നു നീനവേ

പലതവണ ബൈബിളിൽ പരാമർശിക്കപ്പെട്ടിട്ടുണ്ട്. രാജാക്കന്മാർ 2 ലും, ഈസായിയാ, യോനാ, നഹൂം മുതലായ അധ്യായങ്ങളിലുമാണ് പ്രതി പാദിക്കപ്പെട്ടത്. യഹൂദ രാജാക്കന്മാരുടെ കാലത്ത് ഈ നഗരത്തിന്റെ പ്രശസ്തിയേയാണ് ഇത് സൂചിപ്പിക്കുന്നത്.

വാസ്തവത്തിൽ നീനവേ അക്കാലത്ത് ഒരു സൂപ്പർ പവർ നഗരമായിരുന്നു. യോന (അ) യോട് നീനവേയിൽ അക്കാലത്ത് യോനാ (അ) യോട് ജനങ്ങൾ പശ്ചാത്തപിക്കാൻ വേണ്ടി നീനവേയിൽ പോകാൻ പറഞ്ഞത് ആധുനിക കാലത്ത് ഒരു പ്രവാചകനോട് ഇതേ ആവശ്യാർഥം പാരീസിലോ ടോക്യേവിയിലോ ന്യൂയോർക്കിലോ പോയി പ്രേഷിത പ്രവർത്തനങ്ങൾ നടത്താൻ പറയുന്നത് പോലെയായിരിക്കും. അതിന് അസാമാന്യ ധൈര്യവും വിശ്വാസവും പ്രവാചകന് ആവശ്യമാണ്.

അവസാനം യോനാ(അ) പ്രവാചകന്റെ പ്രബോധന പ്രവർത്തനങ്ങളോട് രാജാക്കന്മാർ പോലും അനുകൂലമായി പ്രതികരിക്കുകയുണ്ടായി. യോനാ (അ)യോട് അനുകൂലമായി പ്രതികരിച്ച ആ രാജാവ് ആരാണെന്ന് അന്വേഷിക്കുന്നതും കൗതുകകരമാണ്. ഏറ്റവും സാദ്ധ്യതയുള്ള രാജാക്കന്മാർ താഴെപറയുന്നവരാണ്.

ആദാദ് നിരാരി (Adad-Nirari III (811-783 B.C.E.)

ശൽമനേസർ (Shalmaneser IV (783-773 B.C.E.)

ആശൂർ ദാൻ (Ashur-Dan III (773-755 B.C.E.)

തിലഗത്ത് പിലസ്റ്റർ (Tiglath-Pileser III (745-727 B.C.E.)

ഏത് വർഷമാണ് യോനാ പ്രവാചകൻ നീനവേയിൽ പ്രേഷിത പ്രവർത്തനങ്ങൾ നടത്തിയത് എന്നത് സംബന്ധിച്ച് വ്യക്തമായ തെളിവുകൾ ലഭിക്കാത്തതിനാലാണ് ഏത് രാജാവിന്റെ കാലത്താണ് യോന(അ) അവിടെ പോയത് എന്ന് വ്യക്തമായി പറയാൻ സാധിക്കാത്തത്. ക്രി. മു 765 അസീറിയൻ സാമ്രാജ്യത്തിൽ അശൂർ ദാമിന്റെ കാലത്ത് മാരകമായ ഒരു പ്ലേഗ് രോഗം പകർന്ന് പിടിച്ചിരുന്നു. ക്രി മു 759 ൽ മറ്റൊരു പ്ലേഗും പൊട്ടി പുറപ്പെട്ടു. അസീറിയയിൽ 763 ജൂൺ 15 ന് ഒരു സമ്പൂർണ സൂര്യഗ്രഹണവും സംഭവിച്ചിരുന്നു. ഈ സംഭവങ്ങൾ യോനാ(അ)യുടെ കാലത്തെ നീനവേക്കാരിൽ സംഭവിച്ചിരുന്നുവെങ്കിൽ അത് അവർക്ക് മേൽ ഉണ്ടായ ശാപമായി ഗണിക്കപ്പെടുകയോ വ്യാഖ്യാനിക്കപ്പെടുകയോ ചെയ്യുമായിരുന്നു. ("Ancient Babylon", http://www.sunearthday.nasa.gov/2006/locations/babylon.php, accessed on 7 March 2015)

നീനവേ പാപകൃത്യങ്ങളിൽ നിന്നുള്ള മോചനത്തിന് ശേഷം ആ രാജ്യം ക്രി.മു 612 ൽ പേർഷ്യൻ ആക്രമണം വരെ തുടർച്ചയായി അഭിവൃദ്ധി പ്രാപിക്കുകയും ചെയ്തു.

## തിമിംഗലമോ വലിയ മത്സ്യമോ?

യോനാ പ്രവാചകന്റെ ബൈബിൾ കഥ തിമിംഗലവുമായി ബന്ധപ്പെട്ടതാണ്. മെഡിറ്ററേനിയൻ കടലിൽ വളരെ വലിയ സ്പേം തിമിംഗല (Sperm Whales)ത്തെ ഇപ്പോഴും കാണാവുന്നതാണ്. ഹിബ്രുവിൽ അറബിയിലുള്ളത് പോലെ വലിയ മത്സ്യം എന്നാണ് പ്രതിപാദിച്ചിരിക്കുന്നത്. തുർക്കി ഭാഷയിൽ യൂനുസ് ബലീഗി ( Yunus Baligi) യെ തിമിംഗലവുമായാണ് ബന്ധിപ്പിച്ചിരിക്കുന്നത്. യോനായെ വിഴുങ്ങിയ ആ മത്സ്യം ഏത് തരത്തിലുള്ള മത്സ്യമാണ് എന്നതിനെ പറ്റി മറ്റു യാതൊരു വിവരണവും ലഭ്യമല്ല. മൂന്ന് ദിവസത്തോളം ആ മത്സ്യം യോനാ(അ)യെ കൊല്ലാതെ തന്റെ വയറ്റിൽ സൂക്ഷിക്കുകയും അവസാനം അശ്ദോദ് എന്ന കടൽക്കരയിൽ കൊണ്ട് വന്ന് ഛർദിക്കുകയും ചെയ്തു. എന്തായാലും ഒരു മനുഷ്യനെ വിഴുങ്ങി സൂക്ഷിക്കാൻ തക്കവണ്ണമുള്ള വയറുള്ള വലിയ ഒരു മത്സ്യമായിരിക്കണമത്.

## യേശുവുമായുള്ള ബന്ധം

നൂറ്റാണ്ടുകൾക്ക് ശേഷം യേശു തന്നെപറ്റി നൽകിയ അടയാളത്തിൽ യോനായുടെ അടയാളമാണ് പറഞ്ഞത്. യോന കിടന്നത് പോലെ ഭൂമിയുടെ വയറ്റിൽ താനും മൂന്ന് ദിവസം കിടക്കുമെന്നും പിന്നീട് രക്ഷപ്പെടുമെന്നും അദ്ദേഹം പറഞ്ഞു. പക്ഷേ നീനവേയിലെ ജനതയെ പോലെ യഹൂദ ജനത ഭാഗ്യമുള്ളവരായിരുന്നില്ല. നീനവേക്കാർ പശ്ചാത്തപിച്ചതു പോലെ യഹൂദർ പശ്ചാത്തപിച്ചില്ല. യഹൂദന്മാർ അഹങ്കാരികളായിരുന്നു.

## യോനായുടെ ഗുണപാഠ കഥ

യോനാ(അ)യുടെ കാലഘട്ടത്തെ കുറിച്ച് പ്രതിപാദിക്കുമ്പോൾ പരാമർശിക്കപ്പെട്ട ജനങ്ങളും സ്ഥലങ്ങളും യഥാർഥ ചരിത്ര രേഖകളുമായി താരതമ്യം ചെയ്തുകൊണ്ടുള്ള അന്വേഷണം കൗതുകകരമാണ്. ഈ സംഭവത്തിന്റെ വിവരണത്തിൽ കണ്ടത് പോലെ യോനാ(അ) യെ ഒരു തിമിംഗലം വിഴുങ്ങി എന്ന കഥ സൂക്ഷ്മമല്ല. വലിയ മത്സ്യം എന്ന പ്രതിപാദനം ഏറെ സൂക്ഷ്മമാണ്. പക്ഷേ ഈ കഥയിലെ ചെറിയ ഒരു വ്യത്യസ്ത പ്രതിപാദങ്ങളാണ്. അതേസമയം നീനവേയിലെ ജനങ്ങളെ പറ്റി നാം വിശകലനം ചെയ്ത് പഠിക്കുകയാണെങ്കിൽ യോനാ(അ)യുടെ കഥയിലെ കൂടുതൽ വിവരങ്ങൾ നമുക്ക് ലഭിക്കുന്നതാണ്. എന്തുകൊണ്ടാണ് യോന പ്രവാചകൻ നീനവേയിലേക്ക് പോകുവാൻ വിമുഖത കാട്ടിയത് എന്ന ചോദ്യത്തിന് ഉത്തരം ലഭിക്കുകയും ചെയ്യും.

എന്തായിരുന്നാലും ഈ സംഭവത്തിലെ മുഖ്യ പ്രമേയം, പശ്ചാത്താപമാണ്. ഈ കഥക്ക് രണ്ട് തലങ്ങളുണ്ട്. ഒന്നാമത്തേത് നീനവെയിൽ പ്രബോധന ദൗത്യം ഏൽപ്പിക്കപ്പെട്ടപ്പോൾ യോന അവിടെനിന്നും രക്ഷപ്പെടാൻ ശ്രമിക്കുകയും പിന്നീട് വലിയ മത്സ്യം വിഴുങ്ങുകയും അതിന്റെ

വയറ്റിൽ അകപ്പെടുകയും അദ്ദേഹം പശ്ചാത്തപിക്കുകയും അവസാനം മത്സ്യത്തിന്റെ വയറ്റിൽ നിന്ന് രക്ഷപ്പെടുകയും ചെയ്തു. പിന്നീട് നീനവേ യിൽ പോയി ജനങ്ങളുടെ തിന്മ കാരണം ആസന്നമായ ശിക്ഷയെക്കുറിച്ച് അവരെ അദ്ദേഹം താക്കീത് ചെയ്തു. എങ്കിലും അവരുടെ യഥാർഥത്തിലുള്ള പശ്ചാത്താപവും പാപബോധവും അവരെ മാപ്പിനർഹരാക്കി തീർത്തു. അങ്ങനെ ആസന്നമായ ശിക്ഷയിൽ നിന്നും അവർ ഒഴിവാക്കപ്പെട്ടു. ഈ കഥയിലാകമാനം കാണുന്ന ഗുണപാഠം പാശ്ചാത്താപവും പാപബോധവും ദൈവത്തിൽനിന്നുള്ള പാപമോചനത്തിലേക്കും ആസന്നമായ ശിക്ഷയിൽ നിന്നുള്ള മോചനത്തിലേക്കും നയിക്കും എന്നതാണ്.

ചില വ്യാഖ്യാതാക്കൾ ഈ കഥയിലെ യോനാ പ്രവാചകന്റെ മനുഷ്യസഹജമായ ദൗർബല്യമാണ് കേന്ദ്ര വിഷയമാക്കുന്നത്. ദൈവത്തിന്റെ ആജ്ഞ പാലിക്കുന്നതിൽ വീഴ്ച്ച പറ്റിയ യോന(അ) കടൽ വഴി രക്ഷപ്പെടാൻ ശ്രമിച്ചു എന്ന വിവരണത്തിലാണ് അവരുടെ ശ്രദ്ധ. എന്ത്തന്നെയായാലും നീനവേയുടെ പ്രതാപവും വലിപ്പവും പരിഗണിക്കുമ്പോൾ അവരിൽ ശ്രമകരമായ ദൈവിക പ്രേഷിത പ്രവർത്തനങ്ങൾ നടത്തിയ യോനാ(അ)യുടെ പ്രബോധന ഫലമായി രാജാവടക്കം ആ ജനത മുഴുവൻ മാപ്പിനർഹരായി തീർന്നു എന്നത് യോന(അ)യുടെ അത്യുന്നതമായ ദൗത്യത്തിന്റെ മഹിമയും ദൈവത്തിലുള്ള അദ്ദേഹത്തിന്റെ അചഞ്ചല വിശ്വാസവുമാണ് വെളിപ്പെടുത്തുന്നത്.

ആധുനിക ലോകത്ത് നിരവധി മതവിശ്വാസികളായ ആളുകൾ ഭൗതികതയിൽ മുങ്ങി നിൽക്കുന്ന പട്ടണങ്ങൾ സമീപ ഭാവിയിൽ നശിച്ചൊടുങ്ങുമെന്ന് നാം കരുതുന്നു. പാശ്ചാത്യ നാടുകൾ ഉടൻ നശിക്കുമെന്നും ചിലർ കാടടച്ചു പറയാറുണ്ട്. പക്ഷേ എല്ലാ ജനതകളിലും നല്ലവരും ചീത്തയാളുകളുമുണ്ട്. ദയാലുക്കളും മോശം ആളുകളുമുണ്ട്. ആത്മീയതയുള്ള വരും ഇല്ലാത്തവരുമുണ്ട്. ഈ കഥയിൽ നിന്ന് നമുക്ക് പഠിക്കാനുള്ളത്

ഏതൊരു ജനതയും പശ്ചാത്തപിക്കുകയാണെങ്കിൽ അവരുടെ മേൽ ശിക്ഷ പതിക്കില്ല. ലൂത്ത് (അ)ന്റെ കഥയിൽ നാം കണ്ടത് അതാണ്. പ്രവാചകന്മാർ പാപികളായ ആളുകളുടെ മോചനത്തിന് വേണ്ടി പ്രാർഥിക്കുന്നു. അവിടെ സൊഡോമിൽ കുറച്ച് നല്ല ജനങ്ങൾ ശിക്ഷയിൽ നിന്നും ഒഴിവാക്കപ്പെട്ടതായും നാം കാണുന്നു. പാപിയായ സ്ത്രീയുടെ നേരെ പാപം ചെയ്യാത്തവർ ആദ്യത്തെ കല്ലെറിയാൻ യേശു പറഞ്ഞത് പോലെ ആരും തന്നെ പാപികളായിട്ടല്ലാതെയില്ല. നാം മാപ്പിന് ആഗ്രഹിക്കുന്നുവെങ്കിൽ നാം പാപികളെന്ന് കരുതുന്ന ശത്രുക്കൾക്ക് പോലും മാപ്പ് നൽകാൻ തയ്യാറാവണം.

## യേശു(അ) പറഞ്ഞ യോന(അ)യുടെ അടയാളം

**- ഹദ്റത്ത് അഹ്മദ്(അ)**

യൂനുസ് (യോനാ പ്രവാചകൻ) കടലാനയുടെ വയറ്റിൽ മൂന്ന് രാപ്പകൽ ഇരുന്നത് പോലെ മനുഷ്യപുത്രൻ മൂന്നു രാപ്പകൽ ഭൂമിയുടെ ഉള്ളിൽ ഇരിക്കും എന്ന് മത്തായിയുടെ സുവിശേഷ (12:40)ത്തിൽ എഴുതപ്പെട്ടിരിക്കുന്നു. യോനാ മത്സ്യത്തിന്റെ വയറ്റിൽ മരിച്ചിരുന്നില്ലെന്ന് സ്പഷ്ടമായ ഒരു വസ്തുതയാണല്ലോ. ഏറിയാൽ അദ്ദേഹത്തിനുണ്ടായത് മോഹാലസ്യം മാത്രമായിരുന്നു. അതായത് അദ്ദേഹം മത്സ്യത്തിന്റെ വയറ്റിൽ ബോധം കെട്ടുകിടക്കുകയാണുണ്ടായത്. ഇങ്ങനെ യോനാ ദൈവാനുഗ്രഹത്താൽ മത്സ്യത്തിന്റെ വയറ്റിൽ ജീവനോടെ ഇരിക്കുകയും അതിൽ നിന്നും ജീവനോടെ പുറത്ത് വരികയും ഒടുവിൽ അദ്ദേഹത്തെ ജനങ്ങൾ സ്വീകരിക്കുകയും ചെയ്തുവെന്ന് ദിവ്യവേദ പുസ്തകങ്ങൾ സാക്ഷിക്കുന്നു. ആയതിനാൽ യേശു മിശിഹ ക്രിസ്ത്യാനികൾ പറയുന്നത് പോലെ ഭൂമിയുടെവയറ്റിൽ മരിച്ചു കിടക്കയാണ് ചെയ്തിരുന്നതെങ്കിൽ മൃതന് ജീവിച്ചിരിക്കുന്നവനുമായി എന്ത് സാദൃശ്യമാണുള്ളത്?. ജീവിച്ചിരിക്കുന്നവൻ മരിച്ചവനുമായി താരതമ്യപ്പെടുത്താവുന്നതെങ്ങനെ? വാസ്തവമെന്താണെന്ന് വെച്ചാൽ ഹദ്റത്ത് ഈസാ മസീഹ് ഒരു സത്യ പ്രവാചകനായതിനാൽ താൻ ഏതൊരുവന്റെ പ്രിയ ദാസനാണോ ആ സത്യേക ദൈവം തീർച്ചയായും തന്നെ ശാപ മരണത്തിൽ നിന്ന് രക്ഷിക്കുമെന്ന് അദ്ദേഹം ബോധിപ്പിക്കുകയും വിശ്വസിക്കുകയും ചെയ്തിരുന്നു. തന്മൂലം അദ്ദേഹം തനിക്ക് ദൈവത്തിൽ നിന്നുണ്ടായ വെളിപാടനുസരിച്ച് ഒരു പ്രവചനമെന്ന നിലയിലാണ് ഈ ഉപമ എടുത്ത് പറഞ്ഞിരിക്കുന്നത്. താൻ കുരിശിന്മേൽ വെച്ച് മരിക്കയില്ലെന്നും ആ ശാപമരണത്തിന്മേൽ തന്റെ പ്രാണൻ വിടുകയില്ലെന്നും മറിച്ച് യോനാ പ്രവാചകനെ പോലെ മോഹാലസ്യപ്പെടുക മാത്രമാണുണ്ടാവുകയെന്നും അദ്ദേഹം പ്രസ്തുത ഉപമ കൊണ്ട് സൂചിപ്പിച്ചിരിക്കയാണ്. തന്നെയുമല്ല താൻ ഭൂമിയുടെ വയറ്റിൽ നിന്നും പുറത്ത്വന്ന ശേഷം തന്റെ ജനങ്ങളുമായി കാണുകയും യോനായെ പോലെ താൻ അവരുടെ ഇടയിൽ സമാദൃതനായി ഭവിക്കുകയും ചെയ്യുമെന്ന്കൂടി അതിൽ സൂചിതമായിരിക്കുന്നുണ്ട്. അപ്രകാരം തന്നെ ഈ പ്രവചനം നിവൃത്തിയാവുകയും ചെയ്തു. (യേശു മിശിഹാ ഇന്ത്യയിൽ)

# മഹച്ഛക്തി

എച്ച്.എസ്. കാവശ്ശേരി

എന്തെന്തഹങ്കാര ചിന്തകളാണഹോ
പൊന്തുന്നതെൻ മനതാരിലിടയ്ക്കിടെ
എന്തുമാർജ്ജിക്കുവാൻ പോരും സവിശേഷ
ബുദ്ധിയുണ്ടെന്നോർത്തഹങ്കരിക്കുന്നു ഞാൻ
ഭൂവിലീ വൈവിധ്യ സൗകര്യ സമ്പൂർണ
ജീവിതം കൈവന്നതെൻ ബുദ്ധിശക്തിയാൽ
എല്ലാം വിരൽത്തുമ്പുകൊണ്ടു നിയന്ത്രിക്കും
വല്ലാത്തൊരദ്ഭുത ലോകത്തിലാണു ഞാൻ
മർത്യനാമെന്നെയങ്കാരിയാക്കിടു
മൊത്തിരികാര്യങ്ങളോതിടാമെങ്കിലും
അസ്വസ്തമാകുന്നു മാനസമെപ്പോഴും
ഉത്തരം കിട്ടാസ്സമസ്യകൾ കാരണം
തൊട്ടനിമിഷത്തിലെന്തു ഭവിക്കുമെ
ന്നൊട്ടുമറിയാൻ കഴിയാത്തതെന്തഹൊ!
ശാശ്വതമായെനിക്കെൻസുഖ സൗകര്യ
മാസ്വദിച്ചീടുവാൻ മോഹമുണ്ടെങ്കിലും
പെട്ടെന്നുകെട്ടിപ്പൊതിഞ്ഞെടുത്തിടുമാ
റെത്തുന്നതെന്താണു മൃത്യുവിൻ താണ്ഡവം!
മൃത്യുവെന്നുള്ളൊരനിഷേധ്യമാം വിധി
അത്തരം വിദ്യകൾ ഒന്നുമെനിക്കെന്റെ
ബുദ്ധിയിൽ വന്നുദിക്കാത്തതുമദ്ഭുതം!
ഒട്ടൊരഹങ്കാരഭാവമോടുത്തുംഗ
സങ്കൽപ വാനിൻ മുകളിലിരിക്കിലും
പെട്ടെന്നിടിവാൾ ചുഴറ്റി ഗർജിക്കവെ
ഞെട്ടുന്നതെന്താണു വിഹ്വലമായ് മനം!
ആർത്തു ചുഴറ്റിയെറിയുന്ന വൻവാതം
ആർജിച്ചുറപ്പിച്ച സമ്പാദ്യ സർവവും
കോപിച്ചുതുള്ളും പ്രകൃതിക്കു മുമ്പിലെൻ
കോപ്പുകളോരോന്നടിയറവെപ്പു ഞാൻ!
എന്നിലഹങ്കാര ചിന്തയുണർത്തിയ
തൊന്നിന്നുമാവില്ലിതിന്നു തടയിടാൻ
എത്ര മേൽ നിസ്സാരനാണീയഹങ്കാരി
എന്നതു ബോധിക്കുമീമുഹൂർത്തങ്ങളിൽ
കാണാതിരിക്കുവാനാർക്കു കഴിഞ്ഞിടും
കാണാമറയത്തൊരു മഹച്ഛക്തിയെ!

# ആത്മാവും ശരീരവും

എന്താണ് ആത്മാവ്? എവിടെ നിന്നാണ് അത് വരുന്നത്? എങ്ങോട്ട് പോകുന്നു? ആത്മാവും ശരീരവും തമ്മിൽ എന്തു ബന്ധമാണുള്ളത്? ഇസ്‌ലാമികാദ്ധ്യാപനങ്ങളുടെ വെളിച്ചത്തിൽ ലേഖകൻ പരിശോധിക്കുന്നു.

**ബശീർ അഹ്മദ് ഓർച്ചാർഡ്**

### ക്രിസ്തീയ വീക്ഷണം

ഈ വിഷയത്തെക്കുറിച്ച് ക്രിസ്തീയ സഭകൾ സുനിശ്ചിതവും ആധികാരികവുമായ അദ്ധ്യാപനങ്ങൾ നല്കുന്നില്ല. പൊതു സ്വീകാര്യമായ കണിശമായ ഒരദ്ധ്യാപനം ആത്മാവിനെ കുറിച്ച് ക്രിസ്തീയ സഭ മദ്ധ്യനൂറ്റാണ്ടുകൾ വരെ നൽകിയിട്ടില്ല. (The Oxfo Dictonary of the Christian church). ഒരു പക്ഷേ, മറ്റു വിഭാഗങ്ങളെ അപേക്ഷിച്ച് ക്രിസ്ത്യാനികളിലെ യഹോവസാക്ഷികൾ എന്ന വിഭാഗമാണ് ഒരു നിശ്ചിത സിദ്ധാന്തം പ്രചരിപ്പിക്കുന്നത്. ജീവനുള്ള മനുഷ്യശരീരം തന്നെയാണ് സ്വയം ആത്മാവെന്ന് അവർ പറയുന്നു. ശരീരത്തിൽ നിന്ന് വേറിട്ട ഒരു നിലനില്പ് ആത്മാവിനുണ്ടെന്ന് അവർ വിശ്വസിക്കുന്നില്ല. ശരീരം തന്നെയാണ് ആത്മാവും. ശരീരം മരിക്കുമ്പോൾ ആത്മാവും മരിക്കുന്നു. പുറപ്പാടിൽ നിന്ന് അവർ ഉദ്ധരിക്കുന്നു.

***'നാഥനായ ദൈവം ഭൂമിയിലെ പൊടിമണ്ണിൽ നിന്ന് മനുഷ്യനെ രൂപപ്പെടുത്തി. അവന്റെ നാസാരന്ധ്രങ്ങളിൽ ജീവവായു ഊതി. അങ്ങനെ മനുഷ്യൻ ജീവനുള്ള ആത്മാവായിത്തീർന്നു. " (2:7)***

ഈ ഖണ്ഡികക്കുള്ള വ്യക്തമായ വ്യാഖ്യാനം "ദൈവം സത്യമായിരിക്കട്ടെ' എന്ന അവരുടെ പ്രസിദ്ധീകരണത്തിൽ നല്കിയിട്ടുണ്ട്. 'ഭൂമിയിലെ പൊടിമണ്ണ്' , 'ജീവന്റെ നിശ്വാസം' എന്നീ രണ്ടു വസ്തുക്കളുടെ സങ്കലനമാണ് മനുഷ്യൻ എന്ന് നാം മനസ്സിലാക്കുന്നു. ഈ രണ്ടു വസ്തുക്കളുടെ സങ്കലനമാണ് (അഥവാ ഘടകങ്ങൾ) ജീവനുള്ള ആത്മാവിനെ ഉല്പാദിപ്പിച്ചത് അഥവാ മനുഷ്യൻ എന്ന സൃഷ്ടിയെ ഉണ്ടാക്കിയത്."

ഈ സിദ്ധാന്തത്തിന് പിന്തുണയുമായി അവർ വിശ്വസിക്കുന്നത് ആത്മാവിനെ വധിക്കാൻ സാധിക്കും എന്നാണ്. ജീവനുള്ള ശരീരം തന്നെയാണ് ആത്മാവ് എന്ന് സ്ഥാപിക്കാനാണ് അവരിതുമുഖേന ശ്രമിക്കുന്നത്. അതേ പുസ്തകത്തിൽ ഇങ്ങനെ എഴുതപ്പെട്ടിരിക്കുന്നു.

"ഹിബ്രു പ്രമാണ ഗ്രന്ഥങ്ങളിൽ ('നഫെശ്') (ആത്മാവ്) എന്ന പദം പ്രയോഗിക്കപ്പെട്ട ചുരുങ്ങിയത് അമ്പത്തിനാല് വചനങ്ങൾ ഉണ്ട്. ആത്മാവ് വധിക്കപ്പെടാം എന്ന് കാണിക്കുംവിധമാണ് അവ പ്രയോഗിക്കപ്പെട്ടിട്ടുള്ളത്. ഇതിനുള്ളൊരു ഉദാഹരണം ജോശ്വ 10:28 29ൽ ഉണ്ട്.

'അവിടെ നിങ്ങൾക്ക് ഏഴ് ഉദാഹരണങ്ങൾ കാണാം. അവയിൽ ആത്മാവ് നിറക്കപ്പെട്ടതായി, വധിക്കപ്പെട്ടതായി നശിപ്പിക്കപ്പെട്ടതായി കാണാം.'

അതിനാൽ യഹോവാ സാക്ഷികൾ വിശ്വസിക്കുന്നത് ആത്മാവിന് മരണമുണ്ട് എന്നാണ്. പുനരുത്ഥാന നാളിൽ 'ശിക്ഷിക്കപ്പെട്ടവരല്ലാത്തവർക്ക് അവരുടെ കബറിടങ്ങളിൽ നിന്ന് ഉയിർത്തെഴുന്നേല്ക്കുന്നു എന്നിട്ട് വീണ്ടും ഭൂമിയിൽ വസിക്കുന്നു. 14,400 പേരൊഴികെ ബാക്കിയുള്ളവയുമെല്ലാം ജീവിക്കാൻ ഭൂതശരീരങ്ങൾ നല്കപ്പെടുന്നു. അവർ ആകാശത്ത് ജോലിയെടുക്കുന്നു. മരണസമയം മുതൽ പുനരുത്ഥാന നാൾ വരെ അവർ പരിപൂർണമായ അബോധാവസ്ഥയിലായിരിക്കും നിലകൊള്ളുന്നത് എന്നവർ വിശ്വസിക്കുന്നു.

### ജീവശക്തിയും ആത്മാവും

മനുഷ്യശരീരത്തെ ജീവിപ്പിക്കാൻ ജീവശക്തി ആവശ്യമാണ്. ജീവശക്തിയുടെ അഭാവം കാരണം ശരീരം മരിക്കുന്നു. എന്താണീ നിഗൂഢമായ ജീവശക്തി? അത് ആത്മാവല്ല. ആത്മാവ് ആത്മീയമായി ജീവശക്തിയെ ജീവിപ്പിക്കുന്നു. ജീവശക്തി വൈദ്യുതിയുടെ ഒരു പ്രകടനമാണ്.

പ്രൊഫസർ അൽദാനി പറയുന്നു.

"ഒരവയവം നീക്കപ്പെടുമ്പോൾ പേശികളുടെ അന്തർഭാഗത്തു നിന്നും അതിന്റെ പ്രതലത്തിലേക്ക് പ്രവഹിക്കപ്പെടുന്ന വൈദ്യുതിയെ ഞരമ്പുകൾ തലച്ചോറിന്റെ സഹായത്തോടെ വലിച്ചെടുക്കുന്നു. അങ്ങനെ അവ ആവശ്യം പോലെ ചുരുങ്ങുന്നു."

ആധുനിക വൈദ്യശാസ്ത്രത്തിൽ ഹൃദയം പോലുള്ള മർമപ്രധാനമായ അവയവങ്ങൾ നിശ്ചലമായാൽ അവയെ പുനരുജ്ജീവിപ്പിക്കാൻ വൈദ്യുതാഘാതമേല്പിക്കു

ന്നു. വർഷങ്ങൾക്ക് മുമ്പ് ഗാൽവനി എന്ന ശാസ്ത്രജ്ഞൻ, രണ്ടു വ്യത്യസ്ത ലോഹങ്ങൾ ചത്തുപോയ തവളയുടെ പ്രത്യേക ഞരമ്പുകളിലും പേശികളിലും ബന്ധപ്പെടുത്തിയാൽ അതിന്റെ കാലുകൾ ചലനാത്മകമായി അത് സാധാരണ ഗതിയിൽ ചലിക്കുന്നതായി കണ്ടുപിടിച്ചിരുന്നു.

ഒരു പദാർഥമാവട്ടെ, അഗോചരശക്തിയാവട്ടെ, എല്ലാറ്റിന്റെയും സ്രഷ്ടാവ് ദൈവമാണ്. ഭൗതിക ശരീരത്തിന് ഊർജം നല്കുന്ന ജീവശക്തിയുടെ സ്രഷ്ടാവും ദൈവം തന്നെയാണ്. ജീവശക്തിയെ അതിന്റെ അവസ്ഥക്കും വികസനത്തിനുമനുസരിച്ച് വർണം നല്കുന്ന ആത്മാവിന്റെ സ്രഷ്ടാവും ദൈവം തന്നെയാണ്. രണ്ടും വ്യത്യസ്ത വ്യക്തിത്വങ്ങളാണ്, എന്നാലും അവ ശരീരത്തിനകത്ത് സ്വതന്ത്രവുമാണ്.

### ആത്മാവിനെക്കുറിച്ചുള്ള ജ്ഞാനം പരിമിതം

ആത്മാവിന്റെ ഉത്ഭവം, ഉദ്ദേശ്യം, ഭാഗധേയം എന്നിവയെക്കുറിച്ച് വിശുദ്ധ ഖുർആൻ നമുക്ക് വിശദമായ അറിവു നല്കുന്നുണ്ടെങ്കിലും അതിന്റെ ആത്മീയ സൃഷ്പ്പിനെക്കുറിച്ച് വളരെ കുറച്ചുമാത്രമേ നമുക്കറിവുള്ളൂ. വിശുദ്ധഖുർആനിൽ ദൈവം പറയുന്നു: ''അവർ നിന്നോട് ആത്മാവിനെ സംബന്ധിച്ച് ചോദിക്കുന്നു. പറയുക, **'ആത്മാവ് എന്റെ നാഥന്റെ ആജ്ഞാനുസരണമുള്ളതാണ്. (തൽസംബന്ധമായ) അറിവിൽ നിന്ന് കുറഞ്ഞതല്ലാതെ നിങ്ങൾക്ക് നല്കപ്പെട്ടിട്ടില്ല."** (17:86)

ഒരു വസ്തുവിനെക്കുറിച്ച് എല്ലാം അറിഞ്ഞില്ലെങ്കിൽ അതിൽ വിശ്വസിക്കുക അസാധ്യമാണെന്നും അതിന്റെ അസ്തിത്വം ശാസ്ത്രീയമായി തെളിയിക്കപ്പെടണമെന്നും ചില ആളുകൾ കരുതുന്നു. അങ്ങനെയുള്ള ഒരു തത്ത്വജ്ഞാനിക്ക് ദൈവാസ്തിക്യവും പരലോകവും നിഷേധിക്കേണ്ടി വരുന്നു. എന്നിരിക്കിലും ദൈവാസ്തിക്യവും പരലോകവും തെളിയിക്കാൻ നിരവധി തെളിവുകളുണ്ട്. ഏറ്റവും പിടിവാശിക്കാരനായ ദൈവ നിഷേധിയുടെ വിമർശനത്തെപ്പോലും വിഫലമാക്കുന്ന തെളിവുകളുണ്ട്. വിശുദ്ധ ഖുർആന്റെ സാക്ഷ്യം തന്നെ മതിയായതാണ്. വിശുദ്ധഖുർആന് പുറത്ത് വ്യക്തിപരമായ ആത്മീയാനുഭവങ്ങളിലൂടെ ഇത്തരം കാര്യങ്ങളിൽ ജ്ഞാനം നല്കപ്പെട്ട ദൈവികമനുഷ്യരുടെ സാക്ഷ്യങ്ങളിലേക്ക് നമുക്ക് തിരിയാം.

### ഹദ്റത്ത് മിർസാ ഗുലാംഅഹ്മദ് (അ)

ഈ തലമുറയിൽ പ്രത്യക്ഷനായ ദൈവിക ജ്ഞാനികളിലൊരാൾ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ) ആണ്. അദ്ദേഹം ആത്മാവിന്റെ പ്രകൃതിയെക്കുറിച്ച് വളരെയധികം വെളിച്ചം വീശിയിട്ടുണ്ട്. അദ്ദേഹം വെറുമൊരു ഔലിയയോ പുണ്യവാളനോ മാത്രമല്ല, അദ്ദേഹം നബിതിരുമേനി (സ)യുടെയും മൂസാനബി, ഈസാനബി(അലൈഹിമുസ്സലാം) എന്നിവരുടെയും പ്രവചനപ്രകാരം ആഗതനായ വാഗ്ദത്ത മസീഹും മഹ്ദിയുമാണ്. ദൈവികപ്രചോദിതനും മാർഗദർശകനുമായിക്കൊണ്ട് വിശുദ്ധ ഖുർആന്റെ ഏറ്റവും കഴിവുറ്റ വ്യാഖ്യാതാവാണ്. പരേതരായ ചിലരുടെ ആത്മാക്കളുമായി തനിക്കുണ്ടായ അനുഭവത്തെക്കുറിച്ച് അദ്ദേഹം പറയുന്നു.

"എനിക്കീ കാര്യത്തിൽ വ്യക്തിപരമായ അനുഭവമുണ്ട്. നിരവധി സമയങ്ങളിൽ ഞാൻ ജാഗ്രതാവസ്ഥയിലിരിക്കെത്തന്നെ എനിക്കുണ്ടായ ദർശനങ്ങളിൽ ഞാൻ പരേതരായവരെ കണ്ടിട്ടുണ്ട്. നിരവധി തവണ ദുഷ്കർമികളും ദുഷ്ടരുമായ ആളുകളെ ഇരുണ്ടതും പുകനിറഞ്ഞതുമായ ശരീരത്തിൽ ഞാൻ കണ്ടിട്ടുണ്ട്. ഇക്കാര്യങ്ങളുമായി എനിക്ക് വ്യക്തിപരമായ ബന്ധമുണ്ട്. ശക്തമായ നിലയിൽ ഞാൻ ഉറപ്പിച്ചുപറയുന്നു. സർവശക്തനായ ദൈവം പറഞ്ഞതുപോലെ ഓരോരുത്തർക്കും സുതാര്യമോ ഇരുണ്ടതോ ആയ ശരീരം നല്കപ്പെടുന്നു. സഹായമില്ലാത്ത ബുദ്ധിക്ക് ഇത്തരം നിഗൂഢമായ കാര്യങ്ങൾ കണ്ടെത്താൻ കഴിഞ്ഞോളണമെന്നില്ല. കണ്ണ് വസ്തുക്കളെ കാണുന്നു. പക്ഷേ, അതിനെ രുചിച്ചറിയാൻ കഴിയുന്ന ഒരു അവയവമായി നമുക്ക് കരുതാൻ സാധ്യമല്ല. അതേപ്രകാരം നാവിന്റെ പേശികൾക്ക് സാധനങ്ങളുടെ രുചിയറിയാൻ സാധിക്കും. എന്നാൽ കാഴ്ചയുടെ അവയവമെന്ന നിലയിൽ അത് നിഷ്പ്രയോജനമായിരിക്കും. അപ്രകാരം പരലോകത്തിലെ അഗാധമായ രഹസ്യങ്ങളിലേക്ക് വെളിച്ചം വീശാൻ ദർശനങ്ങൾക്ക് സാധിക്കും. പക്ഷേ, ബുദ്ധിയുടെ സഹായത്താൽ അവ കണ്ടെത്താൻ സാധ്യമല്ല. സർവശക്തനായ ദൈവം ഇഹലോകത്ത് ചില നിയമങ്ങൾ സ്ഥാപിച്ചിരിക്കുന്നു. പ്രത്യേക വസ്തുക്കളെക്കുറിച്ചുള്ള അറിവിനായി പ്രത്യേക മാർഗങ്ങളും വെച്ചിരിക്കുന്നു. ഒരു കാര്യമറിയാൻ, അതിനാൽ, ആദ്യമായി നാം അതിനുള്ള ശരിയായ വഴി അറിയണം. അപ്പോൾ നാം ആ വസ്തു തന്നെ കണ്ടെത്തുമെന്ന് തീർച്ചയാണ് (ഇസ്‌ലാംമത തത്ത്വജ്ഞാനം).

### ആത്മാവിന്റെ ഉല്പത്തി

ആത്മാവിന്റെ ഉല്പത്തിയെക്കുറിച്ച് വിവിധങ്ങളായ ചിന്താസരണികളുണ്ട്. ചിലർ വിചാരിക്കുന്നു, ഒരു വിധത്തിലുള്ള ആത്മലോകം തന്നെയുണ്ടെന്ന്. അതിൽ നിന്ന് ദൈവാജ്ഞപ്രകാരം ഓരോ വ്യക്തിയുടെയും ശരീരത്തിൽ ഇറങ്ങുന്നു. പുനർജന്മത്തിൽ വിശ്വസിക്കുന്നവർ, മരണശേഷം വീണ്ടും ഭൂമിയിലേക്ക് വരുന്ന വസ്തുവാണെന്ന് വിചാരിക്കുന്നു. അതായത് മരണശേഷം ഒരു വ്യക്തിയായോ മറ്റേതെങ്കിലും സൃഷ്ടിയായോ പുനർജനിക്കുന്നുവെന്നവർ കരുതുന്നു. മുമ്പത്തെ അവരുടെ അസ്തിത്വം കൊള്ളരുതാത്തതാണെങ്കിൽ അയാൾ അതിലും മോശമായ വ്യക്തിയായോ ജന്തുവായോ പുനർജനിക്കുന്നു. സത്യസന്ധ

നായ ഒരു ബിസിനസ്സുകാരന്റെ പുനർ ജനനം മതപുരോഹിതനായി ട്ടായിരിക്കും. ദുഷ്ടനായ ഒരാൾ പുനർജനിക്കുന്നത് ഒരു യാചക നായോ അല്ലെങ്കിൽ ഒരു നായപോ ലുമായിട്ടായിരിക്കും. ജീവിതരീതിയ നുസരിച്ച് മരണത്തിനുശേഷം ഉത്ഥാനപതനങ്ങളോടെ പ്രക്രിയ തുടരുന്നു.

## ആത്മാവും വിശുദ്ധ ഖുർആനും

വിശുദ്ധ ഖുർആൻ പ്രകാരം ആത്മാവിന് മുൻ അസ്തിത്വം ഇല്ല. എന്നാൽ ഗർഭപാത്രത്തിൽ തുടക്കം മുതലേ ശരീരത്തിനകത്ത് വിക സനം പ്രാപിക്കുന്നു. വിശുദ്ധഖുർ ആനിൽ ദൈവം പറയുന്നു: ''**നാം മനുഷ്യനെ കളിമണ്ണിന്റെ സ ത്തിൽനിന്ന് സൃഷ്ടിച്ചിരിക്കുന്നു. പിന്നീട് നാം അതിനെ രേതസ്കണ മാക്കി ഭദ്രമായ ഒരു സ്ഥാനത്ത് (സൂ ക്ഷിച്ചു). പിന്നീട് ആരേത സ്കണത്തെ ഒട്ടിപ്പിടിക്കുന്ന ഒരു വസ്തുവായും പിന്നെ ആ ഒട്ടിപ്പിടി ക്കുന്ന വസ്തുവിനെ മാംസപിണ്ഡ മായും പിന്നെ, മാംസപിണ്ഡത്തെ അസ്ഥികളായും നാം രൂപപ്പെടു ത്തി. അനന്തരം അസ്ഥികളെ നാം മാംസപിണ്ഡം കൊണ്ടുപൊതി ഞ്ഞു. പിന്നീട് നാം അതിനെ മറ്റൊരു സൃഷ്ടിയായി രൂപാന്തരപ്പെ ടുത്തി. അതിനാൽ ഏറ്റവും നല്ല നിലയിൽ സൃഷ്ടിക്കുന്നവനായ അല്ലാഹു അനുഗ്രഹസമ്പൂർണനാ കുന്നു. (23:13–15)**

കളിമണ്ണ്കൊണ്ട് സൃഷ്ടിച്ച ശരീരത്തെ മറ്റൊരു സൃഷ്ടിയായി സൃഷ്ടിച്ചുവെന്ന് ഈ ഖണ്ഡിക യിൽ ദൈവം പറയുന്നു. അതായത് ആത്മാവ്. ആത്മാവിന്റെ ഉല്പത്തി യേയും വികസനത്തേയും വിശദീ കരിച്ചുകൊണ്ട് വാഗ്ദത്ത മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ) പറയുന്നു: 'ആത്മാവെന്നത് ഗർഭാശയത്തിൽ വളർന്നുവരുന്ന തും മാംസപിണ്ഡത്തിൽ നിന്നുത്ഭ വിക്കുന്നതുമായ തേജസ്സാണ്. ഇവിടെ ഉത്ഭവിക്കുന്നുവെന്നുള്ളതു കൊണ്ടുള്ള വിവക്ഷ മുമ്പേ നിഗൂ ഢവും അവ്യക്തവുമായി കിടന്നി രുന്ന ആ ശക്തി ശരീരത്തിന്റെ പൂർണ വളർച്ചയോടുകൂടി പൊടു ന്നനെ പ്രത്യക്ഷീഭവിച്ചിരിക്കുന്നുവെ ന്നാണ്. അത് ആദ്യത്തിൽ ബീജ ത്തിൽ തന്നെ അന്തർഭവിച്ചിരിക്കു ന്നു. അതിനു ബീജവുമായുള്ള വർണനാതീതമായ ബന്ധം സ്വർഗ സ്ഥനായ ദൈവത്തിന്റെ ഇച്ഛക്കും നിയന്ത്രണത്തിനും അധീനമായിരി ക്കുന്നതാണ്. അപ്പോൾ ആത്മാവെ ന്നാൽ ബീജത്തിൽ തന്നെയുള്ള ഒരു തേജസ്വി സത്തയാകുന്നു. അത് സാധനം സാധനത്തിന്റെ അംശമായിരിക്കുന്ന തരത്തിൽ ബീജത്തിന്റെ അംശമാണെന്ന് പറ യാതവല്ല. എന്നാൽ അത് വെളി യിൽ നിന്നുവന്നുപോരുന്നതോ അന്തരീക്ഷത്തിൽ നിന്ന് ഭൂമിയി ലേക്ക് പതിച്ചു ബീജ പദാർഥവു മായി സംയോജിക്കുന്നതോ ആണെന്നും പറഞ്ഞുകൂടാ. അതാ കട്ടെ തീക്കല്ലിൽ അഗ്നി അന്തർഭവി ച്ചിരിക്കുന്നതുപോലെ ബീജത്തിൽ അഗോചരമായി സ്ഥിതിചെയ്യുന്നു. ആത്മാവ് പ്രത്യേകമായ ആകാശ ത്തിൽ നിന്ന് ഇറങ്ങിവരുന്നതോ അന്തരീക്ഷത്തിൽ നിന്ന് ഭൂമിയിൽ പതിച്ചു യാദൃച്ഛികമായ നിലയിൽ ബീജവുമായി കടന്നു ഗർഭാശയ ത്തിൽ പ്രവേശിക്കുന്നതോ ആണെ ന്നുള്ള അഭിപ്രായം ദൈവിക ഗ്രന്ഥ മായ വിശുദ്ധഖുർആൻ വകവെച്ചു കൊടുക്കുന്നില്ല. (ഇസ്ലാം മതത്ത്വ ജ്ഞാനം)

ഇസ്ലാമിലെ വിശ്വവ്യാപക മായ അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ തലവനും വാഗ്ദത്ത മസീഹായ ഹദ്റത്ത് മിർസാ ഗുലാം അഹ്മദി (അ)ന്റെ വാഗ്ദത്ത പുത്രനുമായ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) ഈ വിഷയക മായി രസകരമായ ഒരു വ്യാഖ്യാനം നല്കിയിരിക്കുന്നു. മേലുദ്ധരിച്ച ഖുർആൻ സൂക്തങ്ങളെ സംബന്ധി ച്ച് അദ്ദേഹം പറയുന്നു.

"ഈ സൂക്തം വളരെ വ്യക്ത മായി കാണിക്കുന്നത് ആത്മാവിൽ പ്രവേശിക്കുന്നത് പുറത്തുനിന്നല്ല; എന്നാൽ വസ്തുവിന്റെ സ്വേദനം മുഖേനയാണെന്നാണ്. മനുഷ്യശ രീരത്തിന്റെ സൃഷ്ടിപ്പിന്റെ പ്രക്രിയ യുടെ പരിണാമത്തിന്റെ അവസാന ഘട്ടമാണ് ആത്മാവിന്റെ ജനനം എന്ന് അത് (വിശുദ്ധഖുർആൻ) നമ്മെ പഠിപ്പിക്കുന്നു. അത് പുറത്തു നിന്ന് ശരീരത്തിൽ പ്രവേശിക്കുന്ന തല്ല. എന്നാൽ അതിന്റെ വികസന പ്രക്രിയക്കിടയിൽ വരുന്ന മാറ്റ ത്തിന്റെ അനന്തമായി ജനി ക്കുന്നതാണ് ആത്മാവ്. എങ്കിലും അത് ശരീരത്തിൽ നിന്നും വ്യത്യ സ്തമായ എന്തോ ഒന്ന് ആണ്. അത് ശരീരത്തിന്റെ വെറും പ്രചോ ദനശക്തിയല്ല. പക്ഷേ, തികച്ചും

മനുഷ്യശരീരത്തിന്റെ സൃഷ്ടിപ്പിന്റെ പ്രക്രിയയുടെ പരിണാ മത്തിന്റെ അവസാന ഘട്ടമാണ് ആത്മാവിന്റെ ജനനം എന്ന് അത് (വിശുദ്ധഖുർആൻ) നമ്മെ പഠിപ്പിക്കുന്നു. അത് പുറ ത്തുനിന്ന് ശരീരത്തിൽ പ്രവേശിക്കുന്നതല്ല. എന്നാൽ അതിന്റെ വികസന പ്രക്രിയക്കിടയിൽ വരുന്ന മാറ്റത്തിന്റെ അനന്തമായി ജനിക്കുന്നതാണ് ആത്മാവ്. എങ്കിലും അത് ശരീരത്തിൽ നിന്നും വ്യത്യസ്തമായ എന്തോ ഒന്ന് ആണ്. അത് ശരീരത്തിന്റെ വെറും പ്രചോദനശക്തിയല്ല. പക്ഷേ, തികച്ചും വ്യത്യസ്തവും സ്ഥിരവുമായ സത്തയാണ്. ശരീ രത്തിന്റെ വസ്തുവിൽ നിന്ന് സ്വേദനം ചെയ്യപ്പെട്ട അസ്തിത്വ മാണ്.

വ്യത്യസ്തവും സ്ഥിരവുമായ സത്തയാണ്. ശരീരത്തിന്റെ വസ്തുവിൽ നിന്ന് സ്വേദനം ചെയ്യപ്പെട്ട അസ്തിത്വമാണ്. ആൽക്കഹോളും വിനാഗിരിയും ധാന്യത്തിൽ നിന്നും പഴത്തിൽ നിന്നും സ്വേദനം ചെയ്യപ്പെട്ടതുപോലെ. ഏതൊരു വസ്തുക്കളിൽ നിന്നാണോ അവ ഉല്പാദിപ്പിക്കപ്പെടുന്നത് അവയിൽ നിന്നും വ്യത്യസ്തമാണെന്നിരിക്കിലും ഈ സത്യം വെളിച്ചത്ത് കൊണ്ടുവരുന്നതു മുഖേന ശരീരവും ആത്മാവും തമ്മിലുള്ള ബന്ധത്തെപ്പറ്റി മനുഷ്യൻ വെച്ചു പുലർത്തിയ മനോഭാവത്തിൽ വിപ്ലവകരമായ മാറ്റമാണ് വിശുദ്ധഖുർആൻ വരുത്തിയത്. (Introduction to the study oftheHolyQuran)

### ആത്മാവ് ശരീരത്തിൽ ആശ്രിതം

ആത്മാവ് ആന്തരീകവും അഗോചരവുമായ ഒരു സൃഷ്ടിയായതിനാൽ അതിന് ബാഹ്യമായ ശരീരത്തിലൂടെ മാത്രമേ സ്വയം പ്രകടിപ്പിക്കാൻ സാധ്യമാവൂ. ഈ ഭൗതികലോകത്ത് അതൊരു ശരീരവുമായി ബന്ധിക്കപ്പെട്ടിരിക്കുന്നു. ശാരീരിക പ്രവർത്തനങ്ങളിലൂടെയല്ലാതെ അതിന്റെ ആത്മീയ പ്രഭ രൂപപ്പെടുകയില്ല. സാത്വികമായ ജീവിതം ആവശ്യപ്പെടുന്നത് ഉചിതമായ ശാരീരികവും മാനസികവുമായ അച്ചടക്കമാണ്. അത് ആത്മാവിനെ സ്വാധീനിക്കുകയും പ്രഭാപൂരിതമാക്കുകയും ചെയ്യുന്നു.

ദൈവികതയുടെ തൊട്ടടുത്ത് നില്ക്കുന്നത് ശുചിത്വമാണ്. ഈ വാക്കുകൾ അർഥ ഗർഭമാണ്. ബാഹ്യമായ ശുചിത്വം ആന്തരികമായ ശുചിത്വം കൈവരുത്തുന്നു. നമസ്കാരം അനുഷ്ഠിക്കുന്നതിന് മുമ്പ് അംഗശുദ്ധിവരുത്തുന്നത് ആന്തരികമായ ശുചിത്വത്തിനാണ്. തങ്ങൾ മറ്റുള്ളവരുടെയിടയിൽ വൃത്തിഹീനവും അഴുക്കുപുരണ്ടവരുമാണെങ്കിൽ തങ്ങളുടെ സാന്നിദ്ധ്യം മറ്റുള്ളവരിൽ എത്ര മാത്രം വിഷമമുമുണ്ടാക്കുമെന്ന് എല്ലാവർക്കുമറിയാം. അവർക്കൊരിക്കലും ആശ്വാസം തോന്നുകയില്ല. ഒരുവിധത്തിലുള്ള ലജ്ജയും ആത്മവിശ്വാസമില്ലായ്മയുമാണ് തോന്നുക. കുളിച്ചുവൃത്തിയുള്ള വസ്ത്രം ധരിച്ച് വ്യക്തിപരമായ നിലയിൽ പ്രത്യക്ഷപ്പെടുക. അപ്പോൾ നിങ്ങൾക്ക് ആത്മാഭിമാനം തോന്നുകയും ശരീരം മുഴുക്കെ സംതൃപ്തി ഒഴുകുകയും ചെയ്യുന്നു.

ഒരാൾക്ക് മനോമാന്ദ്യം തോന്നിയേക്കാം. പദ്ധതികളും ആശകളും ഫലമുളവാക്കുന്നില്ല. വിഷാദ തരംഗങ്ങൾ ഒരാളുടെ ആന്തരികോർജത്തെ മന്ദീഭവിപ്പിക്കുന്നു. ഓജസ്സിന്റെ ശക്തിക്ഷയം ഒരാളുടെ ധാർമികതയെ ദുർബലമാക്കുന്നു. ഈ വിധമുള്ള മാനസികവും ശാരീരികവുമായ ക്ഷീണം ആന്തരികമായ ആത്മീയ പ്രകാശത്തിന് മങ്ങലേല്പിക്കുന്നു. എന്നിരിക്കലും ഒരാൾ തന്നെ സ്വയം പിടിച്ചുനിർത്തുക. ചിരിക്കാനും മന്ദഹസിക്കാനും ദൈവം നല്കിയ എണ്ണമറ്റ അനുഗ്രഹങ്ങളെക്കുറിച്ച് നന്ദിരേഖപ്പെടുത്തുവാനും ആരംഭിക്കുക. അധികം താമസിയാതെ മന:സമാധാനവും മനോശക്തിയും അനുഭവപ്പെടുന്നതാണ്.

ഈ വിധത്തിൽ ആത്മാവിന്റെ വികാസം ശരീരത്തെ ആശ്രയിച്ചിരിക്കുന്നു. ഒരാളുടെ പ്രവർത്തനങ്ങളും ചിന്തകളും ദൈവേച്ഛയാൽ മാർഗദർശനം ചെയ്യപ്പെടട്ടെ. അതിന്റെ ഫലമായി ആനുപാതികമായി ആത്മാവിന്റെ വികാസത്തിൽ അത് സ്വാധീനം ചെലുത്തും. അത് അദൃശ്യമായ ഒരു പ്രകാശം വികിരണം ചെയ്യും. അത് അതേസമയം പ്രേക്ഷകരിലും ദൃശ്യമായിരിക്കും. പക്ഷേ, അത് വിവരിക്കുവാനും വിശദീകരിക്കുവാനും പ്രയാസമാണ്.

### ആത്മാവ് - മരണശേഷം

മരണശേഷം ആത്മാവിന് പിന്നെ എന്തു സംഭവിക്കുന്നു. ഭൗമികമായ ശരീരത്തെ ആത്മാവ് വിട്ടേച്ചു പോകുന്നു. ഈ ജീവിതത്തിലെ പ്രവർത്തങ്ങളെ പ്രതിനിധീകരിച്ചുകൊണ്ട് അതൊരു പുതിയ ആത്മീയ ശരീരം കൈവരിക്കുന്നു. ആത്മീയ നേത്രങ്ങൾക്ക് അത് ഇരുണ്ടതോ പ്രകാശമുള്ളതോ ആവാം. ആത്മീയാനുഭവം മുഖേന, ഇക്കാര്യങ്ങളെക്കുറിച്ചുള്ള ജ്ഞാനം വാഗ്ദത്ത മസീഹി(അ)ന്റെ മുമ്പേ ഉദ്ധരിച്ച വാക്കുകൾ മുഖേന സ്ഥാപിക്കപ്പെട്ടതാണ്.

### മരണശേഷം ആത്മാവ് ശരീരത്തിലേക്ക് മടങ്ങുമോ?

മരണശേഷം ആത്മാവ് ശരീരത്തിൽ നിന്ന് പൂർണമായി വിച്ഛേദിക്കപ്പെടുന്നു. ഒരിക്കലും മടങ്ങി വരുന്നില്ല. ആത്മാവില്ലാത്ത ശരീരത്തിൽ രാസഗുണങ്ങൾ ഉൾക്കൊള്ളുന്നു. അത് അഴുകാൻ തുടങ്ങുന്നു. മരിച്ച ആളുടെ ജീവൻ വീണ്ടെടുക്കാൻ സാധിക്കുമെന്ന സിദ്ധാന്തം വിശുദ്ധ ഖുർആൻ ഖണ്ഡിക്കുന്നു.

മരിച്ചുപോയി എന്ന് ഡോക്ടർമാർ പ്രഖ്യാപിച്ചശേഷം ആളുകൾ ചിലപ്പോൾ പുനർജീവിച്ചിട്ടുണ്ട് എന്ന കാര്യത്തിൽ സംശയമില്ല. കബറടക്കത്തിനുള്ള തയ്യാറെടുപ്പ് നടക്കുമ്പോൾ മരിച്ചുവെന്ന് കരുതിയ വ്യക്തി ഇരിക്കുകയും ദിനചര്യകൾ നടത്തുകയും ചെയ്തിട്ടുണ്ടാകും. കുറച്ചുകാലം വരെ ഹൃദയ സ്പന്ദനം നിലച്ചാൽ അത് മരണത്തിന് തെളിവായിരുന്നു. ഇന്ന് വൈദ്യശാസ്ത്രം നിരവധി സന്ദർഭങ്ങളിൽ നിശ്ചലമായ ഹൃദയത്തെയും പുന:പ്രവർത്തിപ്പിച്ചിരുന്നു. ഇതെല്ലാം തന്നെ മരിച്ച ആളെ പുനർജീവിപ്പിക്കാൻ കഴിയുമെന്ന് അഭിപ്രായപ്പെടാനും വഴിതെറ്റിക്കാനും പര്യാപ്തമായിരുന്നു. മരിച്ചുപോയെന്ന് തെറ്റായി നിർണയിക്കപ്പെട്ടു എന്നതാണ് സത്യം. ജീവൻ പൂർണമായും പോവാതെ ആളുകൾ കബറടക്കപ്പെട്ടതായ ചരിത്രം ഉണ്ടായിട്ടുണ്ട് എന്ന് നിസ്സംശയം പറയാം. അതിനാലാണ് ധൃതിപിടിച്ചു കബറടക്കം ചെയ്യരുതെന്ന കാര്യം ഗൗരവമായി പരിഗണിക്കുന്നത്.

'മരിച്ച ആൾ ജീവിതത്തിലേക്ക് തിരിച്ചുവരില്ല എന്ന കാര്യം വിശുദ്ധഖുർആൻ വ്യക്തമായി പ്രസ്താവിച്ചിട്ടുണ്ട്. **"അല്ലാഹു മനുഷ്യാത്മക്കളെ അവയുടെ മരണസമയത്ത് പിടിച്ചെടുക്കുന്നു. മരണമടയാത്തവയെ അവയുടെ നിദ്രാവേളയിലും (പിടിച്ചെടുക്കുന്നു) എന്നിട്ട്, ഏതൊന്നിനെ സംബന്ധിച്ച് അവൻ മരണം വിധിച്ചുവോ, അതിനെ അവൻ പിടിച്ചുനിർത്തുന്നു. മറ്റേതിനെ ഒരു നിശ്ചിത അവധി വരെ അവൻ വിട്ടയക്കുകയും ചെയ്യുന്നു. തീർച്ചയായും ചിന്തിക്കുന്ന ജനങ്ങൾക്ക് ഇതിൽ ദൃഷ്ടാന്തങ്ങളുണ്ട്. (39:43)**

നിദ്രയുടെ അവസരങ്ങളിൽ ആത്മാവ് എടുക്കപ്പെടുമെന്നും പക്ഷേ, ഒരു നിശ്ചിതാവധി വരെ മടക്കപ്പെടുമെന്നുമാണ്. ജീവൻ എടുക്കപ്പെടുമെങ്കിലും അതിന് ശരീരവുമായി എന്തെങ്കിലും ബന്ധമുണ്ടാകുമെന്ന് തോന്നുന്നു. എന്തെന്നാൽ നമ്മുടെ പഠനം കാണിക്കുന്നതുപോലെ ഒരു ശരീരം ഇല്ലാതെ ആത്മാവിന് അസ്തിത്വമില്ല. നിദ്രാവസ്ഥയിൽ ആത്മാവിനും ശരീരത്തിനും തമ്മിലുള്ള ബന്ധം എന്താണ്? അത് ശരീരവുമായി ലോലമായ ആത്മീയ ചരടുകൊണ്ട് ബന്ധിതമാണോ? അല്ലെങ്കിൽ ആത്മീയ നിറത്തിന്റെ തേജോവലയത്തിൽ അവയ്ക്ക് അസ്തിത്വമുണ്ടോ, മരണസമയത്ത് എടുക്കുന്ന ആത്മാക്കൾ പോലെ? ദൈവം പരിശുദ്ധഖുർആനിൽ പറയുന്നത് ആത്മാവിനെ സംബന്ധിച്ച കുറഞ്ഞ അറിവേ നല്കപ്പെട്ടിട്ടുള്ളൂ എന്നാണ്. ഈ വിഷയത്തിൽ കൂടുതൽ വെളിച്ചം വീശാൻ ആത്മീയ ജ്ഞാനമുള്ള ഏതെങ്കിലും വ്യക്തി മുന്നോട്ടുവന്നാൽ സ്വാഗതാർഹമായിരിക്കും.

**ആത്മാവിന്റെ അനന്തമായ ആത്മീയപുരോഗതി**

മനുഷ്യകുലത്തിന്റെ സൃഷ്ടിപ്പിന്റെ ഉദ്ദേശ്യം, തന്നെ ആരാധിക്കാനാണെന്ന് ദൈവം വിശുദ്ധഖുർആനിൽ നമ്മോടു പറയുന്നു. ആരാധിക്കപ്പെടുന്നതിനെ ആശ്രയിക്കുന്നവനല്ല ദൈവം. അത് മനുഷ്യന്റെ സ്വന്തം പ്രയോജനത്തിനാണ്. ആരാധന എന്നതിന് നമസ്കാരം അനുഷ്ഠിക്കുകയും കുനിയുകയും ചെയ്യുക എന്നുമാത്രമല്ല അർഥം. തനിക്ക് നല്കപ്പെട്ടിട്ടുള്ള ഓരോ കഴിവും ദൈവപാതയിലും അവന്റെ സേവനത്തിനും വിനിയോഗിക്കുക എന്നതാണ്.

**''എന്നെ ആരാധിക്കാൻ വേണ്ടിയല്ലാതെ ജിന്നിനേയും ഇൻസിനേയും ഞാൻ സൃഷ്ടിച്ചിട്ടില്ല." (വി. ഖുർആൻ 51:57)**

ആത്മാവിനെ വിലപിടിച്ച ഒരു രത്നത്തോടുപമിക്കണം. കൂടുതൽ പോളീഷു ചെയ്യുന്തോറും അത് കൂടുതൽ പ്രകാശിക്കുന്നു.

ഈ ലോകത്ത് ശാരീരികവും ആത്മീയവുമായ കഴിവുകൾ പ്രയോഗിച്ചുതേടാവുന്ന ആത്മീയ പുരോഗതിയുടെ ഔന്നിത്യത്തിന് ഒരു പരിധിയുമില്ല.

ആത്മാവിന്റെ വികാസം അത് ഭൂമിയിൽ മനുഷ്യശരീരത്തിൽ വസിക്കുന്നിടത്തോളം കാലം മാത്രം പരിമിതപ്പെടുത്തപ്പെട്ടതല്ല. ഇസ്ലാമിന്റെ അദ്ധ്യാപന പ്രകാരം പരലോക ജീവിതത്തിലും ആത്മാവ് ആത്മീയ പുരോഗതി പ്രാപിക്കുന്നത് തുടർന്നുകൊണ്ടിരിക്കും. പരലോകത്ത് പരിപൂർണത നല്കാൻ അവർ ദൈവത്തോട് അപേക്ഷിക്കുമെന്ന് വിശുദ്ധഖുർആൻ പ്രസ്താവിക്കുന്നു.

**''ഞങ്ങളുടെ നാഥാ, ഞങ്ങളുടെ പ്രകാശം ഞങ്ങൾക്ക് പൂർത്തീകരിച്ച് തരേണമേ. ഞങ്ങൾക്ക് പൊറുത്തു തരേണമേ. തീർച്ചയായും നീ എല്ലാ കാര്യത്തിനും കഴിവുള്ളവനാണ്." (66:9)**

ഒരു യഥാർഥ വിശ്വാസി തന്റെ ആത്മീയ പദവിയുടെ നിലവാരത്തിൽ സംതൃപ്തനായിരിക്കുന്നതുപോലെ ആത്മാവ് ഉന്നതമായ ആത്മീയാവസ്ഥക്ക് വേണ്ടി അപേക്ഷിച്ചുകൊണ്ടിരിക്കും. ആകാശത്തിലേക്ക് നീണ്ടുനില്ക്കുന്ന ഏണിപോലെ കൂടുതൽ ഉയരങ്ങളിലേക്ക് അവൻ ഉത്സുകരായിരിക്കും.

അതിനാൽ പരലോക ജീവിതത്തിലും ദൈവിക പ്രകാശത്തിൽ നിമഞ്ജനം ചെയ്യപ്പെടാനുള്ള ആഗ്രഹത്താൽ പുരോഗതിക്കുള്ള അവസരം ലഭിക്കാനുള്ള ശ്രമം ആത്മാവ് തുടർന്നുകൊണ്ടിരിക്കും.

മരണശേഷം ആത്മാക്കൾക്ക് നന്മയും തിന്മയും ചെയ്യാനുള്ള കഴിവുണ്ടായിരിക്കുമെന്ന് നിരൂപിക്കുന്നത് തെറ്റാണ്. ഇക്കാരണത്താൽ അവർ പൊറുക്കലിനെത്തേടുമെന്ന് വിചാരിക്കുന്നതും തെറ്റാണ്. എല്ലാ ആത്മീയ പുരോഗതിയും പരിപൂർണമായും ദൈവികാനുഗ്രഹത്തിന്റെ ഫലമായിരിക്കും. ആത്മാക്കൾ സ്വയം എങ്ങനെ പെരുമാറുന്നു എന്നതിനെ ആശ്രയിച്ചിരിക്കുകയില്ല. പൊറുത്തുകൊടുക്കാൻ അവർ ദൈവത്തെ വിളിക്കുന്നത് അവർ പാപം ചെയ്യാനിടയുള്ളതുകൊണ്ടല്ല. ആത്മീയതയുടെ ഉന്നത സ്ഥാനങ്ങളിലേക്ക് ഉയരാനുള്ള അർഹത നേടാൻ ദൈവത്തിന്റെ ആനുകൂല്യം തേടുകയാണവർ.

**ഏറ്റവും വിലപിടിച്ച സ്വത്ത്**

നമ്മുടെ ആത്മാക്കളാണ് നമ്മുടെ അമൂല്യമായ സ്വത്ത്. മറ്റെല്ലാ സ്വത്തിനേക്കാളുമധികം നാം അതിനെ പരിപോഷിപ്പിക്കുകയും ശ്രദ്ധിക്കുകയും വേണം. നമ്മുടെ മരണശേഷം ഇഹലോകത്ത് അവശേഷിക്കാത്ത നമ്മുടെ ഏക ഭാഗമാണത്. മറ്റെല്ലാം ഇവിടെ നിലനില്ക്കുന്നു. അതായത് നമ്മുടെ ഹൃദയങ്ങൾ, നമ്മുടെ തലച്ചോറുകൾ നമ്മുടെ ഐഹിക സ്വത്തുക്കളല്ലാം നമ്മിൽ വസിക്കുന്നു. നമ്മുടെ ആത്മാക്കൾ പരോകത്ത് പ്രവേശിക്കുന്നു. അതിനാൽ നമ്മുടെ ഏറ്റവും വലിയ ശ്രദ്ധയും താല്പര്യവും ഈ ലോകത്ത് നമ്മുടെ ആത്മാക്കളെ ശുദ്ധീകരിക്കുന്ന കാര്യത്തിലായിരിക്കണമെന്നത് വളരെ വ്യക്തമാണ്. (The Review of Religions, May 1984, വിവ: കെ. വി. ഹസ്സൻകോയ, കോഴിക്കോട്) ●

# ഖുത്ബാ ഇൽഹാമിയ്യ

ഹദ്റത്ത് അഹ്മദ് (അ) പൂർണമായും ദിവ്യവെളിപാടുകളുടെ അടിസ്ഥാനത്തിൽ നടത്തിയ ഖുത്ബയാണ് ഖുത്ബ ഇൽഹാമിയ്യ. ആത്മീയ ലോകത്തെ ഒരു വിസ്മയ പ്രതിഭാസം കൂടിയാണ് ഈ അതുല്യ പ്രഭാഷണം.

**എൻ. അബ്ദുർറഹീം**

1900 ഏപ്രിൽ 13 ാം തീയതി ഈദുൽ അസ്ഹാ സുദിനത്തിൽ പങ്കെടുക്കാൻ മൂന്നൂറോളം അനുചരന്മാർ നാടിന്റെ നാനാ ഭാഗങ്ങളിൽ നിന്നുമായി ഖാദിയാനിൽ ഒരുമിച്ചു കൂടി. സിയാൽക്കോട്ട്, ഭട്ടാല, അമൃത്സർ, ലാഹോർ, വസീറാ ബാദ്, ജമ്മു, പിശാവർ, ഗുജറാത്ത്, ത്സലം, റാവൽ പിണ്ഡി, കപൂർതല, ലുധിയാന, പട്യാല, ബോംബേ, സനൗർ, ലക്നോ തുടങ്ങിയ സ്ഥലങ്ങളിൽ നിന്നുള്ള വരായിരുന്നു അവർ.

ഖാദിയാനിൽ സമ്മേളിച്ച് തന്റെ ശിഷ്യന്മാരുടെയെല്ലാം പേരു വിവരങ്ങൾ ഒരു പട്ടികയിലാക്കി തനിക്ക് സമർപ്പിക്കണമെന്ന് **'അറഫാത്ത്'** ദിനപത്രത്തിൽ ഹദ്റത്ത് അഹ്മദ് (അ) തന്റെ ശിഷ്യപ്രമുഖനായ ഹദ്റത്ത് മൗലനാ ഹക്കീം നൂറുദ്ദീൻ സാഹിബിനോട് ആവശ്യപ്പെടുക യും താൻ അവർക്ക് വേണ്ടി പ്രത്യേകം പ്രാർഥന നടത്തുന്ന താണെന്ന് അറിയിക്കുകയും ചെയ്തു. അന്നത്തെ ഖുത്ബ താൻ അറബി ഭാഷയിൽ നിർവഹിക്കണ മെന്ന് തനിക്ക് ദൈവ കൽപ്പന യുണ്ടായതായി മൗലാനാ അബ്ദുൾ കരീം സാഹിബ് സിയാൽ കോട്ടിയോട് പറയുകയുണ്ടായി.

ഈദ് നമസ്ക്കാരം മൗലാനാ അബ്ദുൽ കരീം സാഹിബിന്റെ നേതൃത്വത്തിൽ നടന്നു. തദനന്തരം ഹദ്റത്ത് അഹ്മദ് (അ) ഖുത്ബ നിർവഹിക്കുന്നതിനായി എഴുന്നേറ്റ് നിന്നു. ഉർദുവിലാണ് ഖുത്ബ ആരംഭിച്ചത്. ഇസ്ലാം മത തത്ത്വങ്ങൾ മറ്റെല്ലാ മതതത്ത്വങ്ങളേ ക്കാളും ഉൽകൃഷ്ടമാണെന്ന് അദ്ദേഹം ഊന്നി പറഞ്ഞു. ഇസ്ലാം മാത്രമാണ് ജീവനുള്ള മതം. മറ്റെല്ലാം മൃതപ്രായ ങ്ങളാകുന്നു. തന്റെ നിയോഗോ ദ്ദേശ്യം അവിടുന്ന് വിവരിച്ചു കൊണ്ട് അദ്ദേഹം ഇപ്രകാരം തുടർന്നു.

ഏക ദൈവ വിശ്വാസം ജനഹൃദയങ്ങളിൽ രൂഢമൂലമാവു കയും ഭൂതദയ, സ്നേഹം, സമഭാവന ഇത്യാദി നന്മകളെ ജനങ്ങളിൽ വളർത്തുകയും ചെയ്കയാണ് എന്റെ ദൗത്യത്തിന്റെ പ്രധാന ഉദ്ദേശ്യങ്ങൾ.

പിന്നീട് ഹദ്റത്ത് അഹ്മദ് (അ) അറബി ഭാഷയിൽ തന്റെ പ്രസംഗം ആരംഭിച്ചു. മൗലാനാ നൂറുദ്ദീൻ(റ), മൗലാനാ അബ്ദുൾ കരീം സിയാൽക്കോട്ടി (റ) മുതലായ ശിഷ്യ പ്രമുഖരോട് തന്റെ പ്രസംഗം ആമൂലാഗ്രം രേഖപ്പെടുത്തുവാൻ അദ്ദേഹം ആജ്ഞാപിച്ചി രുന്നു. മറ്റു പലരും എഴുതിയെടുക്കാൻ തയ്യാറായി. സകലരും പ്രഭാഷണ ത്തിൽ ദത്ത ശ്രദ്ധരായിരുന്നു. കൂടിയിരുന്നവരിൽ അധിക പേർക്കും ആ പരഭാഷാ പ്രസംഗം ദുർഗ്രഹമായിരുന്നുവെങ്കിലും അവർ വാഗ്ദത്ത മസീഹി(അ)ന്റെ മുഖാരവിന്ദത്തിൽ തദവസരത്തിൽ പ്രകടിതമായ ഭാവമാറ്റങ്ങളിൽ ദൃഷ്ടികളുറപ്പിച്ചു. അസാധാരണ മായ ഒരു ദിവ്യതേജോ പ്രസരം ആ മുഖത്ത് കളിയാടിയിരുന്നു. രക്താഭമായ ഖണ്ഡസ്ഥലങ്ങളും നിമീലിതങ്ങളായ നേത്രങ്ങളും അർധ പ്രവണമായ ശിരോഭാരവും വിശാല ഫാലദേശവും ഏതോ അലൗകികാനുഭൂതിയിലാണാ ദിവ്യപുരുഷനെന്ന വസ്തുത പ്രഖ്യാപനം ചെയ്തിരുന്നു. നിസ്ന്ദ്രമായി പ്രവഹിച്ചുകൊണ്ടിരു ന്ന ആ പ്രഭാഷണത്തിന്റെ ശൈലിഭംഗിയും ശബ്ദഗാംഭീര്യവും നിസ്തുല്യ മനോഹരമായിരുന്നു. ഒരു മണിക്കൂർ മാത്രം നീണ്ടുനിന്ന ഈ അറബി ഖുത്ബ അദ്യന്തം ഒരു വെളിപാട് പ്രസംഗം തന്നെ യായിരുന്നുവെന്ന് വ്യക്തമാണ്. വല്ല പദവും ദുർഗ്രാഹ്യമായിരുന്നു വെങ്കിൽ അപ്പോൾ തന്നെ ചോദിച്ചു സംശയ നിവർത്തി വരുത്തി ക്കൊള്ളേണ്ടതാണെന്നും തനിക്ക് തന്നെയും അത് പിന്നീട് വ്യക്തമാക്കാൻ കഴിയാതെ വന്നെന്നിരിക്കുമെന്നും ഹദ്റത്ത് അഹ്മദ് (അ) പ്രസംഗമദ്ധ്യേ എഴുത്തുകാരോട് നിർദേശിക്കുക യുണ്ടായി. അറബി ഭാഷയിലുള്ള പ്രസംഗത്തിന്റെ ഒരു ഗംഗാ പ്രവാഹമാണ് പിന്നെയുണ്ടായത്. ബഹുഭാഷാ ശാസ്ത്രപാരഗതരായ ആ രണ്ടു നിയുക്ത ലേഖക ന്മാർക്കും ചിലപ്പോൾ പദങ്ങളെ

ക്കുറിച്ച് സംശയ നിവൃത്തി വരുത്തേണ്ടി വരാതിരുന്നുമില്ല.

ഹദ്റത്ത് അഹ്മദ് (അ) ഇതിന് മുമ്പ് ഒരിക്കലും അറബി ഭാഷയിൽ പ്രസംഗിച്ചിട്ടുണ്ടായിരുന്നില്ല. അറബി ഗ്രന്ഥങ്ങൾ രചിക്കുകയും അറബി ഖസീദകൾ നിർമിക്കുകയും ഇക്കാര്യത്തിൽ തന്നോട് മത്സരിക്കാൻ ലോക വിശ്രുതരായ പണ്ഡിതന്മാരോട് ആഹ്വാനം ചെയ്യുകയും ചെയ്തിട്ടുണ്ടായിരുന്നുവെങ്കിലും അറബി ഭാഷയിൽ പ്രസംഗം ചെയ്യുവാനുള്ള സന്ദർഭം ഒരിക്കലും ലഭിച്ചിരുന്നില്ല. എന്നാൽ അല്ലാഹുവിൽ നിന്ന് കൽപന കിട്ടിയപ്പോൾ ഈ ആ അത്ഭുതകൃത്യത്തിന് അദ്ദേഹം ഉടൻ തയ്യാറാവുകയും അക്ലിഷ്ട മനോഹരമായി ആ ഖുത്ബ നിർവഹിക്കുകയും ചെയ്തു. ആ പ്രഭാഷണത്തിലെ കലാപരവും വൈജ്ഞാനികവുമായ മേന്മ അറബി സാഹിത്യ കലാകുലശന്മാരായ ശത്രുക്കൾ പോലും അംഗീകരിച്ചു കഴിഞ്ഞിട്ടുണ്ട്.

പ്രസ്തുത ഖുത്ബാ വേളയിൽ തനിക്കുണ്ടായ ആത്മീയാവസ്ഥകളെ പറ്റി ഹദ്റത്ത് അഹ്മദ് (അ) ഹക്കീക്കത്തുൽ വഹ്‌യ് എന്ന തന്റെ പിൽക്കാല ഗ്രന്ഥത്തിൽ ഇപ്രകാരമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

അങ്ങനെ ഞാൻ പെരുന്നാൾ നമസ്ക്കാരാനന്തരം ഈദ് ഖുത്ബ ഓതാനായി എഴുന്നേറ്റു നിന്നു. അദൃശ്യനിലയിൽ എനിക്കതിനുള്ള പ്രത്യേക കഴിവു നൽകപ്പെട്ടതായി അല്ലാഹുവിനറിയാം. ആ ചമൽക്കാര പൂർണമായ പ്രസംഗം അറബി ഭാഷയിൽ എന്റെ വായിലൂടെ പുറപ്പെട്ടുകൊണ്ടിരുന്നതു എന്റെ കഴിവിന് തികച്ചും അതീതമായിരുന്നു. കുറേ അദ്ധ്യായങ്ങളോടു കൂടിയ അത്രയും സുദീർഘമായ ഒരു പ്രഭാഷണം അത്രയും സുന്ദരമായ ചമൽക്കാരങ്ങളോടും ശൈലീ വിലാസങ്ങളോടും കൂടി മുൻകൂട്ടി കടലാസിൽ എഴുതി കുറിച്ചിട്ടല്ലാതെ ലോകത്ത് ആർക്കെങ്കിലും ദിവ്യവെളിപാടിന്റെ സഹായമില്ലാതെ കഴിയുമെന്ന് തോന്നുന്നില്ല. ഖുത്ബ ഇൽഹാമിയ്യ എന്ന പേർ നൽകപ്പെട്ട ഈ അറബി പ്രസംഗം നിർവഹിക്കുന്ന അവസരത്തിൽ ഏതാണ്ട് ഇരുനൂറിൽ പരം ശ്രോതാക്കളുണ്ടായിരിക്കണം. സുബ്ഹാനല്ലാഹ് ആ അവസരത്തിൽ അദൃശ്യഭാഗത്ത് നിന്നും ഒരു ദിവ്യ പ്രവാഹം പൊട്ടിയൊഴുകുന്നുണ്ടായിരുന്നു! ഞാൻ സംസാരിക്കുകയായിരുന്നുവോ അതോ എന്റെ നാവിലൂടെ ഏതോ ദൈവദൂതൻ പ്രത്യക്ഷപ്പെട്ട് സംസാരിക്കുകയായിരുന്നുവോ എന്നെനിക്കറിഞ്ഞുകൂടാ പ്രഭാഷണത്തിൽ എനിക്കൊരു കൈയും ഇല്ലെന്ന് എനിക്ക് നിശ്ചയമുണ്ടായിരുന്നു. വാചകങ്ങൾ അങ്ങനെ എന്റെ നാവിലൂടെ അനർഗളമായി പ്രവഹിച്ചുകൊണ്ടിരുന്നു. ആ ഓരോ വാചകവും എന്നെ സംബന്ധിച്ചിടത്തോളം ഓരോ അത്ഭുതമായിരുന്നു. ഇത് ദൈവം വെളിപ്പെടുത്തിയ ഒരു വൈജ്ഞാനിക ദൃഷ്ടാന്തമത്രെ. ഇതിനോട് കിടപിടിക്കുന്ന മറ്റൊരു സംഭവവും ആർക്കു മാർക്കും എടുത്തു കാണിക്കാൻ സധിക്കുന്നതല്ല. (ഹക്കീക്കത്തുൽ വഹ്‌യ് 1906 ഭാ 362, 363)

ചില ഘട്ടങ്ങളിൽ, ചില പദങ്ങളും വാചകങ്ങളും തന്റെ കൺ മുന്നിൽ പ്രത്യക്ഷപ്പെടുകയും താനവ വായിച്ചുകൊണ്ടിരിക്കുകയാണുണ്ടായതെന്നും ഇങ്ങനെ വെളിപ്പെടുത്തപ്പെട്ട ചില പദങ്ങളുടെ അർഥം പോലും താൻ പിന്നീട് നിഘണ്ഡുക്കൾ നോക്കി മനസ്സിലാക്കുകയാണ് ചെയ്തതെന്നും ഹദ്റത്ത് അഹ്മദ് (അ) വെളിപ്പെടുത്തിയതായി ചില നിവേദനങ്ങളിൽ കാണുന്നുണ്ട്.

ഖുത്ബ അവസാനിച്ച ഉടൻ തന്നെ ഹദ്റത്ത് അബ്ദുൾ കരീം സിയാൽകോട്ടി ഖുത്ബയുടെ ഉറുദു തർജമ വായിക്കുന്നതിനായി എഴുന്നേറ്റു നിന്നു. അപ്പോഴേക്കും ഹദ്റത്ത് അഹ്മദ് (അ) ദൈവത്തിന് നന്ദി സൂചകമായി സാഷ്ടാംഗ പ്രണാമം ചെയ്യാൻ തുടങ്ങിക്കഴിഞ്ഞിരുന്നു. ഉടൻ തന്നെ അവിടെകൂടിയിരുന്ന ശിഷ്യഗണങ്ങളെല്ലാം അദ്ദേഹത്തെ പിന്തുടരുകയും കൃതജ്ഞതാ സാഷ്ടാംഗത്തിൽ പങ്കുകൊള്ളുകയും ചെയ്തു. സൂജൂദിൽ നിന്നും എഴുന്നേറ്റ ഉടനെ ആ ദിവ്യാത്മാവ് ഇപ്രകാരം പറഞ്ഞു: ഇപ്പോൾ ഞാൻ രക്താക്ഷരങ്ങളിൽ മുബാറക്ക് അഭിനന്ദനങ്ങൾ എന്ന് എഴുതപ്പെട്ടു കണ്ടു. ഇത് പ്രാർഥന സ്വീകരിക്കപ്പെട്ടതിന്റെ അടയാളമാകുന്നു.

ഈദുൽ അദ്ഹായിലെ ബലികർമത്തിന്റെ താത്ത്വിക വശവും അതിന്റെ ഉദ്ദേശ ലക്ഷ്യങ്ങളും ഖുത്ബ ഇൽഹാമിയ്യയിൽ വിവരിക്കപ്പെട്ടിട്ടുണ്ട്. പെരുന്നാളിന്റെ പേരിൽ കാട്ടികൂട്ടുന്ന കുത്താട്ടങ്ങളേയും അദ്ദേഹം നിശിതമായി വിമർശിച്ചു. അവ ഇസ്‌ലാം മത പാഠങ്ങളുമായി പൊരുത്തപ്പെടാത്തവയാണെന്ന് വ്യക്തമാക്കപ്പെടുകയുണ്ടായി.

തുടർന്ന് തന്റെ ദൗത്യത്തെ പറ്റി ഇപ്രകാരം പറയുന്നു: അതിനാൽ ഈ കാളരാത്രിയേയും ഇരുൾ കാറ്റിന്റേയും കാലത്തിലിതാ അല്ലാഹുവിന്റെ കാരുണ്യാതിരേകം ഒരു സ്വർഗീയമായ പ്രകാശത്തെ അയച്ചിരിക്കുന്നു. ഹേ ജനങ്ങളെ അറിഞ്ഞു കൊള്ളുവീൻ ഞാനെത്രെ ആ പ്രകാശം. ആ ദൈവനിയുക്തനായ സമുദ്ധാരകൻ ഞാനാകുന്നു. ദൈവത്തിന്റെ പിന്തുണ ലഭിച്ച വൃതദാസൻ. ദൈവത്താൽ നിയുക്തനായ മഹ്ദി ഇമാമും വാഗ്ദത്ത മസീഹും. മറ്റാർക്കും അറിഞ്ഞു കൂടാത്ത ഉന്നത സ്ഥാനം ദൈവം എനിക്ക് നൽകിയിരിക്കുന്നു. എന്നെ കുറിച്ചുള്ള രഹസ്യം മറഞ്ഞു കിടക്കുകയത്രേ. സാധാരണക്കാർ പോകട്ടെ, ദൈവവുമായി അനൽപ്പ സാമീപ്യം സിദ്ധിച്ചവരിൽ നിന്ന്

പോലും ആ രഹസ്യം എത്രയോ എത്രയോ വിദൂരം! ......

നിശ്ചയമായും അടയാളങ്ങൾ വെളിപ്പെടുത്തുകയും വ്യക്തമായ ദൃഷ്ടാന്തങ്ങൾ നൽകപ്പെടുകയും ചെയ്തു കഴിഞ്ഞിരിക്കുന്നു. തർക്കങ്ങളെല്ലാം അപ്രത്യക്ഷമായിരിക്കുന്നത് നിങ്ങൾ അറിയുന്നില്ലല്ലോ? സൂര്യചന്ദ്ര ഗ്രഹണങ്ങൾ ഒന്നിച്ചൊരു റമദാനിൽ സംഭവിച്ചതു നിങ്ങൾക്കറിയില്ലേ? എന്റെ പ്രവചനമനുസരിച്ച് ചിലർ മരണ മടഞ്ഞു. എന്നാൽ നിങ്ങളോ ചിന്തിക്കുന്നില്ല. എനിക്ക് വേണ്ടി എത്രയോ അടയാളങ്ങൾ പ്രത്യക്ഷമായി. നിങ്ങൾ ശ്രദ്ധിക്കുവാൻ കൂട്ടാക്കുന്നില്ല. ഭൂമിയും ആകാശവും ജലവും നിലവും എല്ലാം എനിക്ക് വേണ്ടി സാക്ഷികളായി, നിങ്ങളോ ഭയപ്പെടുമാറില്ല. എന്റെ വാദങ്ങളും യുക്തിയും വെളിപാടും ദൃഷ്ടാന്തങ്ങളും ലക്ഷ്യങ്ങളും പരസ്പരം പിന്താങ്ങി. മറ്റനേകം ദിവ്യദർശനങ്ങളും എനിക്കനുകൂലമായി പുലർന്നു. ചിന്തിക്കുന്നവർക്ക് നിശ്ചയമായും ഇതൊക്കെ തന്നെയും മഹത്തായ അടയാളങ്ങളത്രെ.

അത്ഭുത ലക്ഷ്യമായ ഈ ഖുത്ബ ഇൽഹാമിയ്യ ഹൃദിസ്ഥമാക്കണമെന്ന് ഹദ്റത്ത് അഹ്മദ് (അ) സ്വശിഷ്യന്മാരോട് ഉപദേശിക്കുകയുണ്ടായി. അതനുസരിച്ച് പ്രസിദ്ധ സഹാബിമാരെല്ലാം മനഃപ്പാഠമാക്കി തുടങ്ങി. അറബി ഭാഷയിൽ അസാമാന്യ പണ്ഡിതനായിരുന്ന മൗലാനാ അബ്ദുൽ കരീം സിയാൽ കോട്ടിയും അക്കൂട്ടത്തിലൊരാളായിരുന്നു. അദ്ദേഹം പലപ്പോഴും അത് പള്ളികളിൽ വെച്ച് മനഃപ്പാഠം ഉരുവിടുമായിരുന്നു. അക്കാലത്ത് ഖാദിയാനിലെ കുട്ടികളുടെ ചുണ്ടിലെല്ലാം ഖുത്ബ ഇൽഹാമിയ്യായുടെ വാചകങ്ങൾ തന്നെയായിരുന്നു. കുട്ടികൾ പോലും അത് ഹൃദിസ്ഥമാക്കിപ്പോന്നുവെന്നും നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു. 1902 ലാണ് ഖുത്ബ ഇൽഹാമിയ്യ ഗ്രന്ഥരൂപത്തിൽ പുറത്ത് വന്നത്. അപ്പോൾ ഹദ്റത്ത് അഹ്മദ്(അ) അതിൽ ഏതാനും ഭാഗങ്ങൾ എഴുതി ചേർക്കുകയുമുണ്ടായിട്ടുണ്ട്. പിന്നീട് ഈ ഗ്രന്ഥത്തിന്റെ പാർസി, ഉറുദു പരിഭാഷകൾ പുറത്തുവന്നു.

ഹദ്റത്ത് അഹ്മദുൽ ഖാദിയാനി (അ) മുഖേന വെളിപ്പെടുമാറായ വൈജ്ഞാനികാത്ഭുതങ്ങളിൽ അദ്വിതീയമായ ഒന്നാണ് ഖുത്ബ ഇൽഹാമിയ്യ. വിശുദ്ധ ഖുർആന്റെ അത്ഭുമായ മേന്മയെ പ്രകാശിതമാക്കുന്ന ഒരു ദൃഷ്ടാന്തമെന്ന നിലയിൽ ഖുത്ബ ഇൽഹാമിയ്യയുടെ കീർത്തി ലോകാവസാനം വരെ നിലനിൽക്കുമെന്നത് ഖണ്ഡിതമത്രെ. ●

# ആത്മീയജ്ഞാനം വർദ്ധിപ്പിക്കണം

- ഹദ്റത്ത് അഹ്ദ് (അ)

ആത്മീയ മാർഗദർശിയും അനുയായിയും തമ്മിലുള്ള ബന്ധത്തിന് ഗുരുശിഷ്യ ബന്ധത്തിൽ മാതൃകയുണ്ട്. ശിഷ്യൻ ഗുരുവിൽ നിന്ന് പ്രയോജനമുൾക്കൊള്ളുന്നത് പോലെ മാർഗദർശിയിൽ നിന്ന് അനുയായികൾ ഗുണമനുഭവിക്കുന്നു. എന്നാൽ ശിഷ്യൻ ഗുരുവുമായി ബന്ധം പുർത്തുന്നുവെങ്കിലും പാഠ്യരംഗത്ത് പുരോഗതിയോടെ മുന്നേറുന്നില്ലെങ്കിൽ ഒരു പ്രയോജനവുമടയാൻ സാദ്ധ്യമല്ല. ഇതേ അവസ്ഥയാണ് മുരീദുമാരുടേയും. ആയതിനാൽ ഈ ജമാഅത്തുമായി ബന്ധം ഉണ്ടാക്കിയ ശേഷം ദിവ്യജ്ഞാനവും അറിവും വർദ്ധിപ്പിക്കേണ്ടതാണ്. സത്യാമ്പേഷി തന്റെ മുന്നിലേതെങ്കിലും ഒരു സ്ഥാനത്തെത്തി നിന്നു പോകാൻ പാടില്ല. അങ്ങനെയെങ്കിൽ ശൈത്വാനിക ദുർബോധനം അവനെ മറ്റു വഴികളിലേക്ക് തിരിച്ചു വിടുന്നതാണ്. കെട്ടിനിൽക്കുന്ന വെള്ളത്തിൽ നിന്ന് രൂക്ഷദുർഗന്ധം വമിക്കുന്നു. അപ്രകാരം സത്യവിശ്വാസി തന്റെ പുരോഗതിക്കായി തീവ്രയത്നങ്ങൾ നടത്തുന്നില്ലെങ്കിൽ നിലം പതിച്ചു പോകുന്നതാണ്. ദീനിന്റെ തേട്ടങ്ങളുടെ പുരോഗതിയിൽ നിമജ്ഞനായിരിക്കുക എന്നത് സൗഭാഗ്യവാന്മാരുടെ നിർബന്ധ കടമയാണ്. നമ്മുടെ നബി കരീം (സ) പോലെ വലിയൊരു പൂർണമനുഷ്യൻ ലോകത്ത് വേറെ ഉണ്ടായിട്ടില്ല. അവിടുത്തേക്ക് പോലും ***റബ്ബി സിദ്നീ ഇൽമീ*** (എന്റെ നാഥാ എനിക്ക് ജ്ഞാനം വർദ്ധിപ്പിച്ച് തരേണമേ) എന്ന് പ്രാർത്ഥിക്കുവാനുള്ള അദ്ധ്യാപനമാണ് നൽകപ്പെട്ടിരിക്കുന്നത്. അപ്പോൾ അതിനേക്കാൾ താൻ വലിയവനാണെന്ന് പെരുമ്പറയടിക്കുകയും തന്റെ മഅ്രിഫത്തിലും പാണ്ഡിത്യത്തിലും പരിപൂർണ്ണ വിശ്വാസമർപ്പിച്ച് ഒരിടത്തു തങ്ങിനിൽക്കുകയും ഇനി പുരോഗതി ആവശ്യമില്ലെന്ന് കരുതുകയും ചെയ്യാൻ മറ്റാരാണ് ഉള്ളത്? മനുഷ്യൻ അറിവിലും ദിവ്യജ്ഞാനത്തിലും പുരോഗതി പ്രാപിക്കുന്തോറും ഇനിയും അസംഗ്യം പ്രശ്നം പരിഹരിക്കപ്പെടാൻ അവൻ അറിഞ്ഞിടുന്നു. പ്രരംഭദശയിൽ തികച്ചും നിരർത്ഥകമായി ധരിച്ചു വെച്ച കാര്യങ്ങൾ ഒടുക്കം സത്യവസ്തുതയുടെ രൂപത്തിൽ തെളിഞ്ഞുകാണുന്നു. അതിനാൽ തന്റെ നില മാറ്റിയെടുക്കുന്നതോടൊപ്പം തന്റെ ജ്ഞാനവും വർദ്ധിപ്പിക്കേണ്ടത് അത്രത്തോളം അനിവാര്യമാണ്. (മൽഫൂസാത്ത്. വാ 2 പേ141)

# ആദമിന്റെ ഏദൻ തോട്ടം

മനുഷ്യ സമൂഹത്തിന്റെ ആദിമ തലമുറയെ പ്രതിനിധീകരിക്കുന്ന ആദം നബി (അ)യുടെയും പ്രബോധിത ജനതയുടെയും ജിവിതകഥ മാനവ സമൂഹത്തിന്റെ അടിസ്ഥാനാവശ്യങ്ങളെ പൂർത്തീകരിച്ച ആത്മീയ സുരഭിലമായ ഒരു ക്ഷേമസമൂഹത്തിന്റെ ലളിതമാതൃകയുടെ വിവരണമാണ്. ആദം താമസിച്ച ഈ സ്വർഗം സസ്യശാമളമായ ഭൂമിയിൽ തന്നെയുള്ള ഒരു പ്രദേശമാണ്. അല്ലാതെ പരലോക സ്വർഗമല്ല.

മുഹമ്മദ് നജീബ് ഖാൻ വാഴക്കാല

**മനുഷ്യ സമൂഹത്തിന്റെ ആദിമ തലമുറയെ പ്രതിനിധീകരിക്കുന്ന ആദം നബി (അ)യുടെയും പ്രബോധിത ജനതയുടെയും ജിവിതകഥ മാനവ സമൂഹത്തിന്റെ അടിസ്ഥാനാവശ്യങ്ങളെ പൂർത്തീകരിച്ച ആത്മീയ സുരഭിലമായ ഒരു ക്ഷേമസമൂഹത്തിന്റെ ലളിത മാതൃകയുടെ വിവരണമാണ്. ആദം താമസിച്ച ഈ സ്വർഗം സസ്യ ശ്യാമളമായ ഭൂമിയിൽ തന്നെയുള്ള ഒരു പ്രദേശമാണ്. അല്ലാതെ പരലോക സ്വർഗമല്ല.**

സെമിറ്റിക്ക് മതങ്ങളിൽ ചരിത്രപ്രാധാന്യത്തോടെ ഏറെ ചർച്ച ചെയ്യപ്പെടുന്ന ഒന്നാണ് ആദം (അ) ന്റെ ചരിത്രം. ബൈബിളും, വിശുദ്ധ ഖുർആനും അൽപം ചില മാറ്റങ്ങളോടെയാണെങ്കിലും ആദമിന്റെ സൃഷ്ടിപ്പും, ജീവചരിത്രവും വിവരിക്കുന്നുണ്ട്. ഖുർആൻ വിവരിക്കുന്ന പല ഭാഗങ്ങളും ആശയ സമ്പുഷ്ടവും, സദൃശ്യ വചനങ്ങളാൽ അലംകൃതവുമാണ്.അവ യുക്തി ഭദ്രമായ നിലയിൽ വ്യഖ്യാനിക്കുമ്പോൾ മാത്രമാണ് അതിൽ അടങ്ങിയരിക്കുന്ന വിജ്ഞാന കവാടങ്ങൾ തുറക്കപ്പെടുന്നത്. ആദം നബി (അ) യുമായി ബന്ധപ്പെട്ടു കിടക്കുന്ന വിശുദ്ധ ഖുർആനിലെ പല സൂക്തങ്ങൾ, വിശ്വാസി സമൂഹങ്ങളിൽ പലപ്പോഴും രസകരവും വിജ്ഞാന പ്രദവുമായ ആശയ സംവാദങ്ങൾക്ക് പ്രമേയങ്ങളായിട്ടുണ്ട്. എങ്കിലും, വിശുദ്ധ ഖുർആനിൽ പ്രതിപാദിക്കപ്പെട്ടിരിക്കുന്ന പൂർവ കാല പ്രവാചകന്മാരുടെ ചരിത്ര സാക്ഷ്യങ്ങളുടെ വിവരണങ്ങളിൽ നിന്നു വർത്തമാനകാല സമൂഹത്തിനു എന്ത് പ്രയോജനമാണുള്ളതെന്ന് ഇനിയും വ്യക്തമാകേണ്ടിയിരിക്കുന്നു. കാരണം അവയെല്ലാം കേവലം ഒരു കഥപോലെ വായിക്കുവാനുള്ളതാണ് എന്ന് നമുക്ക് തീർച്ചയായും പറയാൻ സാധ്യമല്ല. ഗതകാല പ്രവാചകന്മാരുടെ ചരിത്ര സംഭവങ്ങളുമായി ബന്ധപ്പെട്ട വിശുദ്ധ ഖുർആനിലെ ഓരോ വാക്കിലും, വചനത്തിലും വിശ്വാസികൾക്ക് ആത്മീയവും, ധാർമികവുമായ സംസ്കരണത്തിനും അഭിവൃദ്ധിക്കും അതുപോലെ ദൈവീക സാമീപ്യത്തിനും സഹായകമായ ഒരുപാട് ഉപദേശ പാഠങ്ങൾ ഗോപ്യമായ നിലയിൽ ഗൂഢാർഥ വചനങ്ങളിൽ പ്രതിപാദിക്കപ്പെട്ടിരിക്കുന്നു. ഇത്തരം സൂക്തങ്ങളുടെ യുക്തി സഹമായ വിശദീകരണങ്ങൾ മാനസികവും ആത്മീയവുമായ ശുദ്ധി പ്രക്രിയയിലൂടെ ദൈവീക സാമീപ്യം കരസ്ഥമാക്കിയ വരിഷ്ഠ വ്യക്തിത്വങ്ങളുടെ മനസ്സിൽ മാത്രമേ വെളിപ്പെടുകയുള്ളു. അറബി ഭാഷയിൽ നൈപുണ്യം നേടിയതുകൊണ്ട് മാത്രം അത് കരസ്ഥമാവുകയില്ല.വിശുദ്ധ ഖുർആൻ പറയുന്നു, ലാ യമസ്സുഹു ഇല്ലൽ മുത്തഹ്വറൂൻ അതായത് പരിശുദ്ധന്മാരല്ലാതെ അത് (വിശുദ്ധ ഖുർആൻ) സ്പർശിക്കുകയില്ല.ഇത് വിശുദ്ധ ഖുർആന്റെ സത്യതക്കുള്ള ശക്തമായ ഒരു തെളിവാകുന്നു. വിശുദ്ധ ഖുർആന്റെ അദ്ധ്യാപനങ്ങൾക്ക് മങ്ങലേൽക്കുമ്പോൾ ദൈവിക സവിധത്തിൽ നിന്നു

വരുന്ന വരിഷ്ഠ വ്യക്തിത്വങ്ങളിലൂടെ അതിന്റെ ആശയ സംരക്ഷണത്തിനുള്ള സംവിധാനങ്ങൾ അല്ലാഹു ഒരുക്കുന്നു. അല്ലാഹുവിൽ നിന്നുള്ള ഈ സംവിധാനം ഇല്ലായിരുന്നെങ്കിൽ പ്രവാചക ചരിത്ര സംഭവങ്ങളെ വ്യാഖ്യാനിച്ചുകൊണ്ട് ബൈബിളിന്റെയും മറ്റും പിൻബലത്തോടെ എഴുതപ്പെട്ട അബദ്ധജഡിലമായ വിവരണങ്ങൾ വായിച്ച് വിശ്വാസികളുടെ ആത്മീയത വരണ്ട് പോകുമായിരുന്നു. ഇസ്‌ലാമിലെ പരിഷ്കൃത വിഭാഗങ്ങളാണെന്നു വാദിക്കുന്നവരുടെ വ്യാഖ്യാനങ്ങളിൽ കാണപ്പെടുന്ന കഥാ രചനാ രീതിയിലൂടെ വിശുദ്ധ ഖുർആന്റെ മഹത്വവും മഹിത സ്ഥാനവും ഇപ്പോഴും അവമതിക്കപ്പെട്ടുകൊണ്ടിരിക്കുയാണെന്ന സത്യം തുറന്ന് പറയാതെ വയ്യ.

## വിശുദ്ധ ഖുർആനും അതിന്റെ വ്യാഖ്യാനരീതിയും

വിശുദ്ധ ഖുർആന്റെ ഏതെങ്കിലും ഒരു വാക്കിനോ,വചനത്തിനോ അർഥം നൽകുമ്പോഴോ,അല്ലെങ്കിൽ അത് വ്യാഖ്യാനം ചെയ്യുമ്പോഴോ വിശുദ്ധ ഖുർആന്റെ അടിസ്ഥാന അർഥങ്ങൾക്കും ആശയങ്ങൾക്കും കടക വിരുദ്ധമാകാൻ പാടുള്ളതല്ല. ഈ അടിസ്ഥാന തത്വത്തിൽ നിന്ന് കൊണ്ട് നാം വിശുദ്ധ ഖുർആന്റെ വചനങ്ങൾക്ക് അർഥം നൽകുമ്പോഴും വ്യാഖ്യാനിക്കുമ്പോഴും മാത്രമേ വിശുദ്ധ ഖുർആന്റെ അത്ഭുതകരമായ ആശയ സമ്പുഷ്ടത വെളിപ്പെടുകയുള്ളൂ. വിശുദ്ധ ഖുർആനിൽ രണ്ട് തരത്തിലുള്ള വചനങ്ങൾ ഉണ്ട്.ഒന്ന് ഖണ്ഡിതമായ വചനങ്ങളും, രണ്ട് സദൃശ്യ വചനങ്ങളും. ഖണ്ഡിതമായ വചനങ്ങൾ വിശുദ്ധ ഖുർആന്റെ അടിത്തറയാകുന്നു. ഖണ്ഡിതമായ വചനങ്ങളുടെ അടിത്തറയിൽ നിന്നുകൊണ്ടാണ് സദൃശ്യ വചനങ്ങൾക്ക് വ്യാഖ്യാനം നൽകേണ്ടത്. മറ്റൊരു തരത്തിൽ പറഞ്ഞാൽ സദൃശ്യ വചനങ്ങൾ ഖണ്ഡിതമായ വചനങ്ങൾക്കനുസൃതമായിട്ടായിരിക്കണം വ്യാഖ്യാനിക്കേണ്ടത്.ഈ തത്വത്തിൽ നിന്ന് വ്യതിചലിച്ചുകൊണ്ട് വിശുദ്ധ ഖുർആനെ വ്യാഖ്യാനിച്ചാൽ ഖുർആനിൽ ഒരുപാട് വൈരുദ്ധ്യങ്ങൾ കണ്ടെത്തുന്നതാണ്. എന്നാൽ ഈ ഗ്രന്ഥം അല്ലാഹുവിൽ നിന്ന് അവതരിച്ചതുകൊണ്ട് അതിൽ യാതൊരു വിധത്തിലുള്ള വൈരുദ്ധ്യങ്ങളും കണ്ടെത്താൻ നിങ്ങൾക്ക് സാധ്യമല്ലയെന്ന് വിശുദ്ധ ഖുർആൻ തന്നെ പറയുന്നു. എന്നാൽ ഈ തത്വത്തെ പരിഗണിക്കാതെയും സൂക്തത്തിൽ പ്രയുക്തമായിട്ടുള്ള വാക്കുകളിൽ ചിന്തിക്കാതെയും വ്യാഖ്യാനിച്ചപ്പോഴാണ് പൂർവ വ്യാഖ്യാതാക്കൾ ആദമും അദ്ദേഹത്തിന്റെ അനുയായികളും മരണാനന്തരം സജ്ജനങ്ങൾക്ക് വേണ്ടി തയ്യാറാക്കിയിരിക്കുന്ന സ്വർഗത്തിൽ യഥാർഥത്തിൽ താമസിച്ചിരുന്നതെന്ന തരത്തിൽ വ്യാഖ്യാനിച്ചിട്ടുള്ളത്.

## ആദമിന്റെ സ്വർഗം (ജന്നത്ത്)

വിശുദ്ധ ഖുർ ആനിൽ അല്ലാഹു പറയുന്നു:

***ഖുൽനാ യാ ആദമു ഉസ്കുൻ അൻത്ത വ സൗജുക്കൽ ജന്നത്ത വ ഖുലാ മിൻഹാ റഗദൻ ഹൈസു ശിഅ്ത്തുമാ*** അർഥം: നാം പറഞ്ഞു, ആദമേ, നീയും നിന്റെ പത്നിയും സ്വർഗത്തിൽ വസിച്ചു കൊള്ളുക. അവിടെ നിങ്ങൾ രണ്ട് പേരും ഇച്ഛിക്കുന്നിടത്തുനിന്നു സുഭിക്ഷമായി ഭക്ഷിക്കുകയും ചെയ്തുകൊള്ളുക. (അൽ ബക്കറ: 36)

ഈ സൂക്തത്തിൽ പറയുന്ന സ്വർഗം എന്നതിനു വിശുദ്ധ ഖുർആനിക വ്യാഖ്യാതാക്കൾ പലവിധത്തിലുള്ള വ്യാഖ്യാനങ്ങൾ നൽകിയിട്ടുണ്ട്. ഭൂരിപക്ഷ വ്യഖ്യാതാക്കളുടെയും അഭിപ്രായ പ്രകാരം സജ്ജനങ്ങളായിട്ടുള്ളവർ മരണാനന്തരം എത്തിച്ചേരുന്ന സ്ഥലമായ ആ സ്വർഗം തന്നെയാണ് ഈ സൂക്തത്തിലും പ്രതിപാദിച്ചിട്ടുള്ളത് എന്നാണ്. എന്നാൽ മറ്റു ചിലരുടെ അഭിപ്രായ പ്രകാരം ഈ ഭൂമിയിലെ സ്വർഗ സമാനമായ സ്ഥലമാണ് ഇതു കൊണ്ട് ഉദ്ദേശിക്കുന്നത് എന്നാണ്.

ബൈബിൾ ഇപ്രകാരം പറയുന്നു.

***അനന്തരം യഹോവയായ ദൈവം കിഴക്കു ഏദനിൽ ഒരു തോട്ടം ഉണ്ടാക്കി, താൻ സൃഷ്ടിച്ച മനുഷ്യനെ അവിടെ ആക്കി. (ഉൽപത്തി 2:8)*** പിന്നെ ഉൽപത്തി 2:14 ൽ പറയുന്നു ഈ തോട്ടത്തെ ദജ്‌ല ഫുറാത്ത് (യൂഫ്രട്ടീസ് -ടൈഗരീസ്) എന്നീ നദികൾ സേചനം ചെയ്തുകൊണ്ട് ആ പ്രദേശത്തെ ചുറ്റുന്നു.

പ്രസ്തുത രണ്ട് നദികളും സേചനം ചെയ്ത്കൊണ്ടിരിക്കുന്ന

ഈ സൂക്തത്തിൽ പറയുന്ന സ്വർഗം എന്നതിനു വിശുദ്ധ ഖുർ ആനിക വ്യാഖ്യാതാക്കൾ പലവിധത്തിലുള്ള വ്യാഖ്യാനങ്ങൾ നൽകിയിട്ടുണ്ട്. ഭൂരിപക്ഷ വ്യഖ്യാതാക്കളുടെയും അഭിപ്രായ പ്രകാരം സജ്ജനങ്ങളായിട്ടുള്ളവർ മരണാനന്തരം എത്തിച്ചേരുന്ന സ്ഥലമായ ആ സ്വർഗം തന്നെ യാണ് ഈ സൂക്തത്തിലും പ്രതിപാദിച്ചിട്ടുള്ളത് എന്നാണ്. എന്നാൽ മറ്റു ചിലരുടെ അഭിപ്രായ പ്രകാരം ഈ ഭൂമിയിലെ സ്വർഗ സമാനമായ സ്ഥലമാണ് ഇതു കൊണ്ട് ഉദ്ദേശിക്കുന്നത് എന്നാണ്.

ഭൂപ്രദേശം ഇന്നത്തെ ഇറാഖാണ്. ഈ ഭൂപ്രദേശത്തിന്റെ ചുറ്റു ഭാഗങ്ങൾ പുരാവസ്തു ഗവേഷകർ ഉൽഖനനം ചെയ്തപ്പോൾ ആ പ്രദേശം അത്യധികം പുരാതനമായ ഒരു നാഗരികതയുടെ കളിതൊട്ടി ലായിരുന്നുവെന്ന് തെളിയിക്കുന്ന അനേകം പുരാരേഖകളും വസ്തുക്കളും കണ്ടെത്തുകയു ണ്ടായി. കൂടാതെ നൂഹ്(അ)ന്റെയും, ഇബ്റാഹിം(അ)ന്റെയും പ്രബോധന രംഗവും ഈ ഭൂപ്രദേശം തന്നെയായിരുന്നുവെന്നുള്ളതിനു അനേകം ചരിത്ര രേഖകളും സാക്ഷ്യം വഹിക്കുന്നുണ്ട്. യൂഫ്രട്ടീസ്, ടൈഗരീസ് നദികളുടെ സംഗമ സ്ഥാനത്ത് സ്ഥിതി ചെയ്യുന്ന സ്ഥലങ്ങളിൽ പുരാവസ്തു പര്യവേഷകർ നടത്തിയ ഉൽഖനന ത്തിൽ നിന്നു കിട്ടിയ വസ്തുക്കൾ കാലഘട്ട നിർണയം ചെയ്തപ്പോൾ അവക്ക് ഈസാ നബി (അ)യുടെ കാലത്തിനു മുവ്വായിരത്തി അഞ്ഞൂറ് വർഷങ്ങൾ പഴക്കമു ണ്ടെന്നാണ് കണ്ടെത്തിയിരിക്കുന്നത്. മറ്റു ചില ഗവേഷകർ പറയുന്നത് മുവ്വായിരത്തി അഞ്ഞൂറ് വർഷത്തേ ക്കാളും പഴക്കമുള്ള ഒരു നാഗരികതയായിരുന്നു അവിടെ യുണ്ടായിരുന്നതെന്നാണ്. ഏതായാ ലും അതിപൗരാണികമായ ഒരു നാഗരികത അവിടെ നിലനിന്നി രുന്നുവെന്നുള്ളതിനു രണ്ട് അഭിപ്രായങ്ങളില്ല. വിശുദ്ധ ഖുർആന്റെ അടിസ്ഥാനത്തിൽ, സമാധാനത്തിന്റെയും, സമൃദ്ധി യുടെയും അടിത്തറയിൽ കെട്ടി പ്പടുത്ത സ്വർഗീയ സാമാനമായ ഒരു നാഗരിക ജീവിത വ്യവസ്ഥിതി ആദമിലൂടെ ഈ ഭൂപ്രദേശത്ത് അല്ലാഹു സ്ഥാപിച്ചിരുന്നുവെന്നു മനസ്സിലാകുന്നുണ്ട്.

1. ആദമിന്റെ പ്രവർത്തന മണ്ഡലം ഈ ഭൂമിയിൽ തന്നെയായിരുന്നു.

ഖുർആൻ പറയുന്നു

***ഇന്നീ ജാഇലുൻ ഫിൽ അർളി ഖലീഫ (അൽ ബഖറ -31)***

തീർച്ചയായും ഞാൻ ഭൂമിയിൽ ഖലീഫയെ നിയമിക്കാൻ പോവുക യാണ്.

അല്ലാഹു ആദമിനെ അവന്റെ പ്രതിനിധിയാക്കിക്കൊണ്ട് ഭൂമിയിലേ ക്കാണ് നിയോഗിച്ചിരുന്നത്. ഭൂമിയിൽ പ്രവർത്തിക്കേണ്ട ഒരാൾ മരണാനന്തരം സജ്ജനങ്ങൾ പ്രവേശിക്കേണ്ട സ്വർഗത്തിൽ താമസി ച്ചിരുന്നുവെന്നു പറയുന്നത് യുക്തിക്കും ബുദ്ധിക്കും നിരക്കുന്ന തല്ല. സ്വർഗത്തിൽ താമസി ച്ചുകൊണ്ട് എങ്ങനെയാണ് ഭൂമിയിൽ സംസ്കരണ പ്രചാരണ പരിപാടികൾക്ക് നേതൃത്വം നൽകിയതെന്നത് ചിന്തനീയമായ കാര്യമാണ്.

2. വിശുദ്ധ ഖുർആനിൽ സ്വർഗത്തെകുറിച്ച് അടിസ്ഥാന പരമായ ഒരു നിർദേശം, ഒരാൾ സ്വർഗത്തിൽ പ്രവേശിച്ചു കഴി ഞ്ഞാൽ പിന്നെ അയാൾ അതിൽ നിന്നു പുറത്താക്കപെടുകയില്ല എന്നാണ്. ഇതു സംബന്ധമായി ഖുർ ആൻ പറയുന്നു.

***ലാ യമുസ്സുഹും ഫീഹാ നസ്ബുൻ വമാഹും മിൻഹാ ബിമുഖ്രിജീൻ***

അവിടെ അവരെ ക്ഷീണം സ്പർശിക്കുകയില്ല. അവർ അവിടെ നിന്ന് പുറത്താക്കപ്പെടു ന്നവരുമല്ല. (ഹിജർ-49 )

മരണാനന്തരം സജ്ജനങ്ങൾ സ്വർഗത്തിൽ ഭൗതിക ശരീര ത്തോടെ പ്രവേശിക്കുകയെന്നത് സംഭവ്യമല്ല. അതുപോലെ തന്നെ അതിൽ ഒരു പ്രാവശ്യം പ്രവേശിച്ചു കഴിഞ്ഞാൽ അവിടെ നിന്ന് പുറത്താക്കപ്പെടുകയുമില്ലയെന്ന് ഈ ഖുർആനിക വചനം വ്യക്തമാക്കിതരുന്നു. എന്നാൽ ഖുർആൻ മറ്റൊരു സൂക്തത്തിൽ ആദമിനെയും അദ്ദേഹത്തിന്റെ ഇണയെയും സ്വർഗത്തിൽ നിന്ന് പുറത്താക്കിയെന്ന് പറയുന്നുണ്ട്. ആയതിനാൽ ആകാശീയമായ സ്വർഗമല്ല മറിച്ച് സ്വർഗത്തിനു സമാനമായ ഈ ഭൂമിയിൽ തന്നെയുള്ള ഒരു ഭൂപ്രദേശമാകാനേ സാധ്യതയുള്ളു. അതിനെ ആലങ്കാരിക ഭാഷയിൽ ജന്നത്ത് (സ്വർഗം) എന്ന് ഖുർആൻ വിശേഷിപ്പിച്ചിരിക്കുന്നു.

3. ആദമും അദ്ദേഹത്തിന്റെ ഇണയും താമസിച്ചിരുന്ന സ്വർഗ ത്തിൽ ശൈത്താന്റെയും അവന്റെ സന്താനങ്ങളുടെയും സാന്നിദ്ധ്യ മുണ്ടായിരുന്നതായി ഖുർആൻ പറയുന്നു. ഇവർ രണ്ട് പേരും അതായത് ആദമും ശൈത്താനും സ്വർഗത്തിൽ തന്നെയായിരുന്നു വെന്ന് മനസ്സിലാക്കേണ്ടിവരും. ഇത് യുക്തിക്കും ഖുർആന്റെ പാഠ ങ്ങൾക്കും നിരക്കാത്തകാര്യമാണ്.

നീയും നിന്റെ ഇണയും സ്വർഗത്തിൽ പ്രവേശിച്ചുക്കൊള്ളു ക എന്ന ഖുർആനിക വചനത്തിൽ നിന്ന് മനസ്സിലാകുന്നത് ആദമും

അല്ലാഹു ആദമിനെ അവന്റെ പ്രതിനിധിയാക്കിക്കൊണ്ട് ഭൂമിയിലേക്കാണ് നിയോഗിച്ചിരുന്നത്. ഭൂമിയിൽ പ്രവർത്തിക്കേണ്ട ഒരാൾ മരണാനന്തരം സജ്ജനങ്ങൾ പ്രവേശിക്കേണ്ട സ്വർഗത്തിൽ താമസിച്ചിരുന്നുവെന്നു പറയുന്നത് യുക്തിക്കും ബുദ്ധിക്കും നിരക്കുന്നതല്ല. സ്വർഗത്തിൽ താമസിച്ചുകൊണ്ട് എങ്ങനെയാണ് ഭൂമിയിൽ സംസ്കരണ പ്രചാരണ പരിപാടികൾക്ക് നേതൃത്വം നൽകിയതെന്നത് ചിന്തനീയമായ കാര്യമാണ്.

അദ്ദേഹത്തിന്റെ ഇണയും മറ്റെവിടേയോയായിരുന്നു താമസി ച്ചിരുന്നതെന്നാണ്. അവിടെ നിന്ന് ദൈവീക വെളിപാട് പ്രകാരം വേറൊരു സ്ഥലത്തേക്ക് മാറി താമസിക്കാൻ അല്ലാഹു ആദമി നോട് നിർദ്ദേശിക്കുകയായിരുന്നു. ആത്മീയ ഭാഷയിൽ ഹിജറത്ത് (പലായനം) ചെയ്യാൻ ആദമിനോട് അല്ലാഹു കൽപിച്ചതുമായിരിക്കാം.

4. പ്രസ്തുത സൂക്തത്തിൽ ***റഗദൻ*** എന്ന പദം പ്രയുക്ത മായിട്ടുണ്ട്. അതിന്റെ ഭാഷാർഥം ജീവിക്കാൻ വേണ്ട ആവശ്യ വസ്തുക്കൾ വളരെ എളുപ്പത്തിൽ സുലഭമായി ലഭിക്കുകയെന്നതാണ്. ഈ വാക്ക് അന്ന് നിലനിന്നിരുന്ന നാഗരികതയുടെ പ്രത്യേകത യെയാണ് സൂചിപ്പിക്കുന്നത്. ഒരു നാഗരികതയുടെ പ്രത്യേകതയെന്നു പറയുന്നത് അവിടത്തെ നഗര നിവാസികൾക്ക് ജീവിത സന്ധാര ണത്തിനുള്ള ഭക്ഷണ പദാർഥങ്ങൾ സമൃദ്ധമായും,സുലഭമായും ലഭിച്ചുകൊണ്ടിരിക്കുകയെന്നതാണ്. ക്ഷേമപൂർണമായ നാഗരീക വ്യവസ്ഥിതി നിലനിന്നാൽ മാത്രമെ ഭക്ഷണ പദാർഥങ്ങളുടെ ഉത്പാദന വും, സംഭരണവും അതിന്റെ സൂക്ഷിപ്പും യഥോചിതം സാധ്യ മാവുകയുള്ളു. ഇതിന്റെ അഭാവത്തിൽ ഒരിക്കലും ഭക്ഷണ പദാർഥങ്ങളുടെ ഉത്പാദനമോ, അതിന്റെ സംഭരണമോ സാധ്യമല്ല. അതുകൊണ്ട് ക്ഷാമാവസ്ഥ നേരിടുമ്പോൾ ജനങ്ങളുടെ ജീവൻ തന്നെ അപായപ്പെടുന്ന അപകടാവസ്ഥകൾ തരണം ചെയ്യേണ്ടിവരുന്നു.ഈ സൂക്ത ത്തിൽ സമ്പൽ സമൃദ്ധമായ ഒരു നാഗരിക ജീവിതത്തിന്റെ അടിസ്ഥാന പ്രത്യേകതകൾ എടുത്തുപറഞ്ഞിരിക്കുകയാണ്. അതായത് ജനങ്ങൾ ഒരുമിച്ച് ജീവിക്കുകയാണെങ്കിൽ ജീവിത ത്തിനു ആവശ്യമായ ഭക്ഷണ പദാർഥങ്ങൾ അനായാസം ഉത്പാദിപ്പിക്കാനും, ഭാവിയിൽ സംഭരണികളിൽ സൂക്ഷിക്കുവാനും

മരണാനന്തരം സജ്ജനങ്ങൾ സ്വർഗത്തിൽ ഭൗതിക ശരീര ത്തോടെ പ്രവേശിക്കുകയെന്നത് സംഭവ്യമല്ല. അതുപോലെ തന്നെ അതിൽ ഒരു പ്രാവശ്യം പ്രവേശിച്ചു കഴിഞ്ഞാൽ അവിടെ നിന്ന് പുറത്താക്കപ്പെടുകയുമില്ലയെന്ന് ഈ ഖുർആനിക വചനം വ്യക്തമാക്കിതരുന്നു. എന്നാൽ ഖുർആൻ മറ്റൊരു സൂക്തത്തിൽ ആദമിനെയും അദ്ദേഹത്തിന്റെ ഇണയെയും സ്വർഗത്തിൽ നിന്ന് പുറത്താക്കിയെന്ന് പറയുന്നുണ്ട്. ആയതിനാൽ ആകാശീയമായ സ്വർഗമല്ല മറിച്ച് സ്വർഗത്തിനു സമാനമായ ഈ ഭൂമിയിൽ തന്നെയുള്ള ഒരു ഭൂപ്രദേശമാകാനേ സാധ്യതയുള്ളു. അതിനെ ആലങ്കാരിക ഭാഷയിൽ ജന്നത്ത് (സ്വർഗം) എന്ന് ഖുർആൻ വിശേഷിപ്പിച്ചിരിക്കുന്നു.

---

അങ്ങനെ ക്ഷാമാവസ്ഥ നേരിടു മ്പോൾ അത് ഉപയോഗിക്കുവാനും സാധിക്കുന്നതാണ്. യഥാർഥത്തിൽ ഭൂമിയിലെ സ്വർഗം ഇതുതന്നെ യാണ്. ഖുർആനിലെ ത്വാഹ അദ്ധ്യായത്തിൽ ആദമിന്റെ സ്വർഗസമാനമായ നാഗരീക വ്യവ സ്ഥിതിയെ സംബന്ധിച്ച് ഇപ്രകാരം പറയുന്നു.

അപ്പോൾ നാം പറഞ്ഞു: ഓ ആദം, തീർച്ചയായും ഇവൻ (ശൈത്താൻ) നിന്റെയും നിന്റെ ഭാര്യയുടേയും ശത്രുവാണ്. അതുകൊണ്ട് ഇവൻ നിങ്ങൾ രണ്ടുപേരേയും ഈ (സ്വർഗത്തിൽ) തോട്ടത്തിൽ നിന്നു പുറത്താക്കാതി രിക്കട്ടെ. അങ്ങനെയാകുന്ന പക്ഷം നീ കഷ്ടപെട്ടുപോകും.

***ഇന്ന ലക്ക അല്ലാ തജൂഅ ഫീഹാ വലാ തഅ്റാ. വ അന്നക്ക ലാ തള്മഊ ഫീഹാ വലാ തള്ഹാ***

**അതായത്, തീർച്ചയായും നിനക്ക് അതിൽ (സ്വർഗത്തിൽ) വിശക്കേണ്ടതില്ല. നഗ്നനാകേണ്ടതു മില്ല. തീർച്ചയായും നിനക്ക് അതിൽ ദാഹമുണ്ടാവുകയില്ല. വെയിലിന്റെ ഉഷ്ണമേൽക്കുകയില്ല.**

ഈ സൂക്തത്തിൽ ഒരു വ്യക്തിക്ക് ഈ ലോകത്ത് ജീവിക്കാൻ വേണ്ട അടിസ്ഥാന ആവശ്യങ്ങളായ ഭക്ഷണം, വസ്ത്രം, വെള്ളം, പാർപ്പിടം എന്നിവയെ പറ്റിയാണ് സൂചന നൽകിയി ട്ടുള്ളത്. എന്നാൽ ഈ ആധുനിക യുഗത്തിൽ പുരോഗതിയുടെ കൊടുമുടി കൈയടക്കിയെന്ന് വാദിക്കുന്ന രാജ്യങ്ങൾക്കുപോലും അവരുടെ പ്രജകൾക്ക് ഈ അടിസ്ഥാന ആവശ്യങ്ങൾ പൂർത്തീകരിച്ചുകൊടുക്കാൻ കഴിഞ്ഞിട്ടില്ലയെന്നത് ഒരു യാഥാർഥ്യമാണ്. ഇന്നും എത്രയെത്ര ദരിദ്ര കുടുംബങ്ങളാണ് തലചായ്ക്കാൻ വീടുകളില്ലാതെ കാലാവസ്ഥകളുടെ തീഷ്ണതകളെ അതിജീവിച്ച്കൊണ്ട് തെരുവോര ങ്ങളിൽ കഴിഞ്ഞുകൂടുന്നത്. ഒരു ഭാഗത്ത് സമ്പത്ത് കുന്നുകൂടു മ്പോൾ എത്രയെത്ര മനുഷ്യരാണ് വയറ് നിറയെ കഴിക്കാൻ ഭക്ഷണമില്ലാതെ മറ്റുള്ളവരുടെ എച്ചിൽ പാത്രങ്ങളെ ആശ്രയി ക്കുന്നത്. എന്നാൽ അല്ലാഹുവിന്റെ പ്രവാചകരാൽ സ്ഥാപിതമാകുന്ന സാമൂഹിക ജീവിത വ്യവസ്ഥിതി യിൽ അടിസ്ഥാന ജീവിത സൗകര്യങ്ങൾ എല്ലാ മനുഷ്യർക്കും

ഒരുപോലെ കൈവരുന്നതാണ്.

പ്രവാചകൻമാരാൽ സ്ഥാപിതമാകുന്ന സാമൂഹിക വ്യവസ്ഥിതിയിൽ ധാർമികവും ആദ്ധ്യാത്മികവുമായ സംസ്കരണത്തോടൊപ്പം ഭൗതിക ജീവിത സന്തുലിതത്തിനും മുൻഗണന നൽകുന്നുണ്ട്. എന്നാൽ ആദമിന്റെ ചരിത്രത്തിൽ ശൈത്താന്റെ സാന്നിദ്ധ്യത്തെ ഓർമിപ്പിച്ചുകൊണ്ട് അല്ലാഹു പറയുന്നു പ്രവാചകന്മാരാൽ സ്ഥാപിതമാകുന്ന സ്വർഗ സമാനമായ പുതിയ ജീവിത ക്രമത്തിലും ശൈത്താൻ കടന്നു കയറി അതിനെ നരക തുല്യമാക്കാൻ സാധ്യതയുണ്ട്. വിശ്വാസികളിൽ തന്നെ കപടതയുള്ളവരും, അവിശ്വാസികളും പല മോഹന വാഗ്ദാനങ്ങൾ നൽകി അല്ലാഹുവിൽ നിന്നു കിട്ടിയ യഥാർഥ അധ്യാപനങ്ങളിൽ നിന്നു വിശ്വാസികളെ വഴിതെറ്റിക്കാൻ സാധ്യതയുണ്ട്. അങ്ങനെ വഴിതെറ്റിയയാൾ അല്ലാഹു ആദമിനോട് പറഞ്ഞതുപോലെ നിങ്ങളും അല്ലാഹുവിന്റെ സാമിപ്യത്തിൽ നിന്നു ദൂരപെട്ടുപോകുന്നതു നിമിത്തം സുഖ സമൃദ്ധമായ ജീവിതം നഷ്ടപെട്ടുപോവുകയും തന്നിമിത്തം നിങ്ങൾ കഷ്ട പെട്ടുപോകുകയും ചെയ്യുന്നതാണ്.

ഇസ്‌ലാമിന്റെ ആദ്യ കാലഘട്ടത്തിലും ഈ അധ്യാപനമനുസരിച്ച് ഭരണ സംവിധാനം ക്രമപ്പെടുത്തിയതിന്റെ ഫലമായി ആ രാജ്യങ്ങളിലെ ഒരു ശിശുവിന് പോലും വിശപ്പും ദാഹവും സഹിക്കേണ്ടിവന്നിരുന്നില്ല. ഖുലഫാഉർറാശിദുകളുടെ കാലവും അതിനു ശേഷവും ഇത് നിലനിന്നിരുന്നു. എന്നാൽ കാലാന്തരേണ ഇസ്‌ലാമിക ധാർമികത അടിസ്ഥാനമാക്കിയുള്ള പൊതുഭരണ സംവിധാനത്തിൽ അപചയവും നിക്ഷിപ്ത താൽപര്യങ്ങളും കടന്നുകുടി. അതിനെ പുനഃ സ്ഥാപിക്കാനായി അല്ലാഹു ഹദ്റത്ത് അഹ്മദ് (അ) നെ അയക്കുകയുണ്ടായി. അദ്ദേഹത്തെ അല്ലാഹു ആദമെന്ന നാമത്തിൽ സംബോധന ചെയ്തുകൊണ്ട് സന്തോഷ വാർത്തകൾ നൽകിയിട്ടുമുണ്ട്. ഇസ്‌ലാമിലൂടെ ലോകത്ത് ആത്മീയതയെയും, ഭൗതികതയെയും സമന്വയിപ്പിച്ച് കൊണ്ട് സ്ഥാപിതമാകേണ്ട ശാശ്വതമായ ഭരണ സംവിധാനത്തിന്റെ അടിത്തറ അദ്ദേഹം ഇടുകയുണ്ടായി. അദ്ദേഹത്തിന്റെ ഗ്രന്ഥമായ അൽ വസിയ്യത്തിൽ ആത്മീയ ഭരണത്തിന്റെ സിരാകേന്ദ്രമായ ഖിലാഫത്ത് ഭരണ വ്യവസ്ഥിതിയെയും, പ്രജകളുടെ ക്ഷേമ പ്രവർത്തനങ്ങൾക്ക് വേണ്ടിവരുന്ന ചിലവുകൾ നികത്തുന്നതിനായിട്ടുള്ള സാമ്പത്തിക സംവിധാനത്തേയും കുറിച്ചും വിശ്വാസികൾക്ക് നിർദേശങ്ങൾ നൽകിയിട്ടുണ്ട്. ഈ ആഗോള ഭരണ വ്യവസ്ഥിതി സമ്പൂർണമായ രീതിയിൽ പൂർത്തീകരിക്കപെട്ടുകഴിഞ്ഞാൽ രാജ്യത്തിലെ ഒരു പ്രജക്ക് കിട്ടേണ്ട അടിസ്ഥാന ജീവിത വിഭവങ്ങൾ കൈവരുന്നതാണ്. അഹ്മദിയ്യാ ജമാഅത്തിന്റെ രണ്ടാമത്തെ ഖലീഫ തിരുമനസ്സ് അൽ വസിയ്യത്ത് പദ്ധതിയുടെ സമ്പൂർത്തീകരണത്തിന്റെ ഫലമായി ഉണ്ടാകുന്ന അനുഗ്രഹങ്ങളെ കുറിച്ച് ഇപ്രകാരം പറയുന്നു.

**ഈ വസിയ്യത്ത് വ്യവസ്ഥിതി പൂർത്തീകരിക്കപ്പെടുമ്പോൾ അതുമുഖേന ഇസ്‌ലാമിക പ്രചാരണം മാത്രമല്ല നിർവഹിക്കപ്പെടുന്നത് മറിച്ച് ഇസ്‌ലാമിന്റെ ലക്ഷ്യമനുസരിച്ച് ഓരോ വ്യക്തിയുടെയും ആവശ്യങ്ങൾ പൂർത്തീകരിക്കുന്നതാണ്. ലോകത്ത് നിന്ന് സർവവിധ ബുദ്ധിമുട്ടുകളും വിഷമങ്ങളും ദൂരീകരിക്കപ്പെടുന്നതാണ്. ഇൻശാ അല്ലാഹു, അനാഥർക്ക് യാചിക്കേണ്ടിവരികയില്ല. വിധവകൾ ആരുടേയും മുന്നിൽ കൈനീട്ടേണ്ടി വരികയോ, ഒരു അത്താണിയുമില്ലാതെ വിഷമിച്ച് അലയേണ്ടി വരികയോ ചെയ്യില്ല. കാരണം ഈ വസിയ്യത്ത് കുട്ടികൾക്ക് മാതാവായിരിക്കും, യുവാക്കൾക്ക് പിതാവായിരിക്കും, സ്ത്രീകൾക്ക് ഭർത്താക്കന്മാരുടെ സ്ഥാനത്തായിരിക്കും. സ്നേഹത്തോടും ഹൃദയ സന്തോഷത്തോടും കൂടി യാതൊരു വിധ നിർബന്ധവുമില്ലാതെതന്നെ ഇതുമുഖേന സഹോദരൻ സഹോദരനെ സഹായിക്കുന്നതാണ്. ഇതിന്റെ പ്രതിഫലം ഈ ലോകത്ത് കിട്ടാതെ വരികയില്ല. മറിച്ച് അല്ലാഹുവിൽ നിന്നു എല്ലാം നൽകുന്നവനും ഉത്തമമായ പ്രതിഫലം കൈവരിക്കുന്നതാണ്. പണക്കാരനും പാവപ്പെട്ടവനും നഷ്ടത്തിലാവുകയില്ല. സമൂഹങ്ങൾ പരസ്പരം കലഹിക്കുകയില്ല. മറിച്ച് അതിന്റെ ഔദാര്യ ഗുണം മുഴുലോകത്തും വ്യാപിച്ചു നിൽക്കുന്നതാണ്.** (നവലോകക്രമം)

വാസ്തവത്തിൽ ആദമിനോടും, അദ്ദേഹത്തിന്റെ അനുചരസംഘത്തോടും സ്ഥിരമായി ജീവിക്കാൻ പറഞ്ഞ പ്രദേശത്ത് ആത്മീയ സംസ്കരണത്തിന്റെയും സമ്പൽ സമൃദ്ധിയുടെയും, ശാന്തിസാമാധാനത്തിന്റെയും സ്വർഗസമാനമായ അവസ്ഥ അല്ലാഹു അവർക്ക് പ്രദാനം ചെയ്തിരുന്നു. അത് തന്നെയാണ് സ്വർഗമെന്നു പറയുന്നത്. മനുഷ്യ സമൂഹത്തിന്റെ ആത്മീയ സുരഭിലമായ ഈ ആദിസമൂഹം ലോകത്തുള്ള എല്ലാ ജനവർഗങ്ങളുടെയും മാതൃകാപരമായ പ്രാഗ് രൂപമാണ്. അതുകൊണ്ടാണ് വിശുദ്ധ ഖുർആൻ അഗാധമായ അർഥ ധ്വനിയോടെ ആദി പിതാവിന്റെ ആശയ സമ്പുഷ്ഠമായ ഈ ആദിമ ചരിത്രം വിവരിക്കുന്നത്. വിശ്വാസികൾക്ക് അവരുടെ സാമൂഹിക വ്യവസ്ഥ ശോഭനവും ക്ഷേമപൂർണവുമാക്കി തീർക്കാനുള്ള മാതൃകാപരമായ ഒരു സാമുഹിക രൂപരേഖയും ഇതിൽ ഉള്ളടങ്ങിയിരിക്കുന്നു. ഇതുതന്നെയാണ് ആദമിന്റെ ജന്നത്തിനെക്കുറിച്ചുള്ള വിശുദ്ധ ഖുർആൻ വിവരണത്തിന്റെ യഥാർഥ ഉദ്ദേശ്യവും.

# നമസ്ക്കാരത്തിന്റെ ശാരീരിക നേട്ടങ്ങൾ



ഒരു മുസ്‌ലിം നിർവഹിക്കാൻ ബാദ്ധ്യതപ്പെട്ട അടിസ്ഥാനപരമായ അഞ്ച് കാര്യങ്ങളിൽ ഒന്നാണ് നമസ്ക്കാരം. നമസ്ക്കാരത്തിന്ന് വിശുദ്ധ ഖുർആൻ വമ്പിച്ച പ്രാധാന്യമാണ് നൽകിയിരിക്കുന്നത്. അല്ലാഹുവിന്റെ ഗ്രന്ഥത്തിൽ നമസ്ക്കാരത്തിന്റേതായി നിരവധി ഗുണങ്ങൾ വിവരിക്കപ്പെട്ടിട്ടുണ്ട്.. ഖുർആൻ പറയുന്നു: ***'ഇന്ന സലാത്ത തൻഹാ അനിൽ ഫഹ്ഷായ്' 'തീർച്ചയായും നമസ്ക്കാരം നീചകർമങ്ങളെയും നിഷിദ്ധ കർമങ്ങളെയും തടയുന്നു'*** (29:46) സൂറ:ലുഖ്മാനിൽ ഹദ്റത്ത് ലുഖ്മാൻ തന്റെ മകന് നൽകിയ ഉപദേശം രേഖപ്പെടുത്തുന്നു. പ്രഥമവും പ്രധാനവുമായി അദ്ദേഹം തന്റെ മകനെ ഓർമപ്പെടുത്തുന്നത് ***' യാ ബുനയ്യാ അകിമി സ്വലാത്ത്. ' ' അല്ലയോ എന്റെ പൊന്നോമന മകനെ നമസ്ക്കാരം നിലനിർത്തുക '(31:8) എന്നാണ്.***

നമസ്ക്കാരത്തെക്കുറിച്ച് റസൂൽ തിരുമേനി(സ) പറഞ്ഞതായി ഒരു ഹദീസിൽ വന്നിരിക്കുന്നത്.

***'ഇന്ന ഫി സ്വലാത്തി ശിഫാ:' ' തീർച്ചയായും നമസ്ക്കാരത്തിൽ ശമനമുണ്ട്.'*** ഇന്ത്യയിലെ അലീഗഡിൽ നിന്നും പുറപ്പെടുന്ന ' തഹ്സീബുൽ അഖ്ലാക്ക് ' എന്ന ഉറുദു മാസികയിൽ ഒരു മുസ്‌ലിം പണ്ഡിതൻ എഴുതിയ ലേഖനത്തിൽ

സക്കരിയാ വിർക്ക്. യു. എസ്സ്

കൃത്യമായി മുടങ്ങാതെ നമസ്ക്കാരം നിർവഹിക്കുന്ന ഒരാൾക്ക് അയാളുടെ അസ്ഥികളും സന്ധികളും സ്ഥിരമായി ചലനാത്മകമാവുന്നത്കൊണ്ട് ഒരിക്കലും സന്ധി വീക്ക രോഗം വരാനുള്ള സാധ്യതയില്ല എന്ന് പറയുന്നു. പ്രസ്തുത ഹദീസിന്റെ വെളിച്ചത്തിൽ നമസ്ക്കാരം കൊണ്ടുദ്ദേശിക്കുന്ന ചില ശാരീരികമായ നേട്ടങ്ങൾ വിവരിക്കാം.

1. നിത്യവുമുള്ള ക്രമികമായ ശാരീരികാദ്ധ്വാനം കൊളസ്ട്രോൾ അളവ് കുറക്കും. കൊളസ്ട്രോൾ, ഹാർട്ട് അറ്റാക്ക്, ഹൃദ്രോഗം, പ്രമേയം മുതലായ പല അസുഖങ്ങളുമുണ്ടാക്കും. നന്നായി അദ്ധ്വാനിക്കുന്ന ജോലി ചെയ്യുന്ന ഒരാൾക്ക് കുറഞ്ഞ കൊളസ്ട്രോൾ മാത്രമേ ഉണ്ടാവൂ. നമസ്ക്കാരം കൊണ്ട് ഇത് സാധ്യമായി തീരുന്നു.

2. നമസ്ക്കാരം ഏറ്റവും മാതൃകാപരമായ ഒരു എക്സർസൈസ് കൂടിയാണ്. അത് ദഹനക്കേട് തടയുന്നു പ്രഭാതത്തിൽ വയർ കാലിയായികിടക്കുമ്പോഴാണ് സുബ്ഹി നമസ്ക്കാരം. ചിലർ സുബ്ഹിക്ക് മുമ്പ് തഹജ്ജുദ് നമസ്ക്കാരം നിർവഹിക്കുന്നു. അത്പോലെ വൈകീട്ട് രാത്രി ഭക്ഷണത്തിന് ശേഷമുള്ള നമസ്ക്കാരത്തിലെ ശരീര ചലനവും ദഹന പ്രക്രിയയെ സഹായിക്കുന്നു.

3. നമസ്ക്കാരത്തിന് തുടക്കത്തിൽ നാം തക്ബീർ ചൊല്ലുമ്പോൾ ഇരു കൈകൾ ഉയർത്തുന്നു. ഇത് മസിലുകൾ ചലിപ്പിക്കുകയും തല ഒഴികെയുള്ള ശരീരഭാഗങ്ങളിലേക്ക് രക്തം പ്രവഹിക്കാൻ കാരണമാകുകയും ചെയ്യുന്നു.

4. നമസ്ക്കാരത്തിലെ ഏറ്റവും പ്രധാനപ്പെട്ട അനുഷ്ഠാനം സുജൂദാണ്. നെറ്റി കൊണ്ട് നാം തറയിൽ സ്പർശിച്ച് അല്ലാഹുവിനെ വണങ്ങുമ്പോൾ നമ്മുടെ തലയിലേക്ക് പുതുരക്തത്തിന്റെ പ്രവാഹമുണ്ടാ കുന്നു. യോഗയിൽ ചിലർ ഇതിനായി പ്രയാസകരമായ ശീർഷാസനം ചെയ്യാറുണ്ട്.

5. നമസ്ക്കാരത്തിലെ ഇടയിലിരുത്തത്തിൽ നമ്മുടെ ഇടുപ്പ് സന്ധി, കാൽമുട്ട്, കൈമുട്ട്, നട്ടെല്ല്, കൈക്കുഴ എന്നീ അസ്ഥികളെല്ലാം ഒരു വിരാമാവ സ്ഥയിലാവുകയും നമ്മുടെ ശരീരത്തിന് ആകെ അയവ് നൽകുകയും ചെയ്യുന്നു. ഈ അവസ്ഥയിൽ ശരീരാവയവങ്ങൾക്കുണ്ടാകുന്ന അനായാസമായ മർദം പേശികളെ അയവുള്ളതാക്കി മാറ്റുന്നു.

6. ഹൃദയമാണല്ലോ ശരീരത്തിന്റെ ഏറ്റവും പ്രധാനപെട്ട ശരീരഭാഗം. അത് ശരീരത്തിന്റെ എല്ലാഭാഗത്തേക്കും രക്തം വിതരണം ചെയ്യുന്നു. നമസ്ക്കാരത്തിലെ ഈ ചലനങ്ങൾ ഹൃദയത്തിന് നല്ല ഒരു വ്യായാമമായി മാറുന്നു. റസൂൽ തിരുമേനി(സ)യുടെ ഒരു ഹദീസ് പ്രകാരം ശരീരത്തിൽ ഒരു അവയവമുണ്ട്. അത് ആരോഗ്യകരമായിരിക്കുമ്പോൾ മുഴു ശരീരവും ആരോഗ്യകരമായിരിക്കും. അത് രോഗാവസ്ഥയിലാവുമ്പോൾ മുഴു ശരീരവും രോഗിയായി തീരും. അതാണ് ഹൃദയം.

7. നമ്മുടെ ശരീരത്തിലെ ഒരു പ്രധാന അസ്ഥിയാണ് കാർട്ടിലേജ് (**Cartilage** = തരുണാസ്ഥി) കാർട്ടിലേജ് എന്നാൽ എല്ലിനേക്കാൾ കാഠിന്യം കുറഞ്ഞ അസ്ഥിയാണ്. ശരീരഭാഗങ്ങളെ ബന്ധിപ്പിക്കുന്നിടങ്ങളിലാണ് കാർട്ടിലേജ് കാണാറുള്ളത്. കാർട്ടിലേജ് നിർമിച്ചിരിക്കുന്ന ശരീരകലകളിൽ രക്തക്കുഴലില്ല. അതിനാൽ ഇവിടെ നേരിട്ട് രക്തചംക്രമണം ചെയ്യപ്പെടുന്നില്ല. ●

# അമേരിക്കയിലെ നേഷൻ ഓഫ് ഇസ്‌ലാം

ഫരീദ് അഹ്മദ്





അമേരിക്കയിലെ കറുത്ത വർഗക്കാർക്കിടയിൽ പല രൂപങ്ങളിൽ പ്രചരിക്കുന്ന ഒരു മതവിഭാഗമാണ് നേഷൻ ഓഫ് ഇസ്‌ലാം. ഇസ്‌ലാമിന്റെ പ്രാമാണിക നിലപാടുകളിൽ നിന്നും വ്യത്യ സ്തത പുലർത്തുന്ന ഇവരുടെ ഇസാ നബി(അ) യെ കുറിച്ചുള്ള സങ്കൽപ്പവും ഇസ്‌ലാമിൽ നിന്ന് വേറിട്ടതാണ്.

അമേരിക്കയിൽ സിവിൽ പ്രക്ഷോഭത്തിന്റെ കാലത്ത് ശക്തിപെട്ട ഒരു ഒരു പ്രസ്ഥാനമാണ് നേഷൻ ഓഫ് ഇസ്‌ലാം (Nation Of Islam). അടിമക്കച്ചവടത്തിലൂടെ കൊണ്ടു വരപ്പെട്ട ആഫ്രിക്കൻ അമേരിക്കക്കാർ അമേരിക്കയിൽ വളരെ ഹീനമായ വിവേചനത്തിന് വിധേയരായിരുന്നു. അത്കൊണ്ട് വംശീയ വിദ്വേഷത്തിലധിഷ്ഠിത മായ ഒരു പ്രസ്ഥാനത്തിന് അവർക്കിടയിൽ വൻ സ്വീകാര്യത ലഭിക്കുക എന്നത് സ്വാഭാവികമാണ്. അത്രമാത്രം വംശവെറി അനുഭവിച്ച വരായിരുന്നു അവർ. പക്ഷേ അവരുടെ പ്രസ്ഥാനം ഇസ്‌ലാമിന്റെ പേരിൽ അറിയപ്പെടുന്നു എന്നത് വിചിത്രമാണ്. വിശുദ്ധ ഖുർആൻ പഠിക്കുന്ന ഒരാൾക്ക് വർണത്തി ന്റേയോ വർഗത്തിന്റെയോ പേരി ലുള്ള യാതൊരുവിധ വിവേചനവും ദർശിക്കാൻ സാദ്ധ്യമല്ല. തീർച്ച യായും ഒരു സാർവജനീന മതം എന്ന നിലക്ക് ഇസ്‌ലാമിന് ഒരിക്കലും അങ്ങനെ ചിന്തിക്കാൻ സാദ്ധ്യമല്ല. എന്നാൽ നേഷൻ ഓഫ് ഇസ്‌ലാമിന്റെ സ്ഥാപകനായ ഏലിജാ മുഹമ്മദ് വെള്ളക്കാരെ പിശാചിന്റെ വർഗമായാണ് കാണുന്നത്. കറുത്ത വർഗമാണ് യഥാർഥ മനുഷ്യ വർഗം എന്ന് അവർ കരുതുന്നു. അവരാണ് ദൈവത്തിന്റെ തിരഞ്ഞെടുത്ത പ്രതിനിധികളെന്നും അദ്ദേഹം കരുതുന്നു. താൻ സ്വന്തമായി പഠിച്ച കാര്യങ്ങളാണ് ഏലിജാ മുഹമ്മദ് അദ്ദേഹത്തിന്റെ സിദ്ധാന്ത ങ്ങളായി അവതരിപ്പിക്കുന്നത്. തെളിവുകളുടെ അഭാവത്തിൽ അദ്ദേഹത്തിന്റെ സിദ്ധാന്തങ്ങളെല്ലാം ഒരു കെട്ടുകഥയുടെ വിതാനത്തി ലുള്ളതാണ്.

യേശുവിനെ പറ്റിയുള്ള ഇവരുടെ വിശ്വാസം വളരെ വിചിത്രമാണ്. The True History of Jesus എന്ന പുസ്തകത്തിൽ പറഞ്ഞ ചില കഥകളെ ഏലിജാ മുഹമ്മദ് അവതരിപ്പിക്കുന്നുണ്ട്. പല ചേരുവകളും ചേരുന്ന ഈ കഥ മനസ്സിലാക്കാൻ പ്രയാസമുള്ള താണ്. ഒരു ദൈവിക പ്രവാചകനെ ക്കുറിച്ചുള്ള തെളിവുകളില്ലാത്ത ഈ കഥാവർണനകൾക്ക് നിഗൂഢ മായ ചില ലക്ഷ്യങ്ങളുണ്ട്. ഈ ലഘു പുസ്തകം പ്രസിദ്ധീകരിച്ചത് CROE (Coalition for the Rememberence Of Elijha) ആണ്. മാസ്റ്റർ എന്നയാൾ തനിക്ക് പറഞ്ഞു തന്ന യേശുവിനെ കുറിച്ചുള്ള ഈ കഥ സത്യമാണെ ന്നാണ് ഏലിജാ മുഹമ്മദ് അവകാശപ്പെടുന്നത്. The Personi- fication of God (The Mahdi) എന്ന ഈ പുസ്തകം നേഷൻ ഓഫ് ഇസ്‌ലാമിനെ പറ്റി ചില വിവരങ്ങൾ വെളിപ്പെടുത്തുന്നു. ഈ പുസ്തകം വായനക്കാരന് നേഷൻ ഓഫ് ഇസ്‌ലാമിനെ പറ്റി പൂർണ


ഏലിജാ മുഹമ്മദ്



മാൽക്കം എക്സ്

വിവരം നൽകുന്നില്ല. അവരുടെ അദ്ധ്യാപനങ്ങൾ പോലെ ദുരൂഹമാണ് അതിന്റെ ഉദ്ഭവവും. ഏലിയാ ഫുലെ (1897-1975) എന്നയാൾ സ്ഥാപിച്ച പ്രസ്ഥാന മാണ് നേഷൻ ഓഫ് ഇസ്‌ലാം. ഫാർദ്, ഫുലെയെ പഠിപ്പിച്ച അദ്ധ്യാപനങ്ങളിൽ നിന്നാണ് ഈ പ്രസ്ഥാനം രൂപം കൊണ്ടത്. ചില ആളുകൾ ഫാർദിനെ തന്നെയാണ് നേഷൻ ഓഫ് ഇസ്‌ലാമിന്റെ സ്ഥാപകനെന്നും വാദിക്കുന്നു. ആരാണ് ഈ ഫാർദ്? അദ്ദേഹം എവിടെ നിന്ന് വന്നു? അദ്ദേഹം എങ്ങോട്ട് പോയി? എന്നീ കാര്യങ്ങൾ വിശദീകരിക്കപ്പെടാതെ അവശേഷിക്കുന്നു. ഈ ദുരൂഹത കൾക്ക് മുതൽ കൂട്ടുമാറ് അദ്ദേഹത്തെ വലി ഫാർദ് മുഹമ്മദ് എന്നും പറയപ്പെടുന്നു. മാൽക്കം എക്സിന്റെ (പിന്നീട് മാൽക്കം എക്സ് അൽഹാജ് മാലിക്ക് അശ്ശഹബാദ്സ് എന്ന് പേരിൽ അറിയപ്പെട്ടു) അഭിപ്രായത്തിൽ ഫാർദ് വീടുവീടാന്തരം പട്ടും തുണിയും വിറ്റു നടന്നിരുന്നു. 1931 ലാണ് ഏലിജാ മുഹമ്മദ് മിച്ചിഗണിലെ ഡെ ട്രോയിറ്റിൽ വെച്ച് അദ്ദേഹത്തെ കണ്ടെത്തുന്നത്. 1933 -34 ൽ ഫർദ് അപ്രത്യക്ഷനായതിന് ശേഷം പുലെ തന്റെ പേര് മുഹമ്മദ് എന്നാക്കി മാറ്റി. ഏലിജാ മുഹമ്മദിന്റെ കൃതികളിൽ ഫാർദ് ദൈവത്തിന്റെ ആൾരൂപമായി വർണിക്കപ്പെട്ടിട്ടുണ്ട്. അദ്ദേഹ ത്തെക്കുറിച്ച് പറഞ്ഞത് ദൈവം മാസ്റ്റർ ഫാർദ് മുഹമ്മദിന്റെ രൂപത്തിൽ പ്രത്യക്ഷനായി അദ്ദേഹത്തിന് എന്നും സ്തുതി യായിരിക്കട്ടെ എന്നാണ്. ഏലിജാ മുഹമ്മദ് ഫാർദിനെ മനുഷ്യനായോ അതല്ല ദൈവമായോ കണക്കാക്കു ന്നതെന്ന കാര്യം അവ്യക്തമാണ്. 1975 ൽ മരിക്കുന്നത് വരെ ഏലിജാ മുഹമ്മദ് നേഷൻ ഓഫ് ഇസ്‌ലാമി ന്റെ നേതാവായി തുടർന്നു. പിന്നീട് അദ്ദേഹത്തിന്റെ മകൻ ഫരീദുദ്ദീൻ മുഹമ്മദ് നേഷൻ ഓഫ് ഇസ്‌ലാമി ന്റെ നേതാവായി. കൗതുകകരമായ വസ്തുത ഫരീദുദ്ദീൻ അദ്ദേഹ ത്തിന്റെ പിതാവിന്റെ തീവ്രവാദ പരമായ നേഷൻ ഓഫ് ഇസ്‌ലാം പിരിച്ചു വിടുകയും ചെയ്തു എന്നതാണ്. അതിന് ശേഷം അമേരിക്കൻ മുസ്‌ലിം മിഷൻ എന്നൊരു പ്രസ്ഥാനം അദ്ദേഹം ആരംഭിച്ചു. ഏറെക്കുറെ സുന്നി മുസ്‌ലിംകളുമായി താദാത്മ്യം പ്രാപിച്ചതായിരുന്നു ഇത്. വീക്ഷണത്തിൽ മനുഷ്യർക്കിടയി ലുള്ള വർണ വൈവിധ്യം അംഗീകരിക്കുന്നതായിരുന്നു. 1985 ൽ ഫരീദുദ്ദീൻ അമേരിക്കൻ മുസ്‌ലിം മിഷനും പിരിച്ചു വിട്ടതായി പ്രഖ്യാപിച്ചു. പുതിയൊരു വിശാലമായ കാഴ്ച്ചപ്പാടിൽ ബ്ലാക്ക് മുസ്‌ലിംസ് ഇൻ അമേരിക്ക എന്ന പേരിൽ ഒരു സംഘടന രൂപീ കരിക്കുകയും ആഗോള വ്യാപക മായി മുസ്‌ലിം സമൂഹവുമായി കൂടുതൽ അടുക്കുക എന്നതായി രുന്നു പുതിയ സംഘടനയുടെ രൂപീകരണോദ്ദേശ്യം. ഏലിജാ മുഹമ്മദിന്റെ ചില അനുയായികളെ ഈ പൂർണമായ പിന്മാറ്റം നിരാശ രാക്കി. അവർ ലൂയീസ് ഫറാഖാൻ എന്നയാളുടെ നേതൃത്വത്തിൽ നേഷൻ ഓഫ് ഇസ്‌ലാം വീണ്ടും പുനരുജ്ജീവിപ്പിച്ചു.

## യേശുവിനെപറ്റി ഏലിജാ മുഹമ്മദ്

ഏലിജാ മുഹമ്മദിന്റെ അനു യായികളെ സെമിറ്റിക്ക് വിരോധി കളായിട്ടാണ് കണക്കാക്കുന്നത്. ഏലിജാ മുഹമ്മദിന്റെ ലേഖനങ്ങൾ വ്യക്തമാക്കുന്നത് അദ്ദേഹത്തിന്റെ വാദങ്ങൾ യേശുവിനെ സംബന്ധിച്ച് യഹൂദർ വെച്ചു പുലർത്തുന്നതാ കുന്നു. ഖുർആന്റെ അഭിപ്രായ ത്തിന് വിപരീതവുമാണത്.

ഒന്നാമതായി യേശു മറിയ യുടേയും ജോസഫിന്റേയും നിയമ വിരുദ്ധമായ സന്താന മാണെന്നാണ് കരുതുന്നത്. രണ്ടാമതായി യഹൂദർ യേശുവിന്റെ മരണത്തിന് വേണ്ടി യാതൊന്നും പ്രവർത്തിച്ചിട്ടില്ല എന്നും റോമൻ പട്ടാളക്കാരാണ് അത് ചെയ്തത് എന്നുമാണ്.



ഏലിജാ മുഹമ്മദിന്റെ വാദത്തിന് ഖുർആന്റെ പിന്തുണ ഉണ്ടെന്നാണ് പറയുന്നത്. യേശുവിന്റെ ജനനത്തേയും മരണത്തേയും പറ്റി അവരുടെ വാദങ്ങൾക്ക് തികച്ചും വിരുദ്ധമായ ആശയങ്ങളാണ് ഖുർആൻ മുന്നോട്ട് വെക്കുന്നത് എന്നതാണ് വാസ്തവം. യേശു കുരിശിൽ വെച്ച് മരിച്ചുവെന്ന ക്രിസ്ത്യാനികളുടെ വാദത്തേയും അദ്ദേഹം ഖണ്ഡിക്കുന്നു. ക്രിസ്ത്യാനികൾക്കും യഹൂദികൾക്കും ഇക്കാര്യത്തിലുള്ള വിയോജിപ്പ് നേഷൻ ഓഫ് ഇസ്ലാം അത്ര കാര്യമാക്കിയിട്ടില്ല എന്ന് തോന്നുന്നു. കാരണം അവർ ഇക്കാര്യം ഒഴുക്കൻ മട്ടിൽ പറയുന്നുവെന്നല്ലാതെ തെളിവുകളുന്നയിച്ച് അവരുടെ സിദ്ധാന്തം സമർഥിക്കുന്നില്ല.

### ദൈവത്തിന്റെ ഏകത്വം

നമ്പർ വൺ സീക്രട്ട് എന്ന പേരിൽ ഏലിജാ മുഹമ്മദ് എഴുതുന്നു: ഇതാണ് കുട്ടിക്കാലത്തെ ജോസഫിന്റേയും മറിയത്തിന്റേയും സ്നേഹത്തെ പറ്റി അല്ലാഹുവിനാൽ (മാസ്റ്റർ ഫർദ് എന്നയാളാണ് അല്ലാഹുവിന്റെ ആൾ രൂപം. അദ്ദേഹത്തിന് എപ്പോഴും എപ്പോഴും സ്തുതിയായിരിക്കട്ടെ) പഠിപ്പിക്കപ്പെട്ടത്. യേശുവിന്റെ യഥാർഥ ചരിത്രത്തെ പറ്റി അല്ലാഹു (ദൈവം) പഠിപ്പിച്ചു തന്നതിനെക്കുറിച്ച് ധാരാളം എഴുതുവാനുണ്ട് ഇതാണ് മാസ്റ്റർ ഫർദിലൂടെ അല്ലാഹു എനിക്ക് പഠിപ്പിച്ചു തന്നത്. അദ്ദേഹത്തിന് എപ്പോഴുമെപ്പോഴും സ്തുതിയായിരിക്കട്ടെ.

### യേശുവിന്റെ മരണം

യേശുവിന്റെ മരണത്തെ പറ്റി അതിവിചിത്രമായ ഒരു സിദ്ധാന്തമാണ് ഏലിജാ മുന്നോട്ടു വെക്കുന്നത്. അതായത് ഖുർആൻ അദ്ദേഹത്തെ യഹൂദികൾക്ക് വധിക്കാൻ കഴിഞ്ഞിട്ടില്ല എന്ന് പറഞ്ഞത്കൊണ്ട് റോമക്കാരാണ് യേശുവിനെവധിച്ചത്. ബൈബിളിലെ കുരിശുമരണ കഥ കെട്ടുകഥയാണ് എന്നാണ് അദ്ദേഹം പറയുന്നത്. ഏലിജ തികച്ചും മറ്റൊരു കഥയാണ് പറയുന്നത്.

യേശുവിനെ ജീവനോടെയോ അല്ലാതെയോ പിടിച്ചു കൊടുത്താൽ സമ്മാനത്തുക ലഭിക്കുമെന്ന വാഗ്ദാനമുണ്ടായിരുന്നു. അതു പ്രകാരം യേശുവിനെ തേടിയിറങ്ങിയ റോമൻ പടയാളികൾ ഒരു യഹൂദന്റെ പീടികക്കരികെ പ്രസംഗിച്ചു നിൽക്കുന്ന യേശുവിനെ കണ്ടു. അങ്ങനെ അവരുടെ ഇംഗിതമറിഞ്ഞ യേശു അവർക്ക് തലയെടുക്കാൻ പാകത്തിൽ നിന്നുകൊടുക്കയായിരുന്നു എന്നാണ് ഏലിജാ മുഹമ്മദ് പറയുന്നത്. ബൈബിളിൽ റോമൻ പടയാളി കുന്തം കൊണ്ട് കുത്തിനോക്കുന്ന രംഗം ഇതാണെന്നാണ് ഏലിജായുടെ വാദം.

യേശു കശ്മീരിൽ വെച്ച് മരിച്ചുവെന്ന അഹ്മദികളുടെ വാദത്തെ ഏലിജാ ഖണ്ഡിക്കുന്നു. ചില മുസ്ലിം പണ്ഡിതന്മാരുടെ സാങ്കൽപ്പികമായ സിദ്ധാന്ത പ്രകാരം യേശു ഫലസ്തീനിൽ വെച്ച് മരിച്ചിട്ടില്ലെന്നും കശ്മീരിൽ വെച്ചാണ് മരിച്ചതെന്നും പറയുന്നു. കാശ്മീരിലെ ഒരു പഴയ കല്ലറ പാശ്ചാത്യദിക്കിൽ നിന്നും വന്ന ഒരു പ്രവാചകന്റേതാണെന്ന് അവർ കരുതുന്നു. ഇത് ദൈവത്തിന്റെ അധ്യാപനങ്ങൾക്കും യേശുവിന്റെ വചനങ്ങൾക്കുമെതിരാണ്.

ഈ ലോകത്തിന്റെ യഥാർഥ സത്യവും ജനങ്ങളിൽ നിന്ന് മറക്കപ്പെട്ട രഹസ്യവും ഈ ലോകത്തിന്റെ അവസാനത്തിൽ എല്ലാമറിയുന്ന ദൈവം (അല്ലാഹുവിന്റെ ആൾ രൂപം) വെളിപ്പെടുത്തുന്നതാണ്.

കഴിഞ്ഞ 35 വർഷക്കാലമായി (1966)ന് മുമ്പ് എനിക്കദ്ദേഹം (മാസ്റ്റർ ഫാർദ് മുഹമ്മദ്) പഠിപ്പിച്ചതെല്ലാം ഞാൻ നിങ്ങൾക്ക് നിരന്തരം പറഞ്ഞുതരുന്നു. അദ്ദേഹം പഠിപ്പിച്ചു തന്നതല്ലാതെ ഞാനൊന്നു പഠിപ്പിക്കുന്നില്ല. സത്യം അതല്ലാതെ മറ്റൊന്നു മായിരിക്കില്ല. (നമ്പർവൺ സീക്രട്ട് പേജ് 16,17 )

മേൽ വിവരിച്ച പ്രകാരം ഫാർദ് ആരാണെന്നോ എന്താണെന്നോ നമുക്കറിയില്ല. പക്ഷേ പ്രസ്തുത ഉദ്ധരണിയിൽ നിന്ന് നമുക്ക് മനസ്സിലാവുന്നത് ഫാർദ് എന്ന ദൈവാവതാരമാണ് ഏലിജാ മുഹമ്മദിന്റെ ജ്ഞാനങ്ങളുടെ സ്റോതസ്സ് എന്നാണ്.

യേശുവിനെ സംബന്ധിച്ച എല്ലാ കഥകളും W.D ഫാർദിൽ നിന്ന് ലഭിച്ചതാണെന്ന് അദ്ദേഹം അവകാശപ്പെടുന്നു എന്ന് മുകളിലത്തെ പ്രസ്താവനയിൽ നിന്ന് നമുക്ക് മനസ്സിലാവുന്നു. ഏലിജാ മുഹമ്മദിന്റെ സിദ്ധാന്തങ്ങൾ ഖുർആന്റെ അടിസ്ഥാന പ്രമാണങ്ങൾക്ക് വിരുദ്ധമാണ്. ദൈവത്തിൽ ആരെയും പങ്കുചേർക്കരുതെന്ന് ഖുർആന്റെ ഏറ്റവും പ്രധാനപ്പെട്ട അടിസ്ഥാന തത്ത്വമാണ്. ***'എന്നോടൊപ്പം ഒന്നിനേയും പങ്കുചേർക്കരുത്.'*** (വി. ഖുർആൻ 22:27) അതിൽ കൂടുതലായി ഖുർആൻ പറയുന്നു. യാതൊന്നും തന്നെ അല്ലാഹുവിൽ പങ്കുകാരനല്ലാതെയില്ല. അവൻ ഏകനാണ് ഖുർആൻ പറയുന്നു: ***'അവനെ പോലെ ആരും ഇല്ല.'*** (112:5)

അമേരിക്കയിൽ അതിശീഘ്രം വളരുന്ന ബ്ലാക്ക് മുസ്ലിംകളിലെ വലിയൊരു വിഭാഗം സുന്നി മുസ്ലിം വിശ്വാസവുമായി ഏറെക്കുറെ അടുത്ത്വരികയാണെന്ന് പറയപ്പെടുന്നു. നേഷൻ ഓഫ് ഇസ്ലാം എന്ന വംശീയ വാദത്തിന്റെ അടിസ്ഥാനത്തിലുള്ള മതപ്രസ്ഥാനങ്ങളും അമേരിക്കയിലുണ്ട്. ഏതായാലും ഇസ്ലാമിന്റെ പരിശുദ്ധമായ അദ്ധ്യാപനങ്ങളിൽനിന്ന് എത്രയോ അകന്ന് നിൽക്കുകയും കടക വിരുദ്ധമായ ആശയങ്ങൾ പ്രചരിപ്പിക്കുകയും ചെയ്യുന്ന ഈ ഇസ്ലാമിക സംഘടനയുടെ പേരിൽ മാത്രമേ ഇസ്ലാമുള്ളു എന്ന് നാം അറിയേണ്ടിയിരിക്കുന്നു. ●

# അറിയേണ്ട സത്യങ്ങൾ

മുഹമ്മദ് ഉമർ

**നിങ്ങൾ സത്യം അറിയണം**

**പി വി അഹ്മദ് കോയ**

**പൂർണ പബ്ലിക്കേഷൻ**


**വില 250**




മനുഷ്യനും ദൈവവുമായി ഒരു സജീവ സമ്പർക്കം ഉണ്ടാവുന്നതിന് വേണ്ടിയും അങ്ങ നെ ഒരു ആത്മീയ വിപ്ലവം സംജാതമാക്കു ന്നതിനും ദൈവത്തിൽ നിന്ന് പ്രവാചകന്മാരും ദൈവദൂതന്മാരും കാലാകാലങ്ങളിൽ അവതരിച്ചുകൊണ്ടിരിക്കുന്നതാണ്. അപ്പോഴെ ല്ലാം സത്യവിരോധികളും സ്വാർഥതൽപരരുമായ പണ്ഡിത നേതാക്കന്മാരും അവരെ അനുഗമിക്കുന്ന പാമര ജനങ്ങളും എതിർപ്പ് പ്രകടിപ്പിച്ചു കൊണ്ടിരിക്ക മാത്രമല്ല ഏറ്റവും കിരാതമായ രീതിയിൽ മർദനമുറകൾ ഉപയോഗിച്ചു വരികയും ചെയ്തിരുന്നു. എന്നാൽ ആ പ്രവാചകന്മാരും അവരുടെ പ്രസ്ഥാനവും എല്ലാ എതിർപ്പുകളേയും അതിജീവിച്ച് വിജയം വരിക്കുന്നു.

ദൈവികമായ ഈ സത്യത്തെ തിരിച്ചറിയുന്നതിനും വിശേഷ ബുദ്ധി പ്രദാനം ചെയ്തു കൊണ്ട് നിങ്ങൾ എന്തുകൊണ്ട് ചിന്തിക്കുന്നില്ല (അഫലാ തഫക്കറൂൻ, അഫലാ തദബ്ബറൂൻ ) എന്ന് വിശുദ്ധ ഖുർആൻ പല സ്ഥലങ്ങളിൽ ആവർത്തിച്ച് ആഹ്വാനം ചെയ്യുന്നു. എന്റെ ആത്മ സഹോദരൻ പി വി അഹ്മദ് കോയ എഴുതിയ നിങ്ങൾ സത്യം അറിയണം എന്ന പുസ്തകത്തിൽ ഇന്നത്തെ മുസ്ലിംകളിൽ പ്രചരിച്ചുകൊണ്ടിരിക്കുന്ന അന്ധവിശ്വാസങ്ങളേയും ബിദ്അത്തുകളേയും കുറിച്ച് ഇക്കാലത്ത് മുസ്ലിംകളിൽ പ്രകടമായ അനിസ്ലാമിക സ്ഥിതിഗതികളെ പറ്റിയും അപ്പോൾ അവതരിക്കുന്ന വാഗ്ദത്ത മസീഹിനെക്കുറിച്ചും സവിസ്തരം പ്രതിപാദിച്ചിരിക്കുന്നു. ജിഹാദിന്റെ യഥാർഥ്യം, ഖിലാഫത്തിന്റെ പ്രസക്തി, ഇക്കാലത്ത് ഖിലാഫത്തിന്റെ പുനസ്ഥാപനം, മുൻ പാകിസ്താൻ പ്രധാനമന്ത്രി സുഫിക്കാർ അലി ഭൂട്ടോയുടെയും പട്ടാള ഏകാധിപതി സിയാഉൽ ഹഖിന്റേയും ദുർമരണങ്ങൾ, അഹ്മദികളും അൽജമാഅത്തും, അഹ്മദിയ്യാ ജമാഅത്തിന്റെ രാഷ്ട്രീയ കാഴ്ച്ച പാടുകൾ, ഹദ്റത്ത് അഹ്മദി(അ)ന്റെ സത്യസാക്ഷ്യങ്ങൾ ദിവ്യദൃഷ്ടാന്തങ്ങൾ എന്നിവയെ ക്കുറിച്ച് ഗ്രന്ഥകർത്താവ് തന്റെ വ്യത്യസ്തമായ ശൈലിയിൽ പ്രതിപാദിച്ചിരിക്കുന്നു. ഈ പുസ്തകത്തിലെ ജമാഅത്തിന്റെ രാഷ്ട്രീയപരമായ കാഴ്ച്ചപാടുകൾ എന്ന അദ്ധ്യായം വളരെ പ്രധാനപ്പെട്ടതാണ്. ചുരുക്കത്തിൽ ഈ ഗ്രന്ഥം സത്യാന്വേഷികൾ പാരായണം ചെയ്യുകയാണെങ്കിൽ സത്യം എളുപ്പത്തിൽ മനസ്സിലാക്കാൻ സാധിക്കുന്നതാണ്. അല്ലാഹു അതിനുള്ള ദിവ്യാനുഗ്രഹം വായനക്കാർക്ക് നൽകുമാറാകട്ടെ. ഗ്രന്ഥകർത്താവ് സത്യത്തെ യാതൊരു വളച്ചുകെട്ടും ഇല്ലാതെ വെളിപ്പെടുത്തിയതിന് അദ്ദേഹത്തിന് ദൈവത്തിൽ നിന്നുള്ള മഹത്തായ പ്രതിഫലവും അനുഗ്രഹവും ലഭിക്കുമാറാകട്ടെ.


# സ്പോർട്സ് ഇതിഹാസം മുഹമ്മദലി ക്ലേ



മുസാഫിർ

2016 ജൂൺ 3ന് അന്തരിച്ച നൂറ്റാണ്ടിന്റെ സ്പോർട്സ് ഇതിഹാസം എന്ന് വിശേഷിപ്പിക്കപ്പെട്ട ലോകപ്രശസ്ത ബോക്സിംഗ് താരം മുഹമ്മദലി ക്ലേ 1964 ൽ 22ാം വയസ്സിലാണ് ഇസ്ലാം മതം സ്വീകരിച്ചത്. അമേരിക്കയിലെ നീഗ്രോ വംശജനായ മുഹമ്മദലി അടിമ നാമം (Slaves Name) എന്ന് സ്വയം വിശേഷിപ്പിച്ചിരുന്ന കാഷ്യസ് മേർസിലസ് ക്ലേ ജൂണിയർ എന്ന നാമം ഇസ്ലാം മത സ്വീകരണത്തോടൊപ്പം അദ്ദേഹം മാറ്റുകയായിരുന്നു. കടുത്ത വർണ വിവേചനം നിലനിന്നിരുന്ന അമേരിക്കയിൽ കുഞ്ഞു നാളിൽ തൊട്ടേ അലിക്കുണ്ടായ തിക്താനുഭവങ്ങളാണ് പോരാളിയായ അദ്ദേഹത്തെ മാനവികതയുടെ ഉത്കൃഷ്ട പാഠങ്ങൾ നൽകുന്ന ഇസ്ലാം മതം ആകർഷിക്കാൻ കാരണം.

അമേരിക്കയിൽ ഇന്ന് ഇസ്ലാം വേഗത്തിൽ വളരുന്ന ഒരു മതമാണ്. അമേരിക്കയിൽ സെൻസസ് ബ്യൂറോ മതം ചോദിക്കാത്തതിനാൽ കൃത്യമായ കണക്ക് ഔദ്യോഗികമായി ലഭ്യമല്ല. പകരം കൃത്യതയില്ലാത്ത പല സ്വകാര്യ ഏജൻസികളുടേയും കണക്കാണുള്ളത്. അമേരിക്കൻ ജനസംഖ്യയുടെ 1 മുതൽ 2 ശതമാനം വരെ മുസ്ലിംകൾ ഉണ്ടാകുമെന്നാണ് കണക്കാക്കപ്പെടുന്നത്. അമേരിക്കയിലെ തദ്ദേശീയനായ ആദ്യത്തെ മുസ്ലിം അലക്സാണ്ടർ റസ്സൽ വെബ്ബ് ആണ് . അദ്ദേഹം ഇസ്ലാം മതം സ്വീകരിച്ചത് വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദുൽ ഖാദിയാനി (അ) യുടെ ഇസ്ലാം മതസന്ദേശം ലഭിച്ചതിന് ശേഷമാണ് എന്ന കാര്യം സ്മരണീയമാണ്. 1886 ഡിസംബർ 17ന് ഹദ്റത്ത് അഹ്മദ്(അ) വെബ്ബിന് കത്തയക്കുകയും, 1887 ഫെബ്രുവരി 24ന് അദ്ദേഹം മറുപടിക്കത്തയക്കുകയും പിന്നീട് അദ്ദേഹം ഇസ്ലാം മതം സ്വീകരിച്ച് അമേരിക്കയിൽ ഇസ്ലാം മത പ്രചാരണത്തിന് തുടക്കം കുറിക്കുകയുമാണുണ്ടായത്. അന്ന് അദ്ദേഹം ഫിലിപ്പെൻസിൽ അമേരിക്കയുടെ നയതന്ത്ര പ്രതിനിധിയായി ജോലി നോക്കുകയായിരുന്നു. പിന്നീട് 1921 ലാണ് അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ പ്രഗല്ഭ പണ്ഡിതനായ മിഷ്ണറി ഹദ്റത്ത് ഡോ. മുഫ്തി മുഹമ്മദ് സാദിക്ക് (റ) അമേരിക്കയിലെത്തി ഇസ്ലാം മത പ്രചാരണം നടത്തുന്നത്. വർണ വിവേചനം കൊടികുത്തി വാഴുന്ന കാലത്താണ് അദ്ദേഹം അമേരിക്കയിലെത്തിയത്. അദ്ദേഹത്തിന്റെ ശ്രമഫലമായി ആയിരത്തോളം ആളുകൾ ഇസ്ലാം മതം സ്വീകരിക്കുകയുണ്ടായി. ഡോ. മുഫ്തി സാഹിബ് ഒരിക്കലും അമേരിക്കയിലെ വംശീയ ധ്രുവീകരണം ഇസ്ലാംമത പ്രചരണത്തിന് വേണ്ടി ഉപയോഗിച്ചിരുന്നില്ല. കടുത്തതോതിൽ വർണ വിവേചനം നിലനിൽന്നിരുന്ന അമേരിക്കൻ ജനതയിൽ മാനവ സമത്വം വളരണമെങ്കിൽ ഇസ്ലാം മതം പ്രചരിക്കേണ്ടതിന്റെ ആവശ്യ



അലക്സാണ്ടർ റസ്സൽ വെബ്ബ്




ഹദ്റത്ത് ഡോ. മുഫ്തി മുഹമ്മദ് സാദിക്ക് (റ)

കത അദ്ദേഹം മനസ്സിലാക്കിയിരുന്നു. ക്രിസ്തുമതം വൻ തോതിൽ അമേരിക്കയിൽ പ്രാമുഖ്യം നേടിയിട്ടും വർണ വിവേചനത്തിൽ മാറ്റമില്ലാത്തത് ശ്രദ്ധേയമാണ്. അമേരിക്കയിൽ കറുത്തവരായ ആഫ്രിക്കൻ മുസ്‌ലിംകളിൽ 4 ൽ 1 മുതൽ 3 ൽ 1 വരെ ഇസ്‌ലാം മതം സ്വീകരിച്ചവരാണ്.

അമേരിക്കയിലെ കറുത്ത മുസ്‌ലിംകൾ (Black Muslims) എന്നറിയപ്പെടുന്ന വിഭാഗത്തിന്റെ നേതാവായ മാൽക്കം എക്സിനെ 1962 ലാണ് അലി കണ്ടുമുട്ടുന്നത്. പിന്നീട് അദ്ദേഹത്തെ തന്റെ ആത്മീയ നേതാവായി അലി അംഗീകരിക്കുകയാണുണ്ടായത്. മാൽക്കം എക്സ് നേഷൻ ഓഫ് ഇസ്‌ലാമിന്റെ വക്താവായിരുന്നെങ്കിലും അവരുടെ വെള്ളക്കാരോടുള്ള കടുത്ത വിരോധവും വിഭാഗീയമായ കലാപ പ്രവണതയോടും വിയോജിച്ച മാൽക്കം എക്സ് പിന്നീട് ഹജ്ജ് നിർവഹിച്ച് അൽ ഹാജ് മലിക് ശഹ്ബാസ് എന്ന് പേര് മാറ്റി മുഖ്യധാരാ സുന്നി ഇസ്‌ലാമിലേക്ക് മാറുകയാണുണ്ടായത്. സുന്നി മുസ്‌ലിമിലേക്ക് പോയ മാൽക്കവുമായി അലി തെറ്റിപിരിഞ്ഞു. പിന്നീട് അലി അതിൽ ഖേദം പ്രകടിപ്പിക്കുകയുണ്ടായി. 1972 ൽ അലി മക്കയിൽ പോയി ഹജ്ജ് നിർവഹിച്ചു. ഹജ്ജ് വേളയിലെ വിവിധ മുസ്‌ലിം ജനതകളുടെ സംഗമം അലിയെ വളരെയധികം സ്വാധീനിച്ചു. 1988 ൽ അലി വീണ്ടും ഹജ്ജ് നിർവഹിക്കുകയുണ്ടായി.

1975 ൽ അലി നേഷൻ ഓഫ് ഇസ്‌ലാം നേതാവ് ഏലിജാ മുഹമ്മദിന്റെ നിര്യാണ ശേഷം നേഷൻ ഓഫ് ഇസ്‌ലാമിൽ നിന്നും തന്റെ പഴയ കാല ആചാര്യൻ മാൽക്കം എക്സിനെ പോലെ സുന്നി മുഖ്യധാരാ ഇസ്‌ലാമിലേക്ക് അലിയും മാറി. സെപ്തംബർ 11 ന്റെ അമേരിക്കയിലെ ടിൻ ടവർ ഭീകരാക്രമണത്തിന് ശേഷം അലി ഇസ്‌ലാം സമാധാനത്തിന്റെ മതമാണെന്നും ഒരിക്കലും ഭീകരത പ്രോത്സാഹിപ്പിക്കുന്നില്ല എന്നും ശക്തമായ പ്രചാരണം നടത്തി. ജിഹാദികളെ കടുത്ത ഭാഷയിൽ അപലപിക്കുകയുണ്ടായി. ഇസ്‌ലാമിന്റെ സമാധാന വാഞ്ചയെ അലി തന്റെ സ്വതസിദ്ധമായ ശക്തമായ ഭാഷയിലാണ് പ്രചരിപ്പിച്ചത്.

അമേരിക്കയിൽ ഇസ്‌ലാം മതം ഏറെ ശ്രദ്ധിക്കപ്പെടാൻ അലിയുടെ ഇസ്‌ലാം മതാശ്ലേഷണം കാരണമായി. ഒരിക്കൽ ഒരഭിമുഖത്തിൽ താങ്കൾക്ക് ബോഡിഗാർഡുണ്ടോ എന്ന് അവതാരകൻ ചോദിച്ചു. അദ്ദേഹം പറഞ്ഞു: അതേ, എനിക്കൊരു ബോഡി ഗാർഡുണ്ട്. അവൻ കാണുന്നു. എങ്കിലും അവന് കണ്ണില്ല. അവൻ എല്ലാം കേൾക്കുന്നു, എന്നാലും അവന് കാതുകളില്ല. അപാരമായ ഓർമശക്തിയാൽ അവൻ എല്ലാം ഓർക്കുന്നു. എന്തെങ്കിലും സൃഷ്ടിക്കണമെന്ന് അവൻ കരുതുമ്പോൾ അവന് ഒരു കൽപ്പന മതി......അതാരാണെന്ന് നിങ്ങൾക്ക് ഊഹിക്കാൻ കഴിയുമോ? അതാണ് അല്ലാഹു. അവനാണ് എന്റെ ബോഡി ഗാർഡ്. അലി പറഞ്ഞു. സിനിമക്കാരുടെ പറുദീസയായ ഹോളിവുഡിലെ അലിയെ ആദരിക്കാനുള്ള വാക് ഓഫ് ഫെയിം ചടങ്ങിലും അലി തന്റെ പ്രവാചക സ്നേഹം പ്രകടമാക്കുകയുണ്ടായി. ഹോളിവുഡിലെ രണ്ട് കിലോമീറ്റർ നീളമുള്ള ഇടനാഴിയിൽ തറയിൽ പേരു കൊത്തി വക്കലായിരുന്നു ചടങ്ങ്. എന്റെ പേരിൽ പ്രവാചകന്റെ പേരുണ്ട് ആളുകൾ അത് ചവിട്ടുന്നതിനാൽ അത് പാടില്ല അത് മതിലിൽ പതിക്കണമെന്ന് പറഞ്ഞു. അവിടെ മതിലിലാണ് മുഹമ്മദലി എന്നെഴുതിയ താമ്ര നക്ഷത്രം പതിച്ചത്. അറ്റ്ലാന്റയിലെ അഹ്മദിയ്യാ ജമാഅത്തുമായി അലിക്ക് നല്ല ബന്ധമായിരുന്നു ഉണ്ടായിരുന്നത്. അമേരിക്കയിൽ വിയറ്റ്നാം യുദ്ധവേളയിൽ നിർബന്ധ സൈനിക സേവനത്തിന് (Conscription) നേരെ അലി എടുത്ത തീരുമാനമാണ് അദ്ദേഹത്തെ ഒരു ഹീറോ ആക്കി മാറ്റിയത്. വിയറ്റ്നാം ജനം എന്റെ ശത്രുക്കളല്ല. അവർ എന്തു കൊണ്ട് എനിക്ക് ഒരു യൂണിഫോമും തന്ന് എന്റെ വീട്ടിൽ നിന്നും പതിനായിരം മൈൽ അകലെ പോയി തവിട്ട് നിറമുള്ള ജനതക്ക് മേൽ ബോംബ് വർഷിക്കാനും വെടിയുണ്ട ഉതിർക്കാനും പറയുന്നു? അതേസമയം ലൂയിസ് വില്ലയിലെ നീഗ്രോകളെ പട്ടികളെ പോലെ കണക്കാക്കുകയും അവർക്ക് മനുഷ്യാവകാശം നിഷേധിക്കുകയും ചെയ്യുന്നു? ഇല്ല, മനുഷ്യ കുരുതിയെ സഹായിക്കാനും മറ്റൊരു പാവപ്പെട്ട രാജ്യത്തെ ചുട്ടെരിക്കാനും വെള്ള യജമാനന്മാരുടെ അധിനിവേശം നിലനിർത്താൻ ഞാനെന്തിന് പോവണം? എന്റെ സഹോദര ങ്ങളെ കറുത്തവരായ പാവങ്ങളെ വിശക്കുന്നവനെ ശക്തരായ അമേരിക്കക്ക് വേണ്ടി വെടിവെച്ച് കൊല്ലാൻ എന്റെ മനസ്സാക്ഷി അനുവദിക്കുന്നില്ല. ഞാൻ എന്തിന് വേണ്ടി അവരെ വെടി വെച്ച് വീഴ്ത്തണം? അവരെന്നെ നീഗ്രോ എന്ന് വിളിച്ചിട്ടില്ല എന്നോട് ക്രൂരമായി പെരുമാറിയിട്ടില്ല. എന്നെല്ലാം പറഞ്ഞുകൊണ്ടാണ്




അലി നിർബന്ധിത പട്ടാള സേവനത്തെ എതിർത്തത്. എന്റെ ശത്രുക്കൾ വെള്ളക്കാരാണ്. ജപ്പാനികളോ വിയറ്റ്നാമികളോ അല്ല. എന്റെ സ്വാതന്ത്ര്യത്തിന് നിങ്ങളെതിരാണ്, എന്റെ നീതിക്ക് നിങ്ങളെതിരാണ്, എന്റെ സമത്വത്തിന് നിങ്ങളെതിരാണ്. എന്റെ വിശ്വാസങ്ങൾക്ക് വേണ്ടി ഈ അമേരിക്കയിൽ നിങ്ങൾ നിലകൊള്ളുന്നില്ല. ഞാൻ എവിടെയെങ്കിലും പോയി മെഡൽ വാങ്ങാൻ നിങ്ങളാഗ്രഹിക്കുന്നു. എന്നാലിവിടെ അമേരിക്കയിൽ എന്റെ കൂടെ നിൽക്കാൻ നിങ്ങൾക്കാവുന്നില്ല. അലി നിർഭയം തുറന്നടിച്ചു. ഈ നിലപാടാണ് അലിയെ സ്പോർട്സിനതീതമായ ഐതിഹാസിക താരമായി വളർത്തിയത്. അലിയുടെ ഈ നിലപാടിനെതിരെ അമേരിക്ക 5 വർഷത്തെ തടവ് വിധിക്കുകയും അമേരിക്ക നൽകിയ ചാമ്പ്യൻ പട്ടങ്ങളുമെല്ലാം തിരിച്ചെടു ത്തു. 10,000 ഡോളർ പിഴയും വിധിച്ചു. പിന്നീട് അപ്പീലിൽ കോടതിയാണ് അലിയെ സ്വതന്ത്ര നാക്കി വിട്ടയച്ചത്. വെള്ളക്കാർക്ക് മാത്രമായ ഒരു ഹോട്ടലിൽ കറുത്തവനായ അലിക്ക് ഭക്ഷണം വിളമ്പാൻ വിസ്സമ്മതിച്ചതിൽ അഭിമാന വിജ്രംഭിതനായ അലി പ്രതിഷേധിച്ച് തന്റെ ഒളിമ്പിക്ക് മെഡൽ ഒഹീയോ നദിയിലേക്ക് വലിച്ചെറിഞ്ഞു. എന്നെ ആദരിക്കാ ത്ത എന്റെ രാജ്യത്തിന് വേണ്ടി എനിക്ക് ലഭിച്ച മെഡൽ എനിക്ക് വേണ്ട എന്ന് പറഞ്ഞായിരുന്നു അലി അത് നദിയിലേക്ക് വലിച്ചെറിഞ്ഞത്. പിന്നീട് അമേരിക്ക, പ്രസിഡൻഷ്യൽ ഫ്രീഡം ഓഫ് അമേരിക്കയുടെ ഉന്നത പുരസ്ക്കാരം അലിക്ക് നൽകി ആദരിച്ചു. 1996 ലെ അറ്റ്ലാന്റ ഒളിമ്പിക്സിൽ ദീപം തെളിച്ചത് അലിയായിരുന്നു. 1974 ൽ അലി ഫലസ്തീൻ സന്ദർശിക്കുകയും അവരോട് ഐക്യദാർഢ്യം പ്രഖ്യാപിക്കുകയും ചെയ്തു.

അലി നാല് തവണ വിവാഹിതനാകുകയുണ്ടായി. മദ്യശാലയിലെ ജീവനക്കാരിയായിരുന്നു അലിയുടെ ആദ്യഭാര്യ. ഇസ്ലാം മത സ്വീകരണത്തിന് ശേഷം ഇസ്ലാമിക രീതിയിലുള്ള വസ്ത്ര ധാരണം നടത്തുവാൻ അലി ആവശ്യപ്പെട്ടതിനെ തുടർന്നാണ് അവരുമായുള്ള വിവാഹ മോചനമുണ്ടായത്. രണ്ടാം ഭാര്യ ബെലിംണ്ടാ അലിയെ പോലെ മതം മാറി ഖലീലാ എന്ന പേർ സ്വീകരിച്ചു. അലി അവരേയും വിവാഹ മോചനം ചെയ്തു. അലി വീണ്ടും രണ്ടു വിവാഹങ്ങൾ കൂടി കഴിച്ചു. മുഹമ്മദലിയുടെ ഖബറടക്ക ചടങ്ങിൽ ബിൽ ക്ലിന്റനെ സാക്ഷിയാക്കി പുരോഗമനവാദിയായ ജൂത പുരോഹിതൻ മൈക്കേൽ ലേണൽ മുഹമ്മദലിയുടെ നിലപാടുകളെ വാഴ്ത്തിക്കൊണ്ട് അമേരിക്കൻ ഭരണ കൂടത്തിന്റെ നിലപാടുകളെ രൂക്ഷമായി വിമർശിക്കുകയുണ്ടായി. വർണ വിവേചനത്തിനെതിരേയും ഫലസ്തീനിലെ മുസ്ലിംകൾക്കും മുസ്ലിം ലോകത്തിനുമെതിരെയും അമേരിക്കയും ജൂത തീവ്രവാദികളും കൂടി നടത്തുന്ന അക്രമണങ്ങളേയും അതിനിശിതമായി വിമർശിക്കുകയുണ്ടായി. അനീതിയോട് പോരാടിയ മുഹമ്മദലിക്ക് അർഹിക്കുന്ന അന്ത്യാഞ്ജലി ആയിരുന്നു ആ ജൂത പുരോഹിതന്റെ അനുസ്മരണ പ്രഭാഷണം. ●

## അല്ലാഹുവിന്റെ കാരുണ്യവും മനുഷ്യന്റെ ദൗർബല്യവും

നിങ്ങൾക്ക് മുമ്പ് കഴിഞ്ഞുപോയവരുടെ മാർഗങ്ങൾ നിങ്ങൾക്ക് വിവരിച്ചു തരുവാനും (അതിലേക്ക്) നിങ്ങളെ വഴിനടത്താനും നിങ്ങൾക്ക് കരുണ ചെയ്യുവാനും അല്ലാഹു ഉദ്ദേശിക്കുന്നു. അല്ലാഹു എല്ലാം അറിയുന്നവനും യുക്തിജ്ഞനുമാകുന്നു. നിങ്ങൾക്ക് കാരുണ്യം ചെയ്യണമെന്ന് അല്ലാഹു ഉദ്ദേശിക്കുന്നു. എന്നാൽ നിങ്ങൾ ദുർമാർഗത്തിലേക്ക് പൂർണമായും ചാഞ്ഞുപോകണമെന്നാണ് സേഛകളെ പിന്തുടരുന്നവർ ആഗ്രഹിക്കുന്നത്. നിങ്ങൾക്ക് ഭാരത്തെ ലഘൂകരിച്ചു തരുവാൻ അല്ലാഹു ഉദ്ദേശിക്കുന്നു. കാരണം മനുഷ്യൻ ദുർബലനായിട്ടാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. (അന്നിസാഅ്. 4:27,28,29)

കുറിപ്പുകൾ

# ബ്രെക്സിറ്റ്: ആശങ്ക ഉയർത്തുന്ന അടിയൊഴുക്കുകൾ



**മുസാഫിർ**

യൂറോപ്യൻ വൻകരയിൽ 1992 ൽ ഒരു ഉടമ്പടിയിലൂടെ 28 രാജ്യങ്ങൾ ചേർന്നു നിലവിൽ വന്ന ഏകീകൃത സംഘരാഷ്ട്ര സംവിധാനമാണ് യൂറോപ്യൻ യൂണിയൻ (ഇ.യു). രണ്ടാം ലോക മഹായുദ്ധത്തിന് ശേഷം യൂറോപ്പിന്റെ സാംസ്കാരികവും രാഷ്ട്രീയവും സാമ്പത്തികവുമായ പൊതു പൈതൃകത്തിന്റെ അടിസ്ഥാനത്തിൽ ശക്തമായ ഏകീകരണം ലക്ഷ്യംവെച്ചു കൊണ്ടുള്ളതായിരുന്നു ഇ.യു. രൂപീകരണം. കമ്പോളം, പൊതുനാണയം, പൊതുകാർഷിക നയം, പൊതുവ്യാപാരനയം, പൊതുമത്സ്യബന്ധന നയം, പൗരന്മാർക്ക് തടസ്സം കൂടാതെ സഞ്ചരിക്കാനുള്ള സ്വാതന്ത്ര്യം (പൊതു പൗരത്വം നടപ്പായിട്ടില്ല) എന്നിവയൊക്കെയാണ് ഇ.യുവിന്റെ പ്രത്യേകതകൾ. ബ്രിട്ടൻ ഇ.യു സഖ്യത്തിലെ ഏറ്റവും പ്രബലമായ രാജ്യങ്ങളിലൊന്നായിരുന്നു. ആ ബ്രിട്ടനാണ് 2016 ജൂൺ 23 ന് നടന്ന തങ്ങളുടെ ജനഹിത പരിശോധയിൽ യൂറോപ്യൻ യൂണിയനിൽ നിന്ന് പുറത്തേക്ക് പോവുന്നത്. ബ്രെക്സിറ്റ് (Briexit) എന്ന് മാധ്യമങ്ങൾ വിശേഷിപ്പിക്കുന്ന ബ്രിട്ടന്റെ ഈ തീരുമാനം ലോകമാകെ പ്രത്യക്ഷമായും പരോക്ഷമായും വലിയ തോതിൽ പ്രത്യാഘാതങ്ങളുണ്ടാക്കുന്നതാണ്. യൂറോപ്യൻ യൂണിയനിൽ തുടരണമെന്ന വാദക്കാരനായ ബ്രിട്ടീഷ് പ്രധാമന്ത്രി ഡേവിഡ് കാമറൂണിന്റെ നിലപാടുകൾക്കെതിരെയുള്ള വിധി കൂടിയാണിത്. അതിനാൽ അദ്ദേഹം പ്രധാന മന്ത്രി സ്ഥാനവും രാജിവെച്ചൊഴിയുകയാണ്.

യൂറോപ്യൻ യൂണിയനിൽ അംഗമായതോടെ ബ്രിട്ടനിൽ ആഭ്യന്തരവും വൈദേശികവുമായ പല കാര്യങ്ങളിലും തങ്ങൾക്ക് സ്വയം തീരുമാനങ്ങളെടുക്കാൻ പറ്റുന്നില്ല എന്നും തൊഴിലില്ലായ്മയും സാമ്പത്തിക പ്രശ്നങ്ങളും ഉണ്ടാവുന്നു എന്നുമാണ് ബ്രെക്സിറ്റ് അനുകൂലികൾ പറയുന്നതെങ്കിലും കുടിയേറ്റക്കാരോടും വിദേശികളോടുമുള്ള വിദ്വേഷം, തീവ്രദേശീയത, വലതുപക്ഷ തീവ്രവാദം, വംശീയവാദം, വർഗീയത, അന്യമത വിരോധം മുതലായ പല പ്രതിലോമ ഘടകങ്ങളും ഈ തീരുമാനത്തിന്റെ അടിയൊഴുക്കുകളായി വർത്തിച്ചിട്ടുണ്ടെന്ന് വിലയിരുത്തപ്പെടുന്നു. ഈ വിഷയങ്ങൾ പ്രത്യക്ഷമായും പരോക്ഷമായും ആളിക്കത്തിക്കുന്ന രീതിയിലായിരുന്നു ബ്രെക്സിറ്റ് അനുകൂലികളുടെ പ്രചാരണം. ഉന്നതമായ ജനാധിപത്യ ബോധമുള്ള ബ്രിട്ടീഷ് ജനതയിലും ഇത്തരം പ്രവണതകൾ തലപൊക്കുകയാണെങ്കിൽ അത് ആശങ്കാജനകമാണ്. യുറോപ്പിലെ ഇ.യു അംഗത്വമുള്ള പല രാജ്യങ്ങളിലും ഇത്തരം പ്രവണതകൾ ഇന്ന് സജീവമാണ്. വർഗീയവും വംശീയവുമായ

വിദ്വേഷ വികാരങ്ങൾ ഇളക്കിവിട്ടും വിദേശീ വിരോധം ചീറ്റിയും നിഷേധാത്മക പ്രചാരണം നടത്തുന്ന അമേരിക്കൻ പ്രസിഡന്റ് സ്ഥാനാർഥി ഡൊണാൾഡ് ട്രംപ് ഇ.യു വിടാനാണ് ബ്രിട്ടീഷ് ജനതയെ ഉദ്ബോധിപ്പിച്ചത്. യൂറോപ്യൻ നഗരങ്ങളിലെ ജിഹാദീ ഭീകരാക്രമണം യൂറോപ്പിലെ പല രാജ്യങ്ങളിലും മുസ്‌ലിം വിരുദ്ധ വികാരം ഉയർത്തിയിട്ടുണ്ട്. പ്രാഥമികമായി മുസ്‌ലിം സമൂഹം ഈ ജിഹാദീ സിദ്ധാന്തത്തെ അടിമുടി തള്ളിപ്പറയുകയാണ് വേണ്ടത്. ഇത്തരം സംഭവങ്ങളാണ് യൂറോപ്പിൽ ഇസ്‌ലാം വിരുദ്ധതക്ക് സാധൂകരണം നൽകുന്നത്. ഫ്രാൻസിൽ ഓലന്റിന്റെ സോഷ്യലിസ്റ്റ് ഭരണ കൂടം മുസ്‌ലിംകൾക്കെതിരെ പല നിയമങ്ങളും കൊണ്ടു വരുന്നു. ഹങ്കറിയിൽ വിക്തോർ ഒർബാനും മതപരമായ ഭിന്നതകൾ ഉണ്ടാക്കി അധികാരമുറപ്പിക്കാൻ ശ്രമിക്കുന്നു. ഓസ്ട്രിയയിലെ പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ വംശീയ വാദി നോർബർട്ട് ഹോഫർ തോറ്റത് കുറഞ്ഞ വോട്ടുകൾക്കാണ്. പോളണ്ടിൽ, പ്രസിഡന്റ് ആൻഡേ ദൂദ അറിയപ്പെടുന്ന കുടിയേറ്റ വിരുദ്ധനാണ്. യൂറോപ്പിൽ സിറിയൻ അഭയാർഥികളോടും വിദേശികളോടും ഏറ്റവും മനുഷ്യത്വ പൂർണമായ നിലപാട് സ്വീകരിച്ച ജർമൻ ചാൻസലർ ആഞ്ചലാ മെർക്കലിൻ ഈ.യു വിലെ ഏറ്റവും ശക്തമായ രാജ്യമായി നിലകൊള്ളുന്നു എന്നത് ആശ്വാസകരമാണ്. അവർക്കും ജർമനിയിൽ ജനപിന്തുണ കുറയുന്നതായിട്ടാണ് സൂചന.

യൂറോപ്പിൽ ക്രിസ്ത്യൻ രാജ്യങ്ങൾക്കിടയിലെ ഒരേയൊരു മുസ്‌ലിം രാജ്യമായ തുർക്കി ഇ.യു വിൽ പ്രവേശിക്കാൻ 1987 ൽ അപേക്ഷനൽകി ഇപ്പോഴും കാത്തു കെട്ടിക്കിടക്കുകയാണ്. അവർക്ക് പ്രവേശനം ലഭിച്ചിട്ടില്ല. തുർക്കിയുടെ മുസ്‌ലിം പശ്ചാത്തലമാണ് എല്ലാ അർഹതയും ഉണ്ടായിട്ടും ഇ.യുവിൽ പ്രവേശനം ലഭിക്കാത്തതിന് മുഖ്യ കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നത്. ബ്രെക്സിറ്റിൽ പുറത്ത് പോവേണ്ടി വന്ന ബ്രിട്ടീഷ് പ്രധാനമന്ത്രി ഡേവിഡ് കാമറൂൺ തുർക്കിയുടെ ഇ.യു പ്രവേശനത്തിന് അനുകൂലമായി നിന്ന നേതാവായിരുന്നു

ഇ.യു വിൽ നിന്നും ബ്രിട്ടന്റെ ഈ വിട്ടുപോകൽ തീരുമാനം ബ്രിട്ടനോട് ഈയിടെ കൂട്ടിച്ചേർക്കപ്പെട്ട സ്കോട്ട്‌ലന്റിൽ അസ്വസ്ഥതകൾ ഉണ്ടാക്കിയിരിക്കുകയാണ്. യു കെ യിൽ 2014-ൽ നടന്ന ഹിതപരിശോധനയിൽ ബ്രിട്ടന്റെ ഭാഗമായി നിൽക്കണമെന്ന് 52 ശതമാനം ജനങ്ങൾ വിധിയെഴുതിയതിന്റെ ഫലമായാണ് സ്കോട്ട്‌ലന്റ് ബ്രിട്ടനോടൊപ്പം ചേരുന്നത്. ബ്രിട്ടന്റെ യൂറോപ്യൻ യൂണിയനിലെ അംഗത്വമാണ് സ്കോട്ട്‌ലന്റ് ബ്രിട്ടനിൽ ചേരാനുള്ള മുഖ്യ ആകർഷണം. ഇപ്പോൾ നടന്ന ബ്രെക്സിറ്റ് ഹിത പരിശോധനയിൽ ബ്രിട്ടന്റെ ഭാഗമായി മാറിയ സ്കോട്ട്‌ലന്റിലെ ജനങ്ങൾ 62 % വും ഇ.യു വിൽ തുടരാനാണ് വോട്ട് രേഖപ്പെടുത്തിയത്. ബ്രിട്ടനിലെ മൊത്തം ഫലം ഇ.യു വിടാനാണ് എന്ന് വന്നപ്പോൾ സ്കോട്ട്‌ലന്റിൽ ഇത് സംബന്ധിച്ച ഭിന്നതകൾ രൂക്ഷമാവുകയാണ്.

ഏതായാലും ബ്രിട്ടൻ നൽകുന്ന സൂചനകൾ ആശാവഹമല്ല. യൂറോപ്പിലെ പല രാജ്യങ്ങളിലേയും വലതുപക്ഷങ്ങളും തീവ്രദേശീയ വാദികളും ഈ വഴിക്ക് നീങ്ങാനുള്ള പ്രവണത കാണിക്കുന്നവരാണ്. യൂറോപ്പ് ഏകീകരണത്തിന് പകരം ദേശീയാടിസ്ഥാനത്തിൽ വീണ്ടും ധ്രുവീകരിക്കപ്പെടുന്നത്, സഹകരണത്തിനും സമാധത്തിനും പകരം ലോകത്ത് സംഘർഷവും അസമാധാനവും ചേരിപ്പോരും ഉണ്ടാക്കില്ലേ എന്നാണ് നമ്മുടെ ആശങ്ക. ●

---

## ഫസ്‌ലെ ഉമർ സ്കൂളുകൾക്ക് തിളക്കമാർന്ന വിജയം

ഇക്കഴിഞ്ഞ സി.ബി.എസ്.ഇ 10-ാം ക്ലാസ് പരീക്ഷയിൽ കൂടാളി, പഴയങ്ങാടി ഫസ്‌ലെ ഉമർ സ്കൂളുകളിലെ 50 ശതമാനം വിദ്യാർഥികൾക്കും **A+** (100 ശതമാനം) മാർക്ക് ലഭിച്ചു. കൂടാളി സ്കൂളിൽ 26 വിദ്യാർഥികൾ പരീക്ഷ എഴുതിയതിൽ 13 വിദ്യാർഥി കൾക്ക് നൂറു ശതമാനം മാർക്കും 9 വിദ്യാർഥികൾക്ക് 90 നും 98 നും മദ്ധ്യേ ശതമാനം മാർക്കും ലഭിച്ചു. കഴിഞ്ഞ 3 വർഷങ്ങളായി കൂടാളി സ്കൂളിന് മാനവ വിഭവ ശേഷി മന്ത്രാലയ ത്തിന്റെ പ്രത്യേക പുരസ്ക്കാരം ലഭിച്ചു വരുന്നു.

പഴയങ്ങാടി സ്കൂളിൽ പരീക്ഷ എഴുതിയ 12 വിദ്യാർഥികളിൽ 6 പേർക്ക് നൂറു ശതമാനവും 4 വിദ്യാർഥികൾക്ക് 90 നും 97 നും മദ്ധ്യേ ശതമാനവും 2 വിദ്യാർത്ഥികൾക്ക് 85 ശതമാനവും മാർക്കുകൾ ലഭിച്ചു. കണ്ണൂർ ജില്ലയിലെ പ്രശസ്തമായ സ്കൂളുകളെ പിന്തള്ളിക്കൊണ്ടുള്ള വിജയമാണ് ഫസ്‌ലെ ഉമർ സ്കൂളുകൾക്ക് ലഭിച്ചതെന്ന് ഫസ്‌ലെ ഉമർ എഡ്യുക്കേഷൻ ബോർഡ് ചെയർമാൻ യു. മൻസൂർ അഹ്മദ് സാഹിബ് അറിയിച്ചു.

## ഖുർആൻ പാരായണം പൂർത്തിയാക്കി



കണ്ണൂർ ടൗൺ ജമാഅത്തിലെ മൻസൂർ മുഹമ്മദ് സാഹിബിന്റെയും നസീറ മൻസൂർ സാഹിബയുടേയും മകൾ സഅദിയ മൻസൂർ (6 3/4 വയസ്സ്) ഖുർആൻ ഖത്തം പൂർത്തിയാക്കി. സഅദിയ വഖ്ഫെനൗ അംഗമാണ്.

## വിശുദ്ധ ഖുർആൻ ഹൃദിസ്ഥമാക്കി



കൊടിയത്തൂരിലെ എം.സി. മുഹമ്മദ് സാഹിബിന്റെ മകൻ സിറാജുദ്ദീൻ സാഹിബിന്റെയും കോഴിക്കോട്ടെ പി.വി. അഹ്മദ് കോയാ സാഹിബിന്റെ മകൾ യു. നദീറ സാഹിബയുടേയും മകൻ മാസ്റ്റർ മുഹമ്മദ് നിശാൻ ഖാദിയാനിലെ മദ്രസാ അഹ്മദിയാ യിൽ വെച്ച് വിശുദ്ധ ഖുർആൻ പൂർണമായും മനപ്പാഠമാക്കി ഹാഫിസ് പട്ടം കരസ്ഥമാക്കി. മൂന്ന് വർഷം കൊണ്ടാണ് ഈ മിടുക്കൻ ഖുർആൻ മനപ്പാഠമാക്കിയത്. പതിമൂന്നുകാരനായ മാസ്റ്റർ നിശാനെ മുഖറം നിശാൻ എന്ന് അഭിസംബോധന ചെയ്ത് ഖലീഫത്തുൽ മസീഹ് അഭിനന്ദനമറിയിക്കുകയുണ്ടായി.

www.alislam.org



അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ യുവജന സംഘടനയായ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ എറണാകുളം ജില്ലയുടെ ആഭിമുഖ്യത്തിൽ മുവാറ്റുപുഴ ഗവ: ഹോസ്പിറ്റലിൽ വെച്ച് ജൂൺ 5ന് നടന്ന ലോകപരിസ്ഥിതി ദിനാചരണം മുവാറ്റുപുഴ എം.എൽ.എ ശ്രീ. എൽദോ എബ്രഹാം വൃക്ഷത്തൈ നട്ടുകൊണ്ട് ഉദ്ഘാടനം ചെയ്യുന്നു. ജില്ലാ ഖാഇദ് മുഹമ്മദ് സഫ്‌വാൻ, മുവാറ്റുപുഴ ജമാഅത്ത് പ്രസിഡന്റ് ശംസുദ്ദീൻ, ഖാഇദ് റഹ്മത്തുല്ലാ തുടങ്ങിയവർ സമീപം.




കടലായി മജ്‌ലിസ് അൻസാറുല്ലായുടെ നേതൃത്വത്തിൽ കടലായി സൗത്ത് യു.പി സ്കൂളിൽ വെച്ച് പാവപ്പെട്ട കുട്ടികൾക്കുള്ള സൗജന്യ പുസ്തകവിതരണ ഉദ്ഘാടനം മുൻ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. കെ.വി. രവീന്ദ്രൻ നിർവഹിക്കുന്നു. കടലായി ജമാഅത്ത് പ്രസിഡന്റ് സി.എച്ച്. അഹ്മദ് റശീദ്, അൻസാറുല്ലാഹ് സയീം എം.സി. ഉസ്മാൻ എന്നിവർ സമീപം.

## ഉന്നത വിജയം കരസ്ഥമാക്കി

മാത്ര അഹ്മദിയ്യാ ജമാഅത്തംഗവും തലശ്ശേരി എം.ഇ.എസ് സ്കൂൾ വിദ്യാർഥിനിയുമായ ആലിയാ അമീൻ ഇക്കഴിഞ്ഞ സി ബി എസ് ഇ 10-ാം ക്ലാസ് പരീക്ഷിൽ എല്ലാ വിഷയത്തിലും **A+** (100 ശതമാനം) മാർക്ക് കരസ്ഥമാക്കി. ആലിയാ അമീൻ ഇപ്പോൾ കമ്പളക്കാട് ജമാ അത്തംഗമാണ്. കമ്പളക്കാട് ജമാഅത്ത് മുബല്ലിഗ് അമീൻ മുഹമ്മദ് മാത്രയുടേയും ലക്ഷദ്വീപ് ജമാഅത്തംഗം സലീമാ അമീന്റെ യും പുത്രിയാണ്. 2013 ൽ ഇന്റർ നാഷണൽ ഒളിമ്പ്യാട് ഫോർ മാത്തമാറ്റിക്സിൽ നാലാം റാങ്ക് നേടിയ അമത്തുൽ വക്കീൽ സഹോദരിയാണ്.

**Published on 7 July 2016** Pages 44 Vol: 88 Issue. 7
Price Rs. **30/-**
Registered. Reg.No. 3332/1957, Postal Reg.No. KL/EKM/726/2015-17
Licence No. KL/CR/EKM/WPP-12/2015-17. Licensed to Post Without Prepayment

**The Sathyadoothan Monthly**

INTERNATIONAL
Muslim Television Ahmadiyya International




www.mta.tv www.youtube.com/mtaonline1 www.alislam.org

**അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് എന്ന ദൈവീക പ്രസ്ഥാനത്തെപ്പറ്റി**
**കൂടുതൽ അറിയാൻ ബന്ധപ്പെടുക**

1800 425 2020 **Toll Free (9 am to 9 pm)**